# മൈത്രേയി

എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akademi

# മൈത്രേയി

വൈദിക കാലത്തെ ഹിന്ദുക്കളുടെ
മതം, സമുദായനടപടി ഇവയെ കാണിക്കുന്ന
ഒരു കഥ.

പരിഭാഷകൻ,

## എൻ. കുമാരൻ ആശാൻ

5-പതിപ്പ് കോപ്പി [illegible]

*(Copy Right Reserved)*

സഹോദരൻ പ്രസ്സ്, എറണാകുളം.

വില 8 അണ.

**1953**

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയങ്ങൾ

—*—


| | പേജ് |
|---|---|
| ബഹുമാനം | 1 |
| സപത്നികൾ | 17 |
| ആത്മാനാത്മവിവേകം | 31 |
| ജീവാത്മാവും പരമാത്മാവും | 48 |
| ജനകപുരത്തെ വിദ്യാലയം | 65 |
| ആര്യരും അനാര്യരും | 74 |
| സ്വയംവരം | 87 |


Digitized By Kerala Sahitya Akademi

[illegible]

[illegible]

Digitized By Kerala Sahitya Akademi

# മുഖവുര

ഈ കഥ ഞാൻ "വിവേകോദയം" മാസികയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തി പൂർത്തിയാക്കീട്ടുള്ളതാണ്. ഇതിന്റെ ഇംഗ്ലീഷ് മൂലത്തിന്റെ കർത്താവ് പണ്ഡിതസീതാനാഥതത്വഭൂഷണൻ അവർകളാകുന്നു. അദ്ദേഹം ഒരു ബംഗാളിയും ഇന്നു ജീവിച്ചിരിക്കുന്ന തത്വജ്ഞാനികളുടേയും ഗ്രന്ഥകാരന്മാരുടേയും ഇടയിൽ പ്രധാനമായ ഒരു സ്ഥാനത്തെ അർഹിക്കുന്ന യോഗ്യനമാണ്. ഈ കല്പിതകഥ ബൃഹദാരണ്യകോപനിഷത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന ചില സംഭവങ്ങളേയും, അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വേദാന്തതത്വങ്ങളേയും ആധാരമാക്കി എഴുതീട്ടുള്ളതാകുന്നു. "ചാതുർവർണ്യം മയാ സൃഷ്ടം ഗുണകർമ്മവിഭാഗശഃ" എന്ന ഗീതാവചനത്തെ അടിസ്ഥാനമാക്കിവേണം ഉത്തരവാദികളായ ഹിന്ദുപൌരന്മാർ സാമുദായികകൃത്യങ്ങളിൽ പ്രവർത്തിക്കേണ്ടതെന്നുള്ള അഭിപ്രായമാണ് ഗ്രന്ഥകർത്താവിനെ പ്രധാനമായി ഇതിലേക്കു പ്രേരിപ്പിച്ചതെന്നുതോന്നും. പ്രാചീന ഹിന്ദുക്കളുടെ ഇടയിൽ സ്ത്രീകൾക്കുണ്ടായിരുന്ന മാന്യസ്ഥിതിയും, വിദ്യാഭ്യാസത്തിൽ അവർഎത്തിയിരുന്ന സ്ഥാനവും മതസംബന്ധമായ ചിന്തകളിൽ അവർക്കുണ്ടായിരുന്ന സ്വാതന്ത്ര്യവും, യോഗ്യതയും എത്ര അഭിലഷണീയമായിരുന്നു എന്നു വാനക്കാർക്കു് ഇതിൽ നിന്നു അറി

Digitized By Kerala Sahitya Akademi

യാം. ദുൎഗ്രാഹ്യമായ അദ്വൈതരഹസ്യം ഇതിലെ മൂന്നും നാലും അദ്ധ്യായങ്ങളിൽ കാണുന്ന സരസസംഭാഷണത്തിൽനിന്നു മനസ്സിലാകുന്നത്ര വെടിപ്പായും വെളിവായും പ്രൗഢഗ്രന്ഥങ്ങളിൽനിന്നു് ഗ്രഹിപ്പാൻ വിഷമമാണു്. വേദാന്തവിഷയങ്ങളിൽ രസമില്ലാത്തവൎക്കും—ഗ്രന്ഥകൎത്താവുതന്നെ പറഞ്ഞിട്ടുള്ളതുപോലെ—ആ രണ്ടദ്ധ്യായങ്ങളും തള്ളിക്കളഞ്ഞാൽ തടവുകൂടാതെ ഇതിലെ കഥാരസം പൂൎത്തിയായും അനുഭവിക്കാം. അതുകൊണ്ടു് അങ്ങിനെയുള്ള വായനക്കാൎക്കുകൂടി അനാസ്ഥയുണ്ടാകേണ്ടതില്ല. ചെറുതാണെങ്കിലും വൈദികകാലത്തെ ഹിന്തുക്കളുടെ ചരിത്രം, മതം, നടപടി ഇവയെ ഇത്ര തന്മയത്വത്തോടെ വൎണ്ണിക്കുന്ന ഒരു ആഖ്യായിക ഇംഗ്ലീഷിൽതന്നെ വേറെ ഉണ്ടെന്നു തോന്നുന്നില്ല മലയാളസാഹിത്യത്തിൽ ഇത്തരം ഗ്രന്ഥത്തിന്റെ അഭാവത്തെപ്പററി പറയേണ്ടതില്ലല്ലോ. ഈ സംഗതിയാണു് തൎജ്ജിമയിൽ എന്നെ പ്രേരിപ്പിച്ചതു്. തത്വഭൂഷണൻഅവൎകൾ ഇതിന്റെ മൂലഗ്രന്ഥംകൊണ്ടു ഉദ്ദേശിച്ച ഫലം ഇംഗ്ലീഷ് അറിയാത്ത മലയാളി ഹിന്തുക്കൾക്കു് ഈപരിഭാഷകൊണ്ടു സിദ്ധിച്ചെങ്കിൽമതി.

തിരുവനന്തപുരം.<br>3_3_1913.

എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akademi

# മൈത്രേയി.

വൈദികകാലത്തെ

## ഒരു കഥ.

---

### അദ്ധ്യായം 1.

#### ബഹുമാനം.

ഞാൻ പറയുന്ന കഥ മനസ്സിലാകുന്നതിനു് വായനക്കാർ മദ്രാസ് സംസ്ഥാനത്തോ മറേറാ ഉള്ളവരായിരുന്നാലും മനോരഥമാർഗ്ഗമായി *ബിഹാറിയിലേക്കു് സ്ഥലം മാറിക്കൊള്ളേണ്ടതാണു്. ആ വാഹനത്തെത്തന്നെ, ഉദ്ദേശം ഒരു നാലു സഹസ്രവർഷകാലത്തെ അതിക്രമിച്ചുപോകുന്നതിനും അവർ ഉപയോഗിച്ചുകൊള്ളേണ്ടതാണു്. കാരണം, പുരാതനമായ ഉപനിഷത്തുകളിൽ പ്രതിപാദിതങ്ങളും ആ ശാസ്ത്രങ്ങളുടെ രചനയ്ക്കു ഹേതുഭൂതങ്ങളുമായ പൂർവ്വസംഭവങ്ങൾ നടന്നുകൊണ്ടിരുന്ന കാലത്തെപ്പററിയാണ് ഞാൻ പറയുന്നതു്. നമുക്കു മിഥിലയിലെ പുരാതന നഗരമായ ജനകപുരത്തിന്റെ പരിസരങ്ങളിൽ നില്ക്കാം. അല്ലെങ്കിൽ സങ്കല്പമാകുന്ന ചിറകു വിരുത്തു്, ആകാശത്തിലൂടെ ആ നഗരത്തിന്റെ ചുററും പറക്കാം. അതു നമ്മുടെ ദർശനവ്യാപ്തിയെ അധികം വർദ്ധിപ്പിക്കും; നമ്മുടെ ചുററും നടന്നുകൊണ്ടിരിക്കുന്ന സംഗതികളെ

---

* പഴയ മിഥില

Digitized By Kerala Sahitya Akademi

നല്ലവണ്ണം കണ്ടറിയുന്നതിന്നു നമ്മെ അധികം സഹായിക്കുകയും ചെയ്യും. ജനകപുരം—ഞാൻ വായനക്കാരെ ഓർമ്മപ്പെടുത്തേണ്ട ആവശ്യകതയില്ല—പുരാതനകാലത്തെ വിദ്യാഭ്യാസത്തിൻെറ വലിയ പ്രോത്സാഹകനും, വൈദികശാസ്ത്രവിഷയത്തിൽ യാജ്ഞവൽക്യമഹർഷിയുടെ സഹചരനും, സുഹൃത്തുമായ രാജർഷിയുടെ നഗരമായിരുന്നു. പില്ക്കാലത്തെ ഇതിഹാസങ്ങൾ സീതാദേവിയുടെ പിതാവായും ശ്രീരാമൻെറ ശ്വശുരനായുംകൂടി ആ രാജർഷിയെ വിണ്ണുകുന്നുണ്ടു്. പ്രാചീനമായ ജനകനഗരത്തിൻെറ പ്രാന്തങ്ങളിൽ ഇടയ്ക്കിടെ ചെറിയ കുന്നുകളോടുകൂടിയ ശൂന്യപ്രായമായ ഒരു മൈതാനത്തിന്മേൽ മുൻപ്രസ്താവിച്ചപോലെ നമുക്കു ആകാശത്തിലൂടെ പറക്കാം. വസന്തസമയത്തുള്ള ഒരു പ്രസന്നമായ പുലർകാലമാണു്. ഉദിച്ചിട്ടു ഒന്നര മണിക്കൂറേ ആയിട്ടുള്ളു. മൂന്നു പാന്ഥന്മാർ മൈതാനത്തിൽകൂടെ മന്ദമായി നടന്നു നഗരത്തിലേക്കു പോകുന്നതായി നാം കാണുന്നു. മൂന്നുപേരും പൊക്കമുള്ളവരും ദൃഢശരീരന്മാരുമാണു്—ബിഹാരിലെ ആധുനികനിവാസികളേക്കാൾ വളരെ ഭേദിച്ചിട്ടാണു്. അവരിൽ രണ്ടുപേർ അക്കാലത്തെ രീതിയനുസരിച്ചുള്ള ആയുധങ്ങൾ ധരിച്ചിരിക്കുന്നു; ഓരോരുത്തനും കൈയിൽ ഓരോ വില്ലുണ്ടു്. അസ്ത്രങ്ങൾ നിറഞ്ഞ ഓരോ ആവനാഴി തോളിൽ തൊടുത്തി മുതുകിൽ താങ്ങിയിരിക്കുന്നു. ഉറയിലിട്ട ഓരോ വാൾ അരയിൽ തൂങ്ങിക്കിടക്കയും ചെയ്യുന്നു. ഒററ നോട്ടംകൊണ്ടു് അവരെ ഏതു വർഗ്ഗത്തിൽപ്പെട്ടവരാണെന്നു തിരിച്ചറിയാം—ക്ഷത്രിയരാണു്. മൂന്നാമത്തെ ആൾ ഉടുപ്പിൻെറ മോടിയില്ലായ്മയും, മുഖത്തിൽ സ്ഫുരിക്കുന്ന സഗൌരവമായ ഉത്സാഹവും, വാക്കി

Digitized By Kerala Sahitya Akademi

ൻെറ അത്യന്തമായ ശ്രദ്ധിയുംകൊണ്ടു് ഒരു പണ്ഡിത നായ ബ്രാഹ്മണനാണെന്നു എളുപ്പത്തിൽ തീർച്ചയാക്കാം. അദ്ദേഹം വാസ്തവത്തിൽ രാജാവിൻെറ ഒരു വിശ്വസ്ത മന്ത്രിയായ മിത്രനെന്ന ഋഷി അല്ലാതെ മററാരും അല്ലായിരുന്നു. രാജാവു തന്നെ ഭാരമേല്പിച്ചിരുന്ന ഏതോ പ്രധാന കാര്യം നിർവ്വഹിപ്പാനായി അടുത്ത ഒരു നഗരത്തിലേക്കു പോയി, അദ്ദേഹം ഈ യോദ്ധാക്കളുടെ അകമ്പടിയോടുകൂടെ ജനകപുരത്തുള്ള സ്വഗൃഹത്തിലേക്കു മടങ്ങുകയായിരുന്നു. ഈ രണ്ടു ക്ഷത്രിയന്മാരുടെ സ്ഥിതിയേയും യോഗ്യതയേയുംപററി കഥ മേല്പോട്ടുപോകുമ്പോൾ നമുക്കു കുറെക്കൂടി അറിയാം. ഈ മൂന്നു പാന്ഥന്മാരും ഒരു സംഭാഷണത്തിൽ നിമഗ്നരായിരിക്കയാണു്. തല്ക്കാലം നമുക്കു അതിൻെറ ഒരു ഭാഗം കേൾക്കാം. ക്ഷത്രിയരിൽ ഒരാൾ ഋഷിയോടായിട്ടു ഇങ്ങിനെ പറയുന്നു:—

""പൂജ്യപാദരേ, ഞാൻ കാശിയിൽനിന്നു മടങ്ങി വന്നതുമുതൽ അവിടത്തെ മുഖത്തു ഒരു പ്രത്യേക ചിന്തയുടെ ലക്ഷണം കണ്ടുകൊണ്ടിരിക്കുന്നു. ഇപ്പോഴും നമ്മുടെ ഈ സംഭാഷണത്തിൻെറ മദ്ധ്യത്തിൽ അവിടത്തെ ഹൃദയം വിഷയാന്തരത്തിൽ സഞ്ചരിച്ചുകൊണ്ടും, അന്വേഷമായും ഇരിക്കുന്നതു ഞാൻ സൂക്ഷിക്കുന്നു. ഞങ്ങളോടു് തുറന്നു പറയുന്നതിനു വിരോധമില്ലെങ്കിൽ അവിടത്തെ ചിന്തയുടെ കാരണം ഞങ്ങളെ അറിയിച്ചാൽ ഞങ്ങൾ അവിടത്തെ നേക്കു ഏററവും കൃതജ്ഞരായിരിക്കും.''

മിത്രൻ:— "യജ്ഞദത്താ, നിങ്ങളിലും വിഷ്ണുമിത്രനിലുംനിന്നു മറച്ചുവയ്ക്കേണ്ടതായി എനിക്കു ഒന്നുംതന്നെയില്ല. വിഷ്ണുമിത്രൻ ആ മഹാസഭ

Digitized By Kerala Sahitya Akademi

കഴിഞ്ഞു പിരേററന്നതന്നെ, എൻെറ ചിന്തയെ സൂചിപ്പിക്കയും, അതിൻെറ കാരണത്തെ അന്വേഷിക്കയും ചെയ്തിരുന്നു. അതിനെപ്പററി പിന്നീട് സംസാരിക്കാമെന്നു അദ്ദേഹത്തോട് ഞാൻ പറഞ്ഞു. എന്നാൽ ഇതുവരെ അതിന്നു സൌകര്യമുണ്ടായില്ല. ഇപ്പോൾ നിങ്ങൾ രണ്ടാളേയും ഒന്നിച്ചു കിട്ടാനും നിർബ്ബാധമായി സംസാരിപ്പാനും തരമായതുകൊണ്ടു് എൻെറ ഹൃദയത്തെ നിങ്ങൾക്കു തുറന്നു കാണിക്കുന്നതിന്നു ഒരു വിരോധവുമില്ല.''

യജ്ഞദത്തൻ:— "ഏതു് മഹാസഭയെപ്പററിയാണ് അങ്ങു സംസാരിക്കുന്നതു്? ഞാൻ സ്ഥലത്തില്ലായിരുന്നു. അതിനെ സംബന്ധിച്ചു ഒന്നും കേട്ടുമില്ല. ഞാൻ കാശിക്കു പുറപ്പെട്ടപ്പോൾ കൊട്ടാരത്തിൽ ഒരു വലിയ യാഗത്തിന്നുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നതു കണ്ടു. ആ അടിയന്തരത്തോട് സംബന്ധിച്ച വല്ല സഭയേയുംപററി ആയിരിക്കുമോ അങ്ങു പറയുന്നതു്?''

വിഷ്ണുമിത്രൻ:— "നിങ്ങൾ ഇല്ലായിരുന്നതു നിങ്ങൾക്കു വലിയ നഷ്ടമാണ്. അതുപോലെ ഒരു സഭ ഞാൻ കണ്ടിട്ടില്ല. * അതിന്നു തുല്യമായ ഒന്നിനെക്കുറിച്ചു ഞാൻ ഒരിക്കലും കേട്ടിട്ടുമില്ല.''

യജ്ഞദത്തൻ:— "നമ്മുടെ പണ്ഡിതന്മാരിൽ ആരാണ് ആ സഭയിൽ പ്രസംഗിച്ചതു്?''

വിഷ്ണുമിത്രൻ:— "ഉയർന്നതരം പണ്ഡിതന്മാരുടെ കൂട്ടത്തിൽ ആരുംതന്നെ മൌനമായിരുന്നില്ല. എ

* ബൃഹദാരണ്യക ഉപനിഷത്തു മൂന്നാം അദ്ധ്യായം നോക്കുക.

Digitized By Kerala Sahitya Akademi

ന്നാൽ ശ്രീമതി ഗാർഗ്ഗിയുടെ പ്രസംഗവും അവ രുടെ ചോദ്യങ്ങൾക്ക യാജ്ഞവല്ക്യമഹർഷി പറ ഞ്ഞ മറുപടിയുമാണ് പ്രസംഗങ്ങളുടെ കൂട്ടത്തി ൽ ഏററവും പ്രസ്താവയോഗ്യമായിരിക്കുന്നതു്''

യജ്ഞദത്തൻ:— "എന്തായിരുന്നു വാദവിഷയം?''

വിഷ്ണുമിത്രൻ:— "ഒരു പ്രത്യേക വിഷയവും മുൻകൂട്ടി നിശ്ചയിച്ചിരുന്നില്ല. കൂടിയിരുന്നവർ മഹ ർഷിയോട് പല വിഷയങ്ങളെ സംബന്ധിച്ചു പല ചോദ്യങ്ങളും പുറപ്പെടുവിച്ചു. ചോദ്യങ്ങ ൾ മഴക്കാലത്തെ വർഷധാരകൾപോലെ ആയിരു ന്നു. ഈ ചോദ്യങ്ങൾക്കൊക്കെ മറുപടി പറയു ന്നതിനായി അദ്ദേഹം പല വിഷയങ്ങളേയും പരാമർശിക്കേണ്ടിവന്നു. ശ്രീമതി ഗാർഗ്ഗി ബ്രഹ്മ ത്തിൻെറ സർവ്വവ്യാപകതയേയും, ഉദ്ദാലകമഹ ർഷി ബ്രഹ്മത്തിൻെറ "അന്തര്യാമി''ത്വത്തേയും പററി ചോദ്യങ്ങൾ ചെയ്തു. ചോദ്യങ്ങളേയും അവയ്ക്ക യാജ്ഞവല്ക്യമഹർഷി പറഞ്ഞ മറുപടി കളുടെ താല്പര്യത്തേയും പററി സമയം കിട്ടു മ്പോൾ ഞാൻ നിങ്ങളോട് വിസ്തരിച്ചു പറ യാം. ബ്രഹ്മതത്വത്തെപററി അദ്ദേഹം ആ സന്ദ ർഭത്തിൽ പ്രസ്താവിച്ചപോലെ ഇത്ര മനോഹര മായ ഒരു വിവരണം അതിനുമുമ്പോ പിമ്പോ ഒരിക്കലും ഞാൻ കേട്ടിട്ടില്ല.''

യജ്ഞദത്തൻ:— എന്താണ് മററുള്ളവരെല്ലാം അദ്ദേ ഹത്തോട് എതിർക്കാൻ?''

മിത്രൻ:— "ആദ്യം അദ്ദേഹത്തിൻെറ പ്രവൃത്തി അല്പം സാഹസമായിരുന്നു. എന്നാൽ എന്താ

Digitized By Kerala Sahitya Akademi

യാലും അതിന്റെ ഫലം വളരെ നന്നായി. യാജ്ഞവല്ക്യന്റെ പാണ്ഡിത്യവും ആദ്ധ്യാത്മികാനുഭവങ്ങളും ആ സ്മരണീയമായ സഭയെ ഒഴിച്ചു മറ്റൊരു അവസരത്തിലും ഇത്ര ഉജ്ജ്വലിച്ചു കൊണ്ടു് പുറത്തേക്കു് പ്രസരിച്ചിട്ടില്ല. അദ്ദേഹത്തിനു ഇപ്പോഴും ചെറുപ്പമാണു്. മുപ്പതു വയസ്സേ ആയിട്ടുള്ളു. ജീവിതത്തിന്റെ ആരംഭത്തിൽതന്നെ വിവേകശക്തിയുടെ പ്രഭാവം ഇതാണെങ്കിൽ അദ്ദേഹം പൂർണ്ണപുരുഷത്വം പ്രാപിക്കുമ്പോൾ അതു എത്ര കേമമായിരിക്കും. വൈശമ്പായനമഹർഷി ഇത്ര യോഗ്യനായ ഒരു ശിഷ്യനോടു് പിണങ്ങുകയും ഇദ്ദേഹത്തിനു ശിഷ്യത്വത്തെ അനുവദിക്കാതിരിക്കയും ചെയ്തതു ആശ്ചര്യമായിരിക്കുന്നു" *

യജ്ഞദത്തൻ:— "അതു് ഒരുപ്രകാരത്തിലും യാജ്ഞവല്ക്യക്കു ദോഷകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. നമുക്കുതന്നെയും അതു ഒരു നഷ്ടത്തേയും ഉണ്ടാക്കുകയില്ല. വൈശമ്പായനർ പഠിപ്പിച്ച വേദം "കൃഷ്ണയജുർവ്വേദം" ആണെന്നു യാജ്ഞവല്ക്യർ നിർവ്വചിച്ചതു ശരിയാണു്. ഞാൻ അദ്ദേഹത്തിന്റെ ശിഷ്യജനങ്ങളിൽ ചിലരിൽനിന്നു ആ വേദം കേട്ടിട്ടുണ്ടു്. മന്ത്രവും ബ്രാഹ്മണവും (മൂലവും വ്യാഖ്യാനവും) കൂടി ഒരു

---

* യജുർവ്വേദം, ശുക്ലം കൃഷ്ണം എന്നു രണ്ടു ശാഖയായി പിരിച്ചിരിക്കുന്നു. ഇതിൽ കൃഷ്ണയജുർവ്വേദം വൈശമ്പായനന്റെ നാമത്തിലും ശുക്ലയജുർവ്വേദം യാജ്ഞവല്ക്യന്റെ നാമത്തിലുമാണു് പ്രസിദ്ധമായിരിക്കുന്നതു്. ഇതു സംബന്ധിച്ചു ഗുരുവായ വൈശമ്പായനൻ യാജ്ഞവല്ക്യനുമായി എതിർക്കേണ്ടിവന്നുവത്രെ.

Digitized By Kerala Sahitya Akademi

വിലക്ഷണമായ രീതിയിൽ കൂട്ടിക്കുഴച്ചു മിശ്രമാക്കിയിരിക്കുന്നു. അതുകൊണ്ടു് അതിനെ അദ്ധ്യയനം ചെയ്യുന്നതു ഒരു ഇരുട്ടമുറിയിൽ പ്രവേശിക്കുന്നതുപോലെ ആണു്. അങ്ങിനെയുള്ള ഒരു വേദത്തെ കൃഷ്ണം (കറുത്തതു) എന്നു പറയുന്നതു എത്രയും യുക്തംതന്നെ. അവിടത്തെ സഹായത്തോടുകൂടി യാജ്ഞവല്ക്യമഹർഷി ഇപ്പോൾ സന്ധാനം ചെയ്യുകൊണ്ടിരിക്കുന്ന ശുക്ലയജുർവ്വേദം ആ നാമത്തിനു അർഹമായിരിക്കുമെന്നു ഞാൻ ആശംസിക്കുന്നു. എങ്ങിനെ എങ്കിലും ഈ വിഷയത്തെപ്പററി കുറേക്കൂടി വിശേഷമായി മറെറാരവസരത്തിൽ അന്വേഷിക്കണമെന്നു എനിക്കു ആഗ്രഹമുണ്ടു്. വിശ്വാമിത്രൻ പറയുന്നതുപോലെ ചോദ്യ"ധാരകൾ" മഹർഷിയുടെമേൽ വർഷിപ്പാൻ കാരണമെന്തായിരുന്നു എന്നു ഇപ്പോൾ അവിടന്നു ദയവുചെയ്തു പറഞ്ഞുകേട്ടാൽ കൊള്ളാം."

മിത്രൻ:— സഭ കൂടിയിരുന്ന ദിക്കിന്നടുത്തു കൊമ്പുകളിൽ പൊന്നുപൊതിഞ്ഞുള്ള ആയിരം പശുക്കളെ ഒരുക്കിനിറുത്തീട്ടു മഹാരാജാവു് സഭ്യന്മാരോടു് പറഞ്ഞു. "പൂജ്യരായ ബ്രാഹ്മണരെ, നിങ്ങളിൽ ബ്രഹ്മവിത്തമനായ ആൾക്കു് ഈ പശുക്കളെ കൊണ്ടുപൊയ്ക്കൊള്ളാം."

യജ്ഞദത്തൻ:— "ശിക്ഷയായി! തന്നത്താൻ ബ്രഹ്മവിത്തമനാണെന്നു ഘോഷിക്കാൻവേണ്ട അവിനയം ആർക്കാണുണ്ടാവുക?"

മിത്രൻ:— "അതാണ് യാജ്ഞവല്ക്യൻ ആദ്യം സ്വല്പം സാഹസം പ്രവർത്തിച്ചു എന്നു ഞാൻ പറ

Digitized By Kerala Sahitya Akademi

ഞ്ഞത്തു" അദ്ദേഹത്തിന്റെ പശുക്കളോടുള്ള പ്രതിപത്തി നിങ്ങൾക്കറിയാമല്ലൊ. അതു വർദ്ധിച്ചു ഒരു ചാപലൃമായിത്തന്നെ തീൎന്നിട്ടുണ്ടു് എല്ലാവരും മൌനം ദീക്ഷിക്കുന്നതും, പശുക്കളെ ആരും ആവശ്യപ്പെടാത്തതും കണ്ടിട്ടു അദ്ദേഹം തന്റെ ശിഷ്യരിൽ ഒരുത്തനോടു്, "പ്രിയമുള്ള കുട്ടീ! നീ ഈ പശുക്കളെ തെളിച്ചു എന്റെ ആശ്രമത്തിലേയ്ക്കു കൊണ്ടുപൊയ്ക്കോൾക" എന്നു പറഞ്ഞു.

യജ്ഞദത്തൻ:— "ഹറ! എന്തു സാഹസമാണു്

മിത്രൻ:— "അദ്ദേഹത്തിന്റെ നടത്ത എല്ലാവൎക്കും സാഹസമായിതന്നെതോന്നി. സഭമുഴുവൻ ഉച്ചത്തിലെല്ലെങ്കിലും ക്രോധയുക്തമായ ഒരു സംസാരം നടക്കുകയും ചെയ്തു. ഒടുവിൽ മഹാരാജാവിന്റെ ഹോതാവായ അശ്വലൻ തന്റെ കോപവികാരത്തെ വെളിപ്പെടുത്തിക്കൊണ്ടു് യാജ്ഞവല്ക്യനോടു് ഇങ്ങിനെ ചോദിച്ചു.—'മാന്യരെ! താങ്കളാണു് നമ്മെ എല്ലാവരേയുംകാൾ ബ്രഹ്മവിത്തമൻ എന്നു താങ്കൾ വാസ്തവമായും വിചാരിക്കയാണോ?' യാജ്ഞവല്ക്യൻ പറഞ്ഞു. 'ബ്രഹ്മവിത്തമനായ ആളിന്നായി ഞാൻ നമസ്കരിക്കുന്നു. എന്നാൽ വാസ്തവത്തിൽ ഈ പശുക്കളെ കിട്ടേണമെന്നു എനിക്കു ആഗ്രഹമുണ്ടു് പക്ഷെ എന്നോടു് ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഞാൻ മറുപടി പറകയാണെങ്കിൽ ഇവയെ ഞാൻ എടുത്തുകൊള്ളുന്നതിൽ നിങ്ങൾക്കു വിരോധമുണ്ടാകയില്ലല്ലൊ. എന്നോടു് ചോദിച്ചുകൊള്ളുവിൻ! എനിക്കതു വളരെ സന്തോഷമാണു്

Digitized By Kerala Sahitya Akademi

വിഷ്ണുമിത്രൻ പറയുന്ന ചോദ്യധോരണിക്കു നിമി
ത്തം ഇതാണ്; നിങ്ങൾക്കു സൌകര്യമുള്ളപ്പോ
ൾ അദ്ദേഹത്തിൻെറ അടുക്കൽനിന്നു ആ സംഗ
തി മുഴുവനും കേട്ടുകൊള്ളാം."

യജ്ഞദത്തൻ:— "ഞാൻ നിശ്ചയമായും അങ്ങിനെ
ചെയ്യും; എന്നാൽ ഇപ്പോൾ എൻെറ പ്രധാന
ചോദ്യത്തിനു് അങ്ങു ദയവുചെയ്തു മറുപടി പറ
യണം. സഭയെ പററിയ വിചാരങ്ങൾകൊ
ണ്ടു് അതു ഞാൻ മറന്നുപോകുന്നു. അവിടത്തെ
ചിന്തയ്ക്കു കാരണം എന്താണ്? നമ്മുടെ സംഭാ
ഷണത്തിനു വിഷയമായിരിക്കുന്ന സഭയ്ക്കു അതു
മായി എന്തു സംബന്ധമാണുള്ളതു്?"

മിത്രൻ:— "എൻെറ ചിന്തയ്ക്കു എൻെറ പുത്രിയാ
ണ് കാരണം; ഇപ്പോൾ അവൾക്കു പതിനെട്ടു
വയസ്സാണ് അവളെ വേളികഴിച്ചു കൊടുപ്പാ
ൻ എനിക്കു വളരെ സന്തോഷമുണ്ടായിരിക്കുമ
ല്ലോ; എന്നാൽ എനിക്കു അതു സാധിച്ചിട്ടില്ല."

വിഷ്ണുമിത്രൻ:—"അവിടേക്കു സാധിച്ചിട്ടില്ലെന്നു പറ
യുന്നതിൻെറ അർത്ഥം എന്തായിരിക്കും? അവി
ടത്തെ പുത്രിയെപ്പോലെ സുമുഖിയും ഉത്തമയു
മായ ഒരു കന്യകയെ കാണുന്നതു ദുർല്ലഭമാണ്
പിന്നെ അങ്ങു് നമ്മുടെ ഇടയിലുള്ള യുവതിക
ളിൽ മററാക്കും സുലഭമല്ലാത്തവിധം വിദ്യാ
ഭ്യാസവും അവക്കു നല്കിയിരിക്കുന്നു. മൈത്രേ
യി വേഗത്തിൽ തൻെറ ഇളയമ്മയായ ഗാർഗ്ഗി
യെപ്പോലെ ഉയൎന്ന നിലയിലുള്ള ഒരു പണ്ഡി
തയും വാഗ്മിനിയുമായിത്തീരുന്നതാണെന്നു എ

Digitized By Kerala Sahitya Akademi

ൻെറ സ്നേഹിതന്മാരോട് ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഇത്ര യോഗ്യത തികഞ്ഞ ഒരു യുവതിക്കു ഒരു അനുരൂപവരനെ ലഭിപ്പാൻ വല്ല പ്രയാസവുമുണ്ടോ? നമ്മുടെ നഗരം വിദ്വാന്മാരായ യുവാക്കന്മാരെക്കൊണ്ട് നിറഞ്ഞിരിക്കയാണല്ലൊ"

മിത്രൻ:— "വിദ്വാന്മാരും സുചരിതന്മാരുമായ യുവാക്കന്മാരുടെ കുറവില്ലതന്നെ. മൈത്രേയിയെ കൊടുത്തുകളവാൻ എനിക്കു സാധിക്കാഞ്ഞതു അതു കൊണ്ടല്ല. മൈത്രേയിയുടെ, നിങ്ങൾ ഇത്ര സ്തുതിച്ചുപറയുന്ന വിദ്യാഭ്യാസംതന്നെയാണ് അവളുടെ വിവാഹത്തിനു പ്രതിബന്ധമായി നില്ക്കുന്നതു്."

യജ്ഞദത്തൻ:— "എങ്ങിനെ?"

മിത്രൻ:— "വൈശമ്പായനനുമായി പിരിഞ്ഞതുമുതൽ യാജ്ഞവല്ക്യൻ ഒരു പുതിയ യജുൎവ്വേദത്തെ സന്ധാനം ചെയ്യാൻ എന്നോടുചേൎന്നു ഉദ്യമിച്ചു കൊണ്ടിരിക്കുകയാണെന്നു നിങ്ങൾക്കു അറിയാമല്ലോ. സന്ധാതാക്കളുടെ ഒരു ചെറിയ യോഗം ദിവസേന എൻെറ ആശ്രമത്തിൽ കൂടാറുണ്ട്. ഈ യോഗത്തിൽ ഞങ്ങൾ പലപ്പോഴും ഞങ്ങളുടെ പ്രധാന ജോലിയെ നീട്ടിവയ്ക്കുകയും, ബ്രഹ്മത്തിൻെറ സ്വഭാവം, ഉപാസനാക്രമങ്ങൾ മുതലായ ആദ്ധ്യാത്മിക വിഷയങ്ങളെപ്പററി വാദപ്രതിവാദങ്ങൾ നടത്തുകയുംചെയ്ക പതിവാണ്. ഈ വാദപ്രതിവാദങ്ങൾ ഞങ്ങൾക്കു ഏററവും ആഹ്ലാദകരവും, ജ്ഞാനാഭിവൃദ്ധികരവുമായിത്തീ

Digitized By Kerala Sahitya Akademi

ന്നിരിക്കുന്നു. അതുകൊണ്ടു് ഞങ്ങൾ അതിൽ ഗാഢനിമഗ്നരായിട്ടു പലപ്പോഴും ആഹാരവും, നിദ്രയുംതന്നെ വിസ്മരിച്ചുപോകാറുണ്ടു്. ഗാർഗ്ഗി യോഗത്തിൽ മിക്കവാറും മുടങ്ങാതെ ഹാജരുണ്ടായിരിക്കും. എൻെറ മകൾക്കു് എൻെറ പത്നീസഹോദരിയോടു് ദൃഢമായ പ്രണയബന്ധമുണ്ടെന്നു നിങ്ങൾക്കു അറിയാമല്ലൊ. അവളുടെ ഇളയമ്മ പോകുന്ന ദിക്കിലെല്ലാം നിയമേന അവൾക്കും പോയേ കഴിയൂ. ഈ രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലുംനിന്നു വിദ്വാന്മാർ ഒന്നായി സമാഗമിച്ചിരുന്ന ആ മഹാസഭയിൽകൂടിയും അവൾ ഗാർഗ്ഗിയോടൊന്നിച്ചു പോയിരുന്നു. അവൾക്കു ഗാർഗ്ഗിയുടെ അടുക്കൽ ഇരിക്കാൻ തരമായില്ല. അവൾ മററു മാന്യസ്ത്രീകളുടെ കൂട്ടത്തിൽ ആ വലിയ ചതുരശ്രശാലയുടെ വലത്തുവശത്തെ വരാന്തയിലാണിരിക്കേണ്ടിവന്നതു്. ഗാർഗ്ഗിയുടെ ആസനം അഭ്യാഗതന്മാരിൽ പണ്ഡിതതമന്മാരുടെ ഇടയിൽ ചതുരശ്രശാലയുടെ ഏററവും ഉള്ളിലത്തെ മണ്ഡലിയിൽ ആയിരുന്നു. ഏതായാലും എൻെറ മകളെ സംബന്ധിച്ചു എനിക്കു പറവാനുള്ളതു ഇതാണു്. അവളെപ്പോലുള്ള ഒരു ചെറിയ പെൺകിടാവിന്നു ഞങ്ങളുടെ വാദപ്രതിവാദവിഷയങ്ങളെക്കുറിച്ചു എന്തെങ്കിലും മനസ്സിലാകുമെന്നു ഞാൻവിചാരിച്ചില്ല. എന്നാൽ ഇപ്പോൾ അവൾ ദിവസംമുഴുവനും ഈ വിഷയങ്ങളെപ്പററി ചിന്തിക്കയും സംസാരിക്കയും ചെയ്തുതന്നെ കഴിച്ചുകൂട്ടുന്നതായി കാണുന്നു. ഇതാണു് അവളുടെ വിവാഹത്തെ തടുക്കുന്നതു്."

Digitized By Kerala Sahitya Akademi

വിഷ്ണുമിത്രൻ:— "അവിടത്തെ പുത്രി അവിടന്നു വിവരിക്കുംപോലെ അല്ലാതെ എങ്ങിനെയാണിരിക്കുക? അവർ പതിനെട്ടാമത്തെ വയസ്സിൽ ഒരു വൈദികശാസ്ത്രപണ്ഡിതയായിത്തീരുന്നതിൽ അത്ഭുതമൊന്നുമില്ല. എന്റെ ദീർഘദർശനം സഫലമാവാൻ പോകുന്നതായി തോന്നുന്നു. അവർ ഇളയമ്മയെപ്പോലെ ഒരു ബ്രഹ്മചാരിണിയാവാൻ ആഗ്രഹിക്കുന്നു എന്നാണോ അങ്ങു വിചാരിക്കുന്നതു്?

മിത്രൻ:— "മിക്കവാറും അങ്ങിനെതന്നെ. അവൾ പറയുന്നു. 'ഒന്നുകിൽ' ഞാൻ ഇളയമ്മയായ ഗാർഗ്ഗിയെപ്പോലെ ബ്രഹ്മചര്യവ്രതം സ്വീകരിക്കും, അല്ലെങ്കിൽ അവിടുത്തേക്കു് സാദ്ധ്യമാക്കാൻ കഴിയുന്നപക്ഷം ഞാൻ യാജ്ഞവല്ക്യമഹർഷിയെ വരിക്കും. ആ മഹാസഭ കഴിഞ്ഞതുമുതൽ ഈ അഭിപ്രായം അവളുടെ ഹൃദയത്തിൽ പ്രബലമായി വേരൂന്നിരിക്കയാണു്. എന്റെ ചിന്തയ്ക്കു ആ സഭയുമായുള്ള സംബന്ധം എന്താണെന്നു ഇപ്പോൾ നിങ്ങൾക്കു മനസ്സിലായല്ലോ."

യജ്ഞദത്തൻ:— "മനസ്സിലായി; എന്നാൽ അവിടത്തേക്കുള്ള പ്രയാസമെന്താണെന്നു എനിക്കു നല്ലവണ്ണം മനസ്സിലാകുന്നില്ല. അവിടത്തെ പുത്രിയെ സ്വീകരിക്കുന്നതിൽ യാജ്ഞവല്ക്യർക്കു അപരിമിതമായ സന്തോഷമേ ഉണ്ടായിരിക്കു എന്നാണു് എനിക്കു തോന്നുന്നതു്."

മിത്രൻ:— "നിങ്ങൾ അങ്ങിനെ പറയുന്നതു യാജ്ഞവല്ക്യരുടെ ഗൃഹ്യജീവിതത്തെപ്പററി അറിയാഞ്ഞിട്ടാണു്. പക്ഷെ അദ്ദേഹം ഒരു വേളികഴി

Digitized By Kerala Sahitya Akademi

ഞ്ഞ ആളാണെന്നുള്ളിടത്തോളം മാത്രം നിങ്ങ ൾ അറിയുന്നുണ്ടാവാം. അദ്ദേഹം വേട്ടിരിക്കു ന്നതു എൻെറ മാന്യ സുഹൃത്തായ കത്ത്യരുടെ മകളെ ആണ്. ഈ മാന്യയുവതി യാജ്ഞവ ല്ക്യന്നു മിക്കവാറും എല്ലാ സംഗതികളാലും ഒരു അനുരൂപയായ ഭാൎയ്യയാകുന്നു. അവൾ ഏററവും സൌന്ദൎയ്യവതിയായ ഒരു സ്ത്രീയാണ്; ഗൃഹഭരണ ത്തിൽ അതിസമൎത്ഥയാണ്; എല്ലാററിനുംമേലാ യി ഒരിക്കൽ കാണുകയൊ സംസാരിക്കുകയൊ ചെയ്തിട്ടുള്ളവൎക്കു പിന്നെ ഒരിക്കലും മറന്നുപോ കാൻ കഴിയാതിരിക്കത്തക്കവണ്ണം അത്ര കോമ ളവും മധുരവുമായ ഒരു സ്വഭാവവിശേഷവും അ വൾക്കുണ്ടു്. ഞാൻ എപ്പോഴെങ്കിലും യജ്ഞവ ല്ക്യൻെറ ഗൃഹത്തിൽ ചെന്നാൽ എത്ര മധുര മായ രീതിയിലാണ് അവൾ എന്നെ ഉപചരി ക്കുന്നതു്. ഹാർദ്ദമായ ബഹുമാനം വിനയ ത്തോട് കലൎന്നു വഴിഞ്ഞുള്ള മനോഹരമായ ഒരു മന്ദസ്മിതത്താൽ അവളുടെ മുഖം ഉടനെ തിള ങ്ങുന്നു. അതുകൊണ്ടു് അവളെക്കുറിച്ചു മനുഷ്യാ കൃതിയിലുള്ള ഒരു ദേവിയെന്നല്ലാതെ വിചാരി പ്പാൻ എനിക്കു കഴിയുന്നില്ല. യാജ്ഞവല്ക്യന്നു ഈ ഉൽകൃഷ്ടയായ ഭാൎയ്യയിൽ അപാരമായ അനു രാഗമുണ്ടെന്നു എനിക്കറിയാം. രണ്ടാമതൊരു വിവാഹത്തിനു അദ്ദേഹം പ്രേരിതനായാൽത ന്നെയും അങ്ങിനെ ഒന്നു ചെയ്തു ഇവരുടെ ഗൃഹ സ്ഥാശ്രമസുഖത്തിന്നു വൈകല്യം വരുത്തുക എ ന്നുള്ളതിനെപ്പററി വിചാരിപ്പാൻതന്നെ എനി ക്ക് കഴികയില്ല. വിശേഷിച്ചും എൻെറ മകൾ ബാലയും, ലോകപരിചയം ഇല്ലാത്തവളുമാണ്.

Digitized By Kerala Sahitya Akademi

അവറം എപ്പോഴും വിവേകപൂൎണ്ണമായിത്തന്നെ പ്രവൎത്തിക്കുമെന്നു എനിക്കു നിശ്ചയവുമില്ല."

യജ്ഞദത്തൻ—"ശ്രീമതി കാത്യായനിയെപ്പററി വിവരിച്ചപ്പോറം അങ്ങു ഒരു "മിക്കവാറ"മുപയോഗിച്ചല്ലൊ. അതുകൊണ്ടു അങ്ങു എന്താണ് അൎത്ഥമാക്കിയതെന്നു ദയചെയ്തു പറയുമോ?"

മിത്രൻ:—(പുഞ്ചിരിയോടുകൂടെ) കാത്യായനി യുവാവായ മഹൎഷിക്കു "മിക്കവാറും" എല്ലാസംഗതികളിലും ഒരു അനുരൂപയായ ഭാൎയ്യയാണെന്നു ഞാൻ പറഞ്ഞതിൻെറ അൎത്ഥം മറെറല്ലാകാൎയ്യങ്ങളിലും യോഗ്യത തികഞ്ഞിട്ടുണ്ടെങ്കിലും അവറംക്കു വൈദികശാസ്ത്രവിഷയങ്ങളിൽ അഭിരുചി കാണുന്നില്ലെന്നുള്ളതാണ്. അവറം ഭൎത്താവിനെ ശുശ്രൂഷിക്കുക, കുട്ടികളെ നോക്കുക, ഈ ഗൃഹകൃത്യങ്ങളിൽതന്നെ സദാജാഗരൂകയായിരിക്കുന്നു. അവറംക്കു എൻെറ പത്നിയേയും ഭാൎയ്യാസഹോദരിയേയുംപോലെ പാണ്ഡിത്യയുക്തമായ ജിജ്ഞാസ ഒന്നുമില്ല. *

യജ്ഞദത്തൻ:—"എന്നാൽ യാജ്ഞവല്ക്യരുടെ ഗൃഹത്തിൽ നമ്മുടെ മൈത്രേയിക്കു വേണ്ട സ്ഥലമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹത്തിൻെറ സുഖത്തിൽ ശ്രീമതി കാത്യായനിയാൽ ഒഴിച്ചിടപ്പെട്ടു ആ ഭാഗം ഇവക്കു പൂരിപ്പിക്കാമല്ലോ.''

മിത്രൻ:—"ആ ഭാഗത്തെ പൂരിപ്പിക്കയോ ഒഴിച്ചുതന്നെ ഇട്ടേക്കുകയോ ചെയ്യുക എന്നുള്ളതു യാജ്ഞ

---

* ബൃഹദാരണ്യം 11. 4. iv. 4.

Digitized By Kerala Sahitya Akademi

വല്ക്കപ്രന്റെ സ്വന്തകാൎയ്യമാണു്; മററുള്ളവർ അതിൽ തലയിടുന്നതെന്തിനു്?''

ഈ ഒടുവിലത്തെ വാക്യം ഉച്ചരിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യേതന്നെ മിത്രൻ നില്ക്കുകയും, ഭയവിഹ്വലനായി ഒരു പ്രത്യേകദിക്കിലേക്കു നോക്കുകയും ചെയ്തു. ഇതിനു വളരെ മുമ്പുതന്നെ ഈ പഥികന്മാർ, വൃക്ഷങ്ങൾ നിറഞ്ഞതും നിരപ്പേ ചെറിയ കുന്നുകളുള്ളതുമായ ഒരു ഇടുങ്ങിയ വഴിയിൽ കടന്നിരിക്കയായിരുന്നു, ഏതാനും ക്ഷണങ്ങൾക്കുമുമ്പു് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ചുററും വൃക്ഷങ്ങളാൽ മനോഹരമാംവണ്ണം ചൂഴപ്പെട്ട ഒരു കുന്നിന്റെ മുകൾഭാഗത്തു ഒരു ഒററശ്ശരീരം അദ്ദേഹത്തിന്റെ കണ്ണിൽപെട്ടിരുന്നു. അദ്ദേഹം അതിനെ സൂക്ഷിച്ചുനോക്കുകയും, അതു സമാധിമഗ്നനായ ഒരു മനുഷ്യന്റെ ശരീരമാണെന്നു മനസ്സിലാക്കുകയും, ആളിനെ തിരിച്ചറിവാൻ ശ്രമിച്ചുകൊണ്ടിരിക്കയും ചെയ്തു. ആ കുന്നിന്മേൽ കണ്ട മനുഷ്യൻ യാജ്ഞവല്ക്കപ്രരല്ലാതെ മററാരുമല്ലെന്നു താൻ തിരിച്ചറിഞ്ഞതും, ആ മഹൎഷി ഒരു ആപത്തിൽ അകപ്പെട്ടിരിക്കയാണെന്നു തൽക്ഷണംതന്നെ കണ്ടുപിടിച്ചതുമാണു് അദ്ദേഹത്തിന്റെ ഗതിയെ തടഞ്ഞതു്. ഒരു മഹാവ്യാഘ്രം അദ്ദേഹത്തിന്റെ നേൎക്കു ദൃഷ്ടിപതിക്കയും മന്ദമന്ദമായ് നടന്നു് അടുക്കുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം ബാഹ്യപ്രപഞ്ചത്തിൽനിന്നു ഇന്ദ്രിയങ്ങളെ നിശ്ശേഷം പ്രത്യാഹരിച്ചു്, ഈ ഭയങ്കരനായ ഘാതകനെപ്പററി യാതൊന്നുമറിയാതെ ഇരിക്കയായിരുന്നു, മിത്രൻ ഈ ആപത്തിനെ ഉടനെതന്നെ ആ ക്ഷത്രിയന്മാൎക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു. ഒരുക്ഷണത്തിൽഅവർ ഓരോരുത്തരും ഓരോ അസ്ത്രം എടുത്തു വ്യാഘ്രത്തെ ലക്ഷ്യമാക്കിക്കഴിഞ്ഞു. അസ്ത്ര

Digitized By Kerala Sahitya Akademi

ങ്ങൾ ആ മൃഗത്തിന്റെ കണ്ണുകളിൽ തറയ്ക്കുകയും, അതിനെ നിശ്ചേഷ്ടമാക്കിച്ചെയ്കയുംചെയ്തു. അവർ പിന്നെയും രണ്ടമ്പുകൾ എയ്തു അതിന്റെ ഹൃദയത്തിൽ ഏല്പിച്ചു. അടുത്ത ക്ഷണത്തിൽ അവർ വീണുകിടക്കുന്ന ആ ജന്തുവിന്റെ അടുക്കൽ എത്തി വാളുകൾ കൊണ്ടു് അതിനെ രണ്ടായി മുറിച്ചിട്ടു. അതിന്റെ മരണരോദനം ഋഷിയുടെ സമാധിയെ ഭഞ്ജിച്ചു; അദ്ദേഹം കണ്ണുതുറക്കുകയുംചെയ്തു. അദ്ദേഹത്തിനു ഒരു നോട്ടത്തിൽ സംഗതി മുഴുവനും മനസ്സിലായി. അപാരമായ കൃതജ്ഞതയോടുകൂടി അദ്ദേഹം ആ വൃദ്ധനായ ഋഷിയുടെ പാദങ്ങളിൽ നമസ്കരിക്കയും, ക്ഷത്രിയന്മാരെ ആലിംഗനംചെയ്കയുംചെയ്തു. അവർ ചെയ്ത അത്ഭുതകരമായ ജീവരക്ഷണത്തിനായി അവർക്കു അദ്ദേഹം വീണ്ടും വീണ്ടും വന്ദനം പറഞ്ഞു. പിന്നെ ശൂരന്മാരും ബലവാന്മാരുമായ ആ യോദ്ധാക്കളുടെ അകമ്പടിയോടുകൂടിത്തന്നെയും വിളംബിക്കുന്നതിനു സ്ഥലം തീരെ വിശ്വാസയോഗ്യമല്ലെന്നുകണ്ടു്, അവർ വേഗത്തിൽ നഗരത്തിലേക്കു നടന്നു; അവരവരുടെ ഗൃഹങ്ങൾ അടുത്തപ്പോൾ പരസ്പരം യാത്രപറഞ്ഞു പിരികയും ചെയ്തു.

Digitized By Kerala Sahitya Akademi

# മൈത്രേയി

## അദ്ധ്യായം 2.

—*—

### സപത്നികം.

കഴിഞ്ഞ അദ്ധ്യായത്തിന്റെ ഒടുവിൽ വിവരിച്ച സംഗതി മിത്രന്റെ ആഗ്രഹപൂരണത്തിനു നേരേ തന്നെ സഹായിച്ചില്ല. അദ്ദേഹമൊരു ക്ഷുദ്രഹൃദയനായിരുന്നു എങ്കിൽ യാജ്ഞവല്ക്യരോടു ജീവരക്ഷണത്തിനു പ്രതിഫലമായി തന്റെ പുത്രിയെ വിവാഹം ചെയ്വാൻ ആവശ്യപ്പെട്ടുമായിരുന്നു. നമ്മുടെ രാജ്യത്തെ ആ കാലങ്ങളിലെ സമുദായസ്ഥിതിക്കു അപ്രകാരമുള്ള അനുകൂലസന്ദർഭങ്ങളിൽ സുന്ദരിയും വിദുഷിയുമായ ഒരു കന്യകയെ ഒരാൾക്കായി അയാൾ കൃതവിവാഹനായിരുന്നാൽത്തന്നേയും സ്വയം വാഗ്ദാനം ചെയ്യുന്നതിൽ യാതൊരു അനൌചിത്യവുമുണ്ടായിരുന്നില്ല. അങ്ങിനെ വാഗ്ദാനംചെയ്യപ്പെടുന്ന ആൾക്കു തന്നെയും അതിൽ സന്തോഷമല്ലാതെ മറ്റൊന്നും ഉണ്ടായിരിക്കയില്ല. സാധാരണ ആളുകളുടെ ഇടയിൽ വാസ്തവത്തിൽ കാര്യം ഇങ്ങനെ ആയിരിക്കും. എന്നാൽ വായനക്കാർ ഒന്നാംഅദ്ധ്യായത്തിൽനിന്നു മിത്രൻ, യാജ്ഞവാല്ക്യൻ ഈരണ്ടുപേരും സാധാരണ പുരുഷന്മാരല്ലെന്നു മനസ്സിലാക്കിയിരിക്കുമല്ലൊ. അതുകൊണ്ടു് ഒടുവിൽപറഞ്ഞ ആളുമായുള്ള മൈത്രേയിയുടെ സമാഗമം അത്ര എളുപ്പത്തിൽ സാദ്ധ്യമായില്ല. എന്നാൽ എങ്ങനെ എങ്കിലും ആ വ്യാമുഗ്ദ്ധസംബന്ധ

Digitized By Kerala Sahitya Akademi

മായ യദൃച്ഛാസംഭവത്തിൻെറ സാക്ഷാൽഫലമായി ഈ രണ്ടുരുഷികരംക്കുംതമ്മിലുള്ള മൈത്രീബന്ധം ദൃഢപ്പെട്ടു കൊണ്ടിരുന്നു. അതു് രണ്ടു കുടുംബങ്ങളിലേയും സ്ത്രീജനങ്ങരംതമ്മിൽ കൂടക്കൂടെ സന്ദർശനങ്ങരംക്കു് ഇടയാക്കി. അതിൻെറ ഒരു വലിയ ഫലം മൈത്രേയിക്കും കാത്യായനിക്കുമായി ഗാഢമായ ഒരു സഖ്യം ഉണ്ടായി എന്നുള്ളതാണു്. എൻെറ കഥ നല്ലവണ്ണം മനസ്സിലാകുന്നതിനു വായനക്കാർ ഈ രണ്ടു സ്ത്രീകളെയും പററി ഇപ്പോരം അറിഞ്ഞിരിക്കുന്നതിലും അധികമായി സ്വല്പംകൂടി അറിയേണ്ടിയുണ്ടു്. അവക്കു പ്രായം മിക്കവാറും തുല്യമായിരുന്നു. കാത്യായനിക്കു അവളുടെ സഖിയേക്കാരം രണ്ടോ മൂന്നോ വയസ്സു കൂടുമായിരിക്കും. എന്നാൽ അവരുടെ സ്വഭാവങ്ങരം മിക്കവാറും എല്ലാസംഗതികളിലും പരസ്പരവിരുദ്ധമായിരുന്നു. ഈ വിരുദ്ധതയാണു് അവരുടെ അന്യോന്യമുള്ള പ്രതിപത്തിക്കു ആസ്പദമായിരുന്നതു്. ഒരാരംക്കു കുറവുള്ളതു് മറേറ ആരംക്കുണ്ടായിരുന്നു. അതുകൊണ്ടു് അവർ പരസ്പരം ആകൃഷ്ടിക്കപ്പെട്ടു. എളുപ്പത്തിൽ സ്നേഹിപ്പാൻ ചാഞ്ഞുനില്ക്കുന്ന ഒരു ഹൃദയമാണു് കാത്യായനിക്കുള്ളതു്. സ്നേഹിപ്പാനുള്ള വസ്തു അവളുടെ മുമ്പിൽ എത്തേണ്ട താമസമേയുള്ളു. ഉടൻ അവളുടെ ഹൃദയം അതിന്മേൽ പാഞ്ഞെത്തിക്കഴിയും. അവളുടെ ശീലം അത്യന്തം ഭാവപൂർണ്ണമായിരുന്നു. സ്നേഹിക്കത്തക്കവരെ കണ്ട ക്ഷണത്തിൽ അവളുടെ മുഖം മന്ദസ്മിതത്താൽ പ്രകാശിതമാകും. ദുഃഖകരമായുള്ള എന്തിനേ എങ്കിലും കാണുകയോ കേരംക്കയോ ചെയ്താൽ ഉടനെ അവളുടെ കണ്ണുകരം അശ്രുപൂർണ്ണമാകുകയുംചെയ്യും. അവളുടെ മനസ്സ് സാരഹീനവും ഉത്താനവുമായിരുന്നു. വിനോദത്തിനും കഥകരം കേരംക്ക

Digitized By Kerala Sahitya Akademi

ന്നതിനുമായി എത്രസമയം എങ്കിലും അവഠം കഴിക്കും. എന്നാൽ അവളുടെ ഭർത്താവു പ്രസംഗിക്കാറുള്ളവിധം ഗൌരവമേറിയ പ്രമേയങ്ങളിൽ ഒട്ടും ദീഘ്മായി ശ്രദ്ധിപ്പാൻ അവഠംക്കു കഴികയില്ല. എങ്കിലും അവഠംക്കു ഒരു പ്രബലമായ കൃത്യബോധമുണ്ടായിരുന്നു. ഭർത്താവിൽ ബഹുമാനവും, അന്നുവരെ ഭാഗ്യത്താൽ ലഭിച്ചിരുന്ന രണ്ടു ചെറിയ കുട്ടികളിൽ ആർദ്രമായ സ്നേഹവും ഉണ്ടായിരുന്നു. ദിവസം മുഴുവനും അവഠം ഭർത്താവിൻെറ സുഖത്തെപ്പററി ശ്രദ്ധിച്ചുകൊണ്ടും കുട്ടികളെ സൂക്ഷിച്ചുകൊണ്ടുംതന്നെ കഴിച്ചുകൂട്ടും. അവളുടെ ഗൃഹം വ്യവസ്ഥയുടേയും, വെടിപ്പിൻേറയും മാതൃകയായിരുന്നു. പലസംഗതികളിലും മൈത്രേയിയുടെ സ്വഭാവം ഞാൻ ഇപ്പോഠം വിവരിച്ചതിനു നേരേ വിരുദ്ധമായിട്ടുള്ളതാണ്. അവഠംക്കു വാസ്തവത്തിൽ സ്നേഹിക്കുന്ന ശീലമുണ്ടായിരുന്നു. എന്നാൽ അവളുടെ സ്നേഹം തിരഞ്ഞെടുക്കപ്പെട്ട ഏതാനും ചിലരിൽ മാത്രം ഒതുങ്ങിനിന്നിരുന്നു. അവളുടെ നേത്രങ്ങളും, ശ്രോത്രങ്ങളും അന്തർമുഖങ്ങളാണോ എന്നു തോന്നും. എന്തെന്നാൽ വെളിയിലുള്ള രമ്യങ്ങളോ, അരമ്യങ്ങളോ ആയ കാഴ്ചകഠംക്കോ, ശബ്ദങ്ങഠംക്കോ അവളുടെ ഹൃദയത്തെ എളുപ്പത്തിൽ ചലിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. മുഖത്തു അവളുടെ പ്രായത്തെ അധികം അതിക്രമിച്ച വിധത്തിലുള്ള ഒരു ഗൌരവവും, കാര്യപ്രസക്തിയും സ്ഫുരിച്ചിരുന്നു. വിനോദങ്ങഠം, സല്ലാപങ്ങഠം, കഥകഠം ഈ സ്ത്രീസാധാരണമായ ആഹ്ലാദസാധനങ്ങഠം അവഠംക്കു വാസ്തവത്തിൽ വിരസങ്ങളായിരുന്നില്ല. എന്നാൽ അവയ്ക്കു അവളെ വളരെ നേരം രമിപ്പിപ്പാൻ കഴിഞ്ഞിരുന്നുമില്ല. അവഠം സമയത്തിൽ അധികംഭാഗവും ഗൌരവമേറിയ—വി

Digitized By Kerala Sahitya Akademi

ശേഷിച്ചും തത്വശാസ്ത്രസംബന്ധമായ — വിഷയങ്ങളെപ്പററി വായിക്കുന്നതിലും ചിന്തിക്കുന്നതിലും കഴിച്ചുകൂട്ടിയിരുന്നു. അച്ഛൻെറ ആശ്രമത്തുള്ള ഗൃഹകൃത്യങ്ങളിൽ താൻ പ്രത്യേകം ചെയ്യേണമെന്നുണ്ടായിരുന്ന സംഗതികളെ മാത്രമേ അവഠം ചെയ്യുപതിവുള്ളു. വാസ്തവത്തിൽ ആ വക കൃത്യങ്ങളിൽ അവഠംക്കു രസമുണ്ടായിരുന്നില്ല. എങ്ങിനെയെങ്കിലും ഞാൻ മുമ്പേ പറഞ്ഞവണ്ണമുള്ള ഒരു ഗാഢമായ സഖ്യം വിരുദ്ധസ്വഭാവകളായ ഈ രണ്ടു യുവതികളിലും വളൎന്നുവശായി. കാത്യായനി വിശേഷിച്ചും നമുക്കു പ്രതീക്ഷിക്കാമെന്നുള്ളപോലെ തന്നെ മൈത്രേയിയിൽ അതിസ്നേഹവതിയായിത്തീൎന്നു. അവളുമായി കൂടുന്നതു കാത്യായനിക്കു തൻെറ ഏററവും വലിയ സുഖങ്ങളിൽ ഒന്നും പിരിയുന്നതു ഏററവും വലിയ ദുഃഖങ്ങളിൽ ഒന്നുമായിത്തീൎന്നു. ഒരുദിവസം അവക്കു തമ്മിൽ താഴെപ്പറയുന്ന സംഭാഷണം നടന്നു.

കാത്യായനി:—"നിങ്ങഠംക്കു വേളികഴിഞ്ഞാൽ പിന്നെ എൻെറ കഥ എന്തായിരിക്കുമെന്നു ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ടു്. എൻെറ സഹോദരികളിൽ ഓരോരുത്തിയുടേയും വിവാഹം എനിക്കു വലിയ ക്ലേശകരമായിത്തീൎന്നിരുന്നു. അവരിൽനിന്നുള്ള വിരഹം എനിക്കു ഇപ്പോഠം സഹിക്കാറായിരിക്കുന്നു. നിങ്ങളുടെ വേർപാടു് പക്ഷെ എന്നെ കൊന്നുകളയും"

മൈത്രേയി:—"നിങ്ങഠം എന്നെ പിരിയുമെന്നു വിചാരിക്കേണ്ട; നാം തമ്മിൽ ഒരിക്കലും വേർപെടുകയില്ല"

കാത്യായനി:—"ഇതിൻെറ അൎത്ഥം എന്താണാവോ?

Digitized By Kerala Sahitya Akademi

നിങ്ങാം എൻെറ സമീപത്തു വല്ല ദിക്കിലും വിവാഹംകഴിച്ചു കൊടുക്കപ്പെട്ടിരുന്നാൽ വാസ്തവമായും നമുക്ക കൂടക്കൂടെ തമ്മിൽ കാണാം; എന്നാൽ നിങ്ങളുടെ വീട് സമീപമായിരിക്കുമെന്ന് എനിക്ക എങ്ങനെ ആശിക്കാൻകഴിയും?"

മൈത്രേയി:—"ഞാൻ വിവാഹംചെയ്യുമെന്നുതന്നെ നിങ്ങാംക്ക എങ്ങനെ അറിയാം?"

കാത്യായനി:— "നിങ്ങാം വേളികഴിക്കാതിരിക്കാനോ? അഭിപ്രായം വിശേഷമായി! വളരെ പ്പേർ നിങ്ങളുടെ പാണിഗ്രഹണം ആശിക്കുന്നുണ്ടാവും."

മൈത്രേയി:—"അവരിൽ ആരേയും ഞാൻ കൈക്കൊള്ളാതിരുന്നാലൊ?"

കാത്യായനി:—"എന്തുകൊണ്ട്? നിങ്ങാം ബ്രഹ്മചാരിണിയാവാൻ വിചാരിക്കുന്നോ? ആ സമ്പ്രദായം എനിക്ക തീരെ രുചിക്കുന്നില്ല. സ്ത്രീകാംക്ക ഗൃഹസ്ഥാശ്രമം തന്നെ നല്ലതെന്നാണ് എനിക്ക തോന്നുന്നതു്"

മൈത്രേയി:—"ഗൃഹസ്ഥാശ്രമം സ്ത്രീകാംക്ക മാത്രമല്ലാ പുരുഷന്മാക്കും നല്ലതുതന്നെ. എന്നാൽ ജനങ്ങാം ഗൃഹസ്ഥാശ്രമം സ്ത്രീകാംക്ക നല്ല സ്ഥാനമെന്നു പറയുമ്പോാം അവക്കു ഗൃഹകൃത്യം എന്നു പറയുന്ന ഒന്നല്ലാതെ വേറൊരു കാൎയ്യമില്ലെന്നു അൎത്ഥമാക്കുക ആണെന്നു തോന്നിപ്പോകുന്നു"

കാത്യാ:—"വേറെന്തുകാൎയ്യമാണ് ഒരു സ്ത്രീക്ക ഉണ്ടാവുക? മതകാൎയ്യങ്ങളൊ? അവയും ഗൃഹകാൎയ്യങ്ങളിൽ അടങ്ങുന്നു. യജ്ഞങ്ങളിൽ സഹകരിക്കുക,

Digitized By Kerala Sahitya Akademi

ദേവന്മാരെ സ്തോത്രംചെയ്യുക, വ്രതങ്ങ൦, ഉപവാസം ഇങ്ങിനെയുള്ള കാര്യങ്ങ൦ വേളികഴിഞ്ഞ എല്ലാ സ്ത്രീകളും ചെയ്യേണ്ടതാണ്"''

മൈത്രേ:—"അതിനപ്പുറമായി സ്ത്രീക൦ക്ക ഒരു കാര്യവും നിങ്ങ൦ക്ക വിചാരിപ്പാൻ കഴികയില്ലേ? ആത്മജ്ഞാനസമ്പാദനം ഒരുപ്രധാനകാര്യമല്ലേ?"

കാത്യാ:—"തന്നെ; അതു പണ്ഡിതലോകത്തിന്റെ കാര്യമാണ്. സ്ത്രീകളിൽ എത്ര പണ്ഡിതകളാണുള്ളതു്. നിങ്ങളുടെ ഇളയമ്മയെപ്പോലെ ആവക കൃത്യങ്ങ൦ക്ക വേണ്ട സമയവും ശക്തിയും ഉള്ള സ്ത്രീക൦ക്ക മാത്രമേ ആത്മജ്ഞാനസമ്പാദനത്തിനായി ശ്രമിപ്പാൻ കഴിയൂ; അതു പ്രധാനമായും പുരുഷന്മാരുടെ കൃത്യംതന്നെ''

മൈത്രേ:—"ആത്മാവു് പുരുഷന്മാക്ക മാത്രമെ ഉള്ളോ? അല്ല സ്ത്രീക൦ക്കമുണ്ടോ?''

കാത്യാ:—(പുഞ്ചിരിയോടെ) നിശ്ചയമായും സ്ത്രീക൦ക്കും ഉണ്ടു്. അല്ലെങ്കിൽ നമുക്ക്, എങ്ങനെ കാണുകയും കേ൦ക്കുകയു൦, ചെയ്യാൻ കഴിയും?

മൈത്രേ:—"അതു രണ്ടുകൂട്ടക്കും തുല്യമോ? അല്ല പുരുഷന്മാക്ക സ്ത്രീക൦ക്കുള്ളതിനേക്കാ൦ അധികമാണോ?''

കാത്യാ:—(വീണ്ടും പുഞ്ചിരിയോടുകൂടെ)"രണ്ടുകൂട്ടക്കും തുല്യംതന്നെ; ഈ വിഷയത്തിൽ സ്ത്രീപുരുഷവ്യത്യാസമില്ല"

മൈത്രേ:— "എന്നാൽ ആത്മജ്ഞാനം കൂടാതെ മോക്ഷ

Digitized By Kerala Sahitya Akademi

മില്ല. യാജ്ഞവല്ക്യരുടെ ഭാഷ്യ ഇതു് എന്നിൽ നിന്നറിയേണ്ട ആവശ്യമില്ലാത്തതാണ്"

കാത്യാ:—"അതേ; ഞാൻ അതു കേട്ടിട്ടുണ്ടു്"

മൈത്രേ:—"എന്നാൽ മോക്ഷം പുരുഷന്മാരും സ്ത്രീകളും സമ്പാദിക്കേണ്ടതാണെന്നുള്ളതു ശരിതന്നെയോ?'

കാത്യാ:—"തന്നെ. അതിന്നു ആക്ഷേപമില്ല"

മൈത്രേ:—"എന്നാൽ സ്ത്രീകൾ എന്തുകൊണ്ടാണ് മോക്ഷത്തെ ഇത്ര വിസ്മരിക്കയും, ജ്ഞാനസമ്പാദനം പുരുഷന്മാരുടെ പ്രത്യേകകൃത്യമാണെന്നു വിചാരിക്കയും ചെയ്യുന്നതു്? സ്ത്രീകൾ അവശ്യമായും ഗൃഹകൃത്യങ്ങളെപ്പററി ചിന്തിക്കണംതന്നെ. അതുപോലെ പുരുഷന്മാർ ധനസമ്പാദനം മുതയായ ലൌകികകാര്യങ്ങൾ നോക്കുന്നുണ്ടു്. എന്നാൽ വ്യത്യാസം ഇതാണ്. പുരുഷന്മാർ ലൌകികകാര്യങ്ങൾ എല്ലാം ഉണ്ടായിരുന്നാലും മോക്ഷപ്രാപ്തിയാണ് ജീവിതത്തിൻെറ പരമോദ്ദേശ്യം എന്നുള്ളതു മറക്കുന്നില്ല. സ്ത്രീകളാകട്ടെ അവരുടെ ഗൃഹകൃത്യങ്ങൾ ചെയ്തുതീരുമ്പോൾ തങ്ങൾ ചെയ്യേണ്ട എല്ലാം ചെയ്തുകഴിഞ്ഞുഎന്നും വിചാരിക്കുന്നു. ആത്മവിസ്മരണത്തിന്നു് ഇതിനേക്കാൾ ദൂരംപോവാൻ കഴിയുമോ?"

കാത്യാ!—"എൻെറ മൈത്രേയി, നിങ്ങൾ പറയുന്നതു എത്രയും ശരിയാണ്. നിങ്ങളുടെ വാക്കുകൾ എൻെറ കണ്ണുകളെ തുറക്കുന്നപോലെ തോന്നുന്നു. ലിംഗഭേദം സ്ത്രീപുരുഷന്മാരുടെ ലൌകികകൃത്യങ്ങളിൽ സ്വല്പം വ്യത്യാസത്തെ ഉണ്ടാക്കുന്നുണ്ടു്. എന്നാൽ അങ്ങിനെയുള്ള വ്യത്യാസമൊന്നും

Digitized By Kerala Sahitya Akademi

ആത്മാവിന്നില്ല. ഏകമായ ഒരേ ആത്മാവുതന്നെ എല്ലാവരിലും സ്ഥിതിചെയ്യുന്നു. അങ്ങിനെ ആണ് ഞാൻ കേട്ടിട്ടുള്ളതു്. അതുകൊണ്ടു ആത്മജ്ഞാനസമ്പാദനത്തിന്നായി—അതായതു മോക്ഷപ്രാപ്തിക്കായി—യത്നിക്കേണ്ടതു സ്ത്രീപുരുഷന്മാർ ഇരുകൂട്ടരുടേയും തുല്യകൃത്യമത്രെ. നിങ്ങളുടെ വാക്കുകൾ ഈ വസ്തുതയെ എനിക്കിന്നു വിശദമാക്കിത്തന്നു. എന്റെ ഭർത്താവ് ഇതെല്ലാം എത്രയോ മുമ്പ് എന്നോടു പറഞ്ഞിട്ടുണ്ടു് എനിക്കു അപ്പോൾ മനസ്സിലായില്ല. ഉൽകൃഷ്ട വിഷയങ്ങളെ സംബന്ധിച്ച അറിവു സമ്പാദിപ്പാൻ സ്ത്രീകൾ ശ്രമിക്കാത്തതു് അവരുടെ സ്വന്തം കുററമാണെന്നു ഇപ്പോൾ എനിക്കു മനസ്സിലാകുന്നു. എന്നെ പ്രത്യേകിച്ചും കുററംപറയണം. എനിക്കു വലിയ സൌകൎയ്യങ്ങളാണുള്ളതു്. എന്നിട്ടും ഞാൻ ഒന്നും ചെയ്യുന്നില്ല''

മൈത്രേ:— ''നിങ്ങൾ എത്രയും ഭാഗ്യവതിയാണ് നിങ്ങൾക്കു ഇപ്രകാരമുള്ള ഒരു ഭർത്താവ് ലഭിച്ചതു് അനേകം ജന്മങ്ങളായി സമ്പാദിച്ച സുകൃതത്തിന്റെ ഫലപരിപാകമാണു്. സ്ത്രീകൾ—വിശേഷിച്ചു് ഭർത്താക്കന്മാരെ സ്വയം വരിപ്പാൻ അനുവാദമുള്ള ഉയൎന്ന വൎഗ്ഗത്തിലെ സ്ത്രീകൾ—തങ്ങളുടെ ജീവിതത്തിന്റെ ഭാഗഭാക്കുകളായി ധനികന്മാരും ഭോഗലമ്പടന്മാരുമായ യുവാക്കന്മാരെ മാത്രം തിരഞ്ഞെടുക്കുമാറായിരിക്കുന്നതിനെപ്പററി ഞാൻ ആശ്ചൎയ്യപ്പെടുന്നു. എന്തുകൊണ്ടാണ് അവർ നിങ്ങളുടെ ഭർത്താവിനേപ്പോലുള്ള പണ്ഡിതരും വിചാരശീലരുമായ പരിശുദ്ധപുരുഷന്മാരെ തിരഞ്ഞെടുക്കാത്തതു്? അതു അവ

Digitized By Kerala Sahitya Akademi

ത്തടെ മോക്ഷപ്രാപ്തിക്ക് സഹായിക്കുന്നതാണല്ലോ''

ഈ സംഭാഷണമദ്ധ്യത്തിൽ കാത്യായനിയുടെ ഭൃത്യജനങ്ങളിൽ ഒരുവൻ ഒരു പല്ലക്കുമായി അവിടെ വരികയും സ്ത്രീകളുടെ അടുക്കൽ പോകാൻ അനുവദിച്ചശേഷം തൻെറ സ്വാമിനിയോടു ഇങ്ങിനെ പറകയുംചെയ്തു. "അമ്മേ! അവിടത്തെ കുട്ടികളും അവരുടെ വളർത്തമ്മയും അവിടുന്നു വീട്ടിൽനിന്നു പോന്നിട്ടു വളരെ അധികം നേരമായതിനാൽ ഉടനെ മടങ്ങിച്ചെല്ലണമെന്നാഗ്രഹിക്കുന്നു. നേരം അസ്തമിക്കാറായി, പല്ലക്കു തയാറുണ്ടു് എന്തു കല്പിക്കുന്നുവോ?"

ഇതുകേട്ടു കാത്യായനി എഴുന്നേററു. ജീവിതകാലത്തിൽ അദ്ധ്യാത്മവിഷയമായ സംഭാഷണംകൊണ്ടു അവരം ഇത്ര നീണ്ടസമയം കഴിച്ചതു് ആദ്യമായിട്ടാണു് ഉടൻ തൻെറ കുട്ടികളെപ്പററി കേരംക്കയും, വീട്ടിൽ അധികസംഗതികരംക്കു തൻെറ സാന്നിദ്ധ്യവും മേൽനോട്ടവും ആവശ്യമായിരുന്നതു് വിചാരിക്കയും ചെയ്തപ്പോരം അവളുടെ മനസ്സ് അസ്വസ്ഥമായി. മിത്രരുടെ ആശ്രമത്തിലുള്ള സുഹൃത്തുക്കളോട് ധൃതഗതിയിൽ യാത്രചോദിച്ചുകൊണ്ടു് ഭൃത്യജനങ്ങളുടെ അകമ്പടിയോടുകൂടി അവരം വേഗത്തിൽ വീട്ടിലേക്കു തിരിച്ചു.

ഗൃഹകാര്യങ്ങളിൽ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നതിനിടയിൽ മൈത്രേയിയുമായി ചെയ്ത പ്രധാന സംഭാഷണത്തെപ്പററി ചിന്തിക്കാതിരിപ്പാൻ അവരംക്കു കഴിഞ്ഞില്ല. അതിൻെറ അധികം ജ്ഞാനപൂർണ്ണമായ ഭാഗങ്ങരം എല്ലാം ഒരുവിധത്തിൽ അവരംക്കു ക്രമേണ മങ്ങിമങ്ങി രൂപമില്ലാതെ ആയി. എന്നാൽ അവളു

Digitized By Kerala Sahitya Akademi

ടെ മനസ്സ് അവരുടെ സംഭാഷണത്തിൽ മൈത്രേയി ഉയൎന്ന വൎഗ്ഗക്കാരായ സ്ത്രീകഠം സാധാരണമായി അയോഗ്യരായ ഭൎത്തിക്കന്മാരെ തിരഞ്ഞെടുക്കുന്നതിനെ നിന്ദിക്കയും, അവളുടെ ഭൎത്താവിനെപ്പററി തനിക്കുള്ള അഗാധമായ ബഹുമാനത്തെ പ്രസ്താവിക്കുകയും ചെയ്ത ഘട്ടത്തിലേക്കു പിന്നേയും പിന്നേയും തിരിഞ്ഞു. അതിനെ അവഠം മൈത്രേയിക്കു വിവാഹംചെയ്യാതിരിപ്പാൻ പ്രത്യക്ഷത്തിലുള്ള ആഗ്രഹത്തോടും അവഠംക്കു വിവാഹം ചെയ്യുവാൻ മനസ്സില്ലെന്നുള്ളതിനെപ്പററി സ്വല്പമൊക്കെ മിത്രരുടെ കുടുംബത്തിലുള്ള മററാളുകഠം പറഞ്ഞുകേട്ടതിനോടും യോജിപ്പിച്ചുനോക്കി. ഇതെല്ലാംകൊണ്ടു സ്വാഭാവികമായി അവഠംക്കു ഇങ്ങനെ സംശയംതോന്നി.

"മൈത്രേയിക്കു എൻെറ ഭൎത്താവിൻെറ ഭാൎയ്യയായാൽ സന്തോഷമായി എന്നു വരുമോ?" ഹാ! എങ്കിൽ അതു എത്ര ചേൎച്ചയുള്ള ഒരു ഘടനയായിരുന്നു. അവരുടെ മുക്തിക്കുതന്നെ അന്യോന്യം അതു എത്ര സഹായിക്കുമായിരുന്നു. ഞാൻ യാജ്ഞവല്ക്യൎക്കു് തീരെ പററാത്ത ഒരു ഭാൎയ്യയാണു്. പക്ഷേ, ഈ വിചാരങ്ങഠം, മൈത്രേയിയും യാജ്ഞവല്ക്യരുമായി ദാമ്പത്യം ഉണ്ടാകേണ്ടിയിരുന്നതു് ഇപ്പോഠം അസാദ്ധ്യമായി തീൎന്നിരിക്കുന്നു എന്നു തോന്നിയതുവരയ്ക്കുമേ അനുവൎത്തിച്ചുള്ളു. എങ്ങിനേയോ ചില സ്ഥലങ്ങളിൽ ചില സംസാരങ്ങളാൽ അതു കേവലം സാദ്ധ്യമാണെന്നുമാത്രമല്ല സാധിക്കാൻ ശ്രമിക്കേണ്ടതാണെന്നുകൂടി വിചാരിക്കപ്പെട്ടിരിക്കുന്നതായി അവഠംക്കറിവുകിട്ടിയപ്പോഠം ഹൃദയത്തിൽ ഗണ്യമായ സങ്കടം തോന്നിത്തുടങ്ങി. അതിൻെറ സ്വഭാവം വൎണ്ണിക്കുന്നതിനേക്കാഠം ഊഹിച്ചുകൊള്ളുന്നതാണു് എളുപ്പം. അതു

അനേകദിവസത്തേക്കു അല്ല അനേകവാരത്തേക്കു അവളെ അസ്വസ്ഥയാക്കി. ഒടുവിൽ അവളുടെ ഹൃദയം അതിനെ ജയിച്ചു. ജയം എത്ര പൂണ്ണവും കേമവുമായിരുന്നു എന്നുള്ളതു് അതിന്നുശേഷമുള്ള അവളുടെ നടത്തയിൽനിന്നു പ്രത്യക്ഷപ്പെടും.

അവൾ ഇതുവരെയും ആ സംഗതി തന്റെ ഭർത്താവുമായുള്ള സംഭാഷണങ്ങളിൽ സൂചിപ്പിച്ചില്ല. എന്നാൽ വ്യാഘ്രത്തിന്റെ അപകടം സംഭവിച്ച അന്നുമുതൽ അവൾക്കു പരിചയമില്ലാത്ത രണ്ടു മാന്യന്മാർ അവളുടെ ഭർത്താവിനെ കൂടെക്കൂടെ കാണ്മാൻ വരികയും ചിലപ്പോൾ അദ്ദേഹവുമായി ദീഘസംഭാഷണം ചെയ്യുകയും ചെയ്യുന്നതു അവൾ സൂക്ഷിച്ചിരുന്നു. അവർ അദ്ദേഹത്തിന്റെ ജീവനെ രക്ഷിച്ച ആ രണ്ടു ക്ഷത്രിയരല്ലാതെ മററാരുമല്ല. ഒരു ദിവസം അദ്ദേഹത്തെ വിശ്വമിത്രനുമായി അധികനേരം സ്വകാര്യമുറിക്കകത്തു കാണുകയും, ചില ലക്ഷണങ്ങളാൽ അവരുടെ സംഭാഷണം മൈത്രേയിയെസംബന്ധിച്ചായിരിക്കുമെന്നു ഊഹിക്കയുംചെയ്തിട്ടു് അവൾ അദ്ദേഹത്തോടു് അതിന്റെ സംഗതിയെപ്പററി ചോദിച്ചു. അതു ദമ്പതിമാർ തമ്മിലുള്ള ഒരു നീണ്ട പര്യാലോചനായോഗമായി അവസാനിച്ചു. അവർ തമ്മിൽ സംസാരിച്ചതിന്റെ ഒരു ഭാഗം നമുക്കു കേൾക്കാം.

യാജ്ഞവല്ക്യൻ:— "എന്താശ്ചര്യമാണു്! നിങ്ങൾക്കിതിൽ വിരോധമില്ലെന്നോ?"

കാത്യാ:—"വിരോധമുണ്ടാകയോ? നന്നായി! അതു നടക്കുമെങ്കിൽ എനിക്കു വളരെ സന്തോഷമാണെന്നു അവിടത്തോടു ഞാൻ തുറന്നു പറഞ്ഞിട്ടില്ലേ? അവിടുന്നു ഈ സംഗതി വിട്ടുകളഞ്ഞോ

ൽ എനിക്കു വ്യസനംകൂടി ഉണ്ടാകുന്നതാണ്."

യാജ്ഞ:— "നിങ്ങളാംക്കവളുടെമേൽ ഈൎഷ്യ ഉണ്ടാകില്ലേ?"

കാത്യാ:—"അവിടത്തേക്കു എന്നോടുള്ള സ്നേഹത്തിന്റെ ദൃഢതയെപ്പററി എനിക്കു വല്ല സംശയവുമുണ്ടായിരുന്നെങ്കിൽ ഈൎഷ്യ വരുമായിരുന്നു. ഇപ്പോഴത്തെ സ്ഥിതിക്കു എനിക്കു ഒരു ഈൎഷ്യയും തോന്നുന്നില്ല."

യാജ്ഞ:—"കാലക്രമംകൊണ്ടു അവളെ നിങ്ങളേക്കാറും ഞാൻ സ്നേഹിക്കേണ്ടിവരികയില്ലെന്നു നിങ്ങാംക്കെങ്ങിനെ അറിയാം."

കാത്യാ:—"അവളെക്കുറിച്ചു അവിടത്തേക്കുള്ള മനോഭാവം എന്താണെന്നു അവിടന്നു എന്നോടു തുറന്നു പറഞ്ഞിട്ടുണ്ടല്ലോ."

യാജ്ഞ:—"അതൊക്കെ ക്രമേണ മാറിപ്പോയെന്നു വരാം; ഭാവം അധികം ദൃഢമായിത്തീരാം."

കാത്യ:—"ആ മാററം സഹിപ്പാൻ ഞാൻ തയാറാണ്. അങ്ങനെ വന്നാൽ എന്നെ വഞ്ചിച്ചു എന്നും ഞാൻ വിചാരിക്കുന്നതല്ല. അധികം സ്നേഹിക്കത്തക്ക യോഗ്യയാണവരം; എന്നു തന്നെയല്ല ഒരാളെയാകട്ടെ വേറെ ഒരാളെയാകട്ടെ * സ്നേഹിക്കുന്നതു് അയാറംക്കുവേണ്ടിയല്ല. സൎവ്വാന്തൎയ്യാമിയായ ആത്മാവിന്നുവേണ്ടിയാണെന്നു അവിടന്നു പലപ്പോഴും പറഞ്ഞിട്ടുണ്ടല്ലോ. ഈ ദുരവഗാഹസംഗതികരം ഒന്നും അവിടത്തെപ്പോലെ എനി

* ബൃ, ഉ 11. 4. iv. 4.

Digitized By Kerala Sahitya Akademi

ക്കറിഞ്ഞുകൂടാ. എന്നാൽ എൻെറ ഹൃദയത്തിൽ ഈയിടെ ഉണ്ടായ സങ്കടങ്ങൾ അവിടത്തെ ഭാര്യയുടെ നിലയിൽ ഞാൻ ഈ വക ചില്ലറ സ്വാർത്ഥവിചാരങ്ങളെ ജയിച്ചിരിക്കേണ്ടതാണെന്നു ഉറപ്പിച്ചുകൊൾവാൻ എന്നെ പ്രേരിപ്പിച്ചിരിക്കുന്നു. എങ്ങിനെയെങ്കിലും ഈ സംഗതിയിലുള്ള എൻെറ ശരിയായവിചാരം, അവിടുന്നു രണ്ടാമതൊരു ഭാര്യയെ വേളി കഴിച്ചാലും അവളെ എന്നേക്കാൾ അധികം സ്നേഹിപ്പാൻ അവിടേക്കു് ഒരിക്കലും കഴികില്ലെന്നാണു്."

യാജ്ഞ:—(പുഞ്ചിരിയോടുകൂടെ) "നിങ്ങളുടെ സ്നേഹാർഹതയേപ്പററി നിങ്ങൾക്കുതന്നെയുള്ള വിശ്വാസം കുറെ കടന്നതാണു് ഇരിക്കട്ടെ, അതിനിളക്കം വരുത്താൻ എനിക്കു കഴിഞ്ഞാൽ തന്നെയും ഞാൻ നോക്കുന്നതല്ല."

അവസാന തീർച്ചയിൽ എത്തുന്നതുവരെ ഈ മാതിരി അധികം മന്ത്രാലോചനകൾ ആ ദമ്പതിമാക്കു തമ്മിൽ നടന്നു. ഈ ആലോചനകളിൽനിന്നു യാജ്ഞവല്ക്യക്കു് ഒരു ദ്വിതീയഭാര്യയെ ലഭിക്കുന്നതിനേക്കാൾ കാത്യായനിക്കു ഒരു സപത്നിയെലഭിക്കുന്നതിലാണു് അധികം താല്പര്യമെന്നുവെളിപ്പെട്ടു. ഇവൾ ഒരു അസാധാരണ സ്ത്രീ തന്നെ. ഇവളെ ഞാൻ ആക്ഷേപിക്കതന്നെചെയ്യും. എന്നുതന്നെയല്ല, അതിന്നുശേഷം നാലായിരംകൊല്ലത്തെ വിജ്ഞാനം നമുക്കു ലഭിച്ചിട്ടും ഇപ്രകാരം ദ്വിഭാര്യനായി തീൎന്നതിനെപ്പററി യാജ്ഞവല്ക്യരെ അതിനേക്കാൾ അധികം ആക്ഷേപിക്കേണ്ടിയിരിക്കുന്നു. എന്നാൽ അദ്ദേഹം എങ്ങിനെ ജീവിച്ചു എന്നും എങ്ങിനെ ചിന്തിച്ചു എന്നു

Digitized By Kerala Sahitya Akademi

മാണ നമുക്കു കാണേണ്ടതു്. അതിന്നായാണ് ഇവിടെ ശ്രമിച്ചിട്ടുള്ളതു്. ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞ സംഭവങ്ങൾ നടന്ന രണ്ടുകൊല്ലംകഴിഞ്ഞ ഉടനേതന്നെ ഈ വിവാഹം നടന്നു.

Digitized By Kerala Sahitya Akademi

# മൈത്രേയി

## അധ്യായം 9

### ആത്മാനാത്മവിവേകം

വായനക്കാർ ഇനി സ്വല്പം വേദാന്തവാദങ്ങൾ കേൾപ്പാൻ തയ്യാറായിരിക്കണം. രണ്ടദ്ധ്യായങ്ങൾ മുഴുവൻ നമുക്ക അതു തന്നെ ആയിരിക്കും. ആ മാതിരി വാദങ്ങളിൽ രസമില്ലാത്ത ആൾക്ക ഈ രണ്ടധ്യായവും തള്ളി, കഥയുടെ തുടർച്ചയ്ക്കായി അടുത്ത അദ്ധ്യായങ്ങൾ വായിച്ചു കൊള്ളാം. എന്നാൽ ഈ രണ്ടു നീരസാദ്ധ്യായങ്ങൾതന്നെയും, യാജ്ഞവല്ക്യ മുനിയുടെ രണ്ടു ഭാര്യമാരുടേയും സ്വഭാവങ്ങളേ സംബന്ധിച്ച സന്ദർഭോചിതമായ സൂചനകളോടുകൂടിയവയാണ്. ആ സൂചനകൾ വേദാന്തവിമുഖരായ വായനക്കാരേയും രസിപ്പിച്ചേക്കാം.

മൈത്രേയിയുടെ വിവാഹം കഴിഞ്ഞിട്ടു പതിനഞ്ചുദിവസമായി. മുനി തന്റെ ഭാര്യമാരുമായി സന്ധ്യാസമയത്തു ധ്യാനത്തിനു ഉപയോഗപ്പെടുത്തുന്നതും താൻ "തപോഗൃഹം" എന്നു പറയാറുള്ളതുമായ ഒരു മുറിയിൽ ഇരിക്കയായിരുന്നു. ഇങ്ങനെ ഒരു മുറി പ്രത്യേകം വച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം അതിന്റെ പേരുകൊണ്ടുതന്നെ ഊഹിച്ചു കൊള്ളാവുന്നതാണ്. സായങ്കാലത്തെ ഹോമങ്ങൾ കഴിഞ്ഞതേയുള്ളു. വേദിയിൽനിന്നു പൊങ്ങുന്ന ധൂമങ്ങളും എരിഞ്ഞ സുഗ

Digitized By Kerala Sahitya Akademi

ന്ധദ്രവ്യങ്ങളുടെ സൗരഭ്യവും ആശ്രമത്തിൽ അപ്പോഴും വ്യാപിച്ചിരുന്നു. തപോഗൃഹം വേണ്ടോളം വായു സഞ്ചാരമാർഗ്ഗമുള്ള ഒരു മുറിതന്നെ ആണ് ധൂമം അതിനെ വേഗത്തിൽ വിട്ട് ഉദ്ദിഷ്ടസ്ഥാനമായ ആകാശത്തിലേക്കു യാത്ര തുടങ്ങി. അകത്തിരുന്ന മൂന്നാളുകളും അതു കടന്നു പോകുന്നതിനെ ഏതാണ്ടു ക്ഷമയില്ലാതെ പ്രതീക്ഷിച്ചിരിക്കയാണെന്നു തോന്നും. ദേവന്മാൎക്കു ചെല്ലേണ്ടഭാഗത്തെ നൽകുന്നതിൽ അവൎക്കു അശ്രദ്ധയില്ലായിരുന്നു. യാജ്ഞവല്ക്യൎക്കു * ദേവന്മാരെക്കുറിച്ചുള്ള മനോഭാവം ഏതാണ്ടു പരുഷമായിരുന്നു എങ്കിലും അതിനെ അവർ ഭക്തിയോടെ ക്രമമായും ക്ലിപ്തകാലങ്ങളിലും തന്നെ നൽകി. എന്നാൽ അവർ ഈ ചടങ്ങുകൾകൊണ്ടുമാത്രം തൃപ്തിപ്പെട്ടിരുന്നില്ല. അതുകൊണ്ടു ദേവന്മാരെ തൃപ്തിപ്പെടുത്തിയശേഷം ഒരു ഹോമത്തിനും സ്പർശിപ്പാൻ കഴിയാത്തതായ തങ്ങളുടെ ആത്മാക്കളെപ്പററി ചിന്തിക്കുകയും അദൃശ്യവും അസംഗമവുമായ വസ്തുവിൽ തങ്ങളുടെ തൃപ്തിയെ അന്വേഷിക്കയും ചെയ്തു. മൈത്രേയിയാണ് സംഭാഷണം ആരംഭിച്ചതു്.

മൈത്രേ:—"ഇന്നു് ആ വിഷയംതന്നെ എടുക്കണം."

കാത്യാ:—"ഏതു വിഷയം? നിങ്ങൾതന്നെ എന്നും നിർബ്ബന്ധിക്കുന്നതിൻെറ അൎത്ഥമെന്തു്?"

യാജ്ഞ:—"മൈത്രേയി ആത്മാവിൻെറ ഐക്യത്തെപ്പററി വിവരമായറിവാൻ ആവശ്യപ്പെട്ടു. വിവാഹം കഴിഞ്ഞ നാൾതുടങ്ങി ആ വിഷയത്തെപ്പററി പ്രതിപാദിച്ചു കേൾപ്പാൻ

---

* ബൃ ഉ 1. 4. 10.

Digitized By Kerala Sahitya Akademi

അവർ അപേക്ഷിച്ചിട്ടും ഏതെങ്കിലും സംഗതി വശാൽ അതു നീട്ടിവച്ചുകൊണ്ടിരിക്കേണ്ടി വന്നു."

കാത്യാ:—ആത്മാവിൻെറ ഐക്യത്തെപ്പററി പ്രതിപാദിക്കുന്നതിൻമുമ്പു ഒന്നാമതായി ആത്മാവു തന്നെ എന്താണെന്നുള്ളതിനെപ്പററി പ്രതിപാതിക്കാത്തതെന്തു്."

മൈത്രേ:—"എനിക്കു ആ വിഷയത്തെപ്പററി അന്വേഷിച്ചിട്ടാവശ്യമില്ല."

കാത്യാ:—"എനിക്കാവശ്യമുണ്ടു് ആത്മാവു് എന്നാൽ എന്താണു്? എന്നോടു പറയിൻ."

യാജ്ഞ:—"നിങ്ങളുടെ ചോദ്യത്തിനു നിങ്ങൾ തന്നെ ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കാത്തതെന്തു്?"

കാത്യാ:—"ജീവിതത്തെ ധരിച്ചിരിക്കുന്നതാണു് ആത്മാവെന്നു ഞാൻ വിചാരിക്കുന്നു."

യാജ്ഞ:—"ജീവിതം എന്നാൽ എന്തു്? അതിൻെറ വൃത്തികൾ എന്തെല്ലാം? അതായതു നമുക്കു ജീവിതമുള്ളതുകൊണ്ടു നാം എന്തുചെയ്യുന്നു?"

കാത്യാ:—"ജീവിതമുള്ളതുകൊണ്ടു നാം ശ്വാസോച്ഛ്വാസം ചെയ്യുന്നു."

യാജ്ഞ:—"തിന്നുക, കുടിക്കുക, ഭക്ഷിച്ചതിനെ ജഠരാഗ്നിയിൽ ദഹിക്കുക ഇങ്ങനെയുള്ളതെല്ലാം ജീവിതത്തിൻെറ കാര്യങ്ങളാണു്."

കാത്യാ:—"എന്നാൽ ശ്വസിക്കുകയും, തിന്നുകയും,

Digitized By Kerala Sahitya Akademi

കടിക്കുകയും ജഠരാഗ്നിയിൽ ദഹിക്കുകയും അതു പോലെയുള്ള മററു കൃത്യങ്ങൾ ചെയ്യുകയും ചെയ്യുന്നതു് ഏതോ അതുതന്നെ ആത്മാവു്."

യാജ്ഞ:—"പക്ഷെ നിങ്ങൾ വിചാരിക്കും പോലെയുള്ള ഒരു ആത്മാവു് സുഖദുഃഖങ്ങളെപ്പററി ഒന്നും അറികയില്ലെങ്കിൽ അതിനെ നിങ്ങൾ ഒരാത്മാവു് എന്നു പറവാൻ ആഗ്രഹിക്കുമോ?

കാത്യാ:—"ഇല്ലാ. അങ്ങിനെയാണെങ്കിൽ ആ വസ്തുവിനെ ഞാൻ ഒരു ജീവിക്കുന്ന വസ്തു എന്നുമാത്രമേ പറയൂ. ഒരു ആത്മാവെന്നു പറകയില്ല."

യാജ്ഞ:—"എന്നാൽ ആത്മാവിനു് നിങ്ങൾ പറഞ്ഞ ലക്ഷണം അസാധുവാണെന്നു നിങ്ങൾ മനസ്സിലാക്കുന്നുണ്ടല്ലോ?

കാത്യ:—"സ്വബോധമില്ലാത്ത ഒന്നിനെ ആത്മാവെന്നു പറഞ്ഞുകൂടായെന്നു എനിക്കു് മനസ്സിലാകുന്നുണ്ടു്."

യാജ്ഞ:—"സ്വബോധം എന്നാൽ എന്തു്?"

കാത്യാ:—"സ്വബോധം എന്നാൽ അറിയുന്നതുതന്നെ.

യാജ്ഞ:—"അറിയുന്നതിന്നു ദൃഷ്ടാന്തം കേൾക്കട്ടെ.'

കാത്യാ:—ഞാൻ അവിടുത്തേയും മൈത്രേയിയേയും കാണുകയും നിങ്ങൾ രണ്ടാളും പറയുന്നതിനെ കേൾക്കുകയും ചെയ്യുന്നു; അതുതന്നെ ദൃഷ്ടാന്തം."

യാജ്ഞ:—"നിങ്ങൾ ഇപ്പോൾ കാണുന്നതിനെ എല്ലായ്പോഴുംകാണുകയും, ഇപ്പോൾ കേൾക്കുന്നത' നെ എല്ലായ്പോഴും കേൾക്കുകയും ചെയ്യുന്നുണ്ടോ?

Digitized By Kerala Sahitya Akademi

കാത്യാ:—"ഇല്ല; ഞാൻ കണ്ണു പൂട്ടിക്കളകയോ ഈ സ്ഥലം വിട്ടു ദൂരെ പൊയ്ക്കളകയോ ചെയ്താൽ നിങ്ങളെ കണ്ടുകയില്ല. നിങ്ങൾ മിണ്ടാതിരിക്കയോ ഞാൻ ചെവിപൊത്തിക്കളകയോ ചെയ്താൽ ഒന്നും കേൾക്കുകയുമില്ല."

യാജ്ഞ:—"എന്നാൽ നിങ്ങൾക്കു സ്വബോധം അപ്പോഴും ഉണ്ടല്ലൊ?"

കാത്യാ:—"ഉണ്ട്."

യാജ്ഞ—"അപ്പോൾ പഞ്ചേന്ദ്രിയങ്ങളുടെ വൃത്തികൾ വിരമിച്ചശേഷവും സ്വബോധം അനുവർത്തിക്കുന്നു എന്നുവരുന്നു."

കാത്യാ:—"അതേ; അനുവർത്തിക്കുന്നു"

യാജ്ഞ:—"അപ്പോൾ നാം എന്തറിയുന്നു? സ്വബോധത്തിനു ആരു അല്ലെങ്കിൽ എന്താണ് അപ്പോൾ വിഷയം?"

കാത്യാ:—"നാം അപ്പോൾ നമ്മെത്തന്നെ അറിയുന്നു"

യാജ്ഞ:—"അപ്പോൾ സ്വബോധം എന്നാൽ നമ്മെ അറിയുന്നതിൽ അന്തർഭവിച്ചിരിക്കുന്നു"

കാത്യാ:—"നമ്മെ അറിയുന്നതിൽ മാത്രമല്ല; ഇന്ദ്രിയവിഷയങ്ങളെ അറിയുന്നതിലുംകൂടി"

യാജ്ഞ:—"എന്നാൽ ഇന്ദ്രിയവിഷയങ്ങൾ അറിയപ്പെടാത്തപ്പോൾകൂടി സ്വബോധം അനുവർത്തിക്കുന്നു എന്നു നിങ്ങൾ പറഞ്ഞില്ലേ"

കാത്യാ:—"അതേ, ഞാൻ അങ്ങിനെ പറഞ്ഞു."

യാജ്ഞ:—"നമ്മെക്കുറിച്ചുള്ള അറിവ് സ്വബോധ

Digitized By Kerala Sahitya Akademi

തനിക്ക് അത്യന്തം വേണ്ടതാണ്; അതൊഴിച്ചു് അല്ലാതെ ഒരു സ്വബോധവും ഇല്ല."

കാത്യാ:—"എനിക്കു തീരെ മനസ്സിലാകുന്നില്ല. സ്വബോധം ചിലപ്പോൾ ഇന്ദ്രിയവിഷയങ്ങളെപ്പററി നില്ക്കുന്നു. ചിലപ്പോൾ ആത്മാവിനെ ചേൎന്നു നില്ക്കുന്നു. നാം ചിലപ്പോൾ ഇന്ദ്രിയവിഷയങ്ങളേയും ചിലപ്പോൾ ആത്മാവിനെ മാത്രവും അറിയുന്നു"

മൈത്രേ:—"ഇന്ദ്രിയവിഷയത്തെ അറിയുമ്പോൾ നാം ആത്മാവിനെ അറിയുന്നില്ലേ."

കാത്യാ:—"നാം അറിയുന്നെന്നും ഇല്ലെന്നും വരാം."

മൈത്രേ:—"നാം അറികതന്നെ ചെയ്യുന്നു. ഞാൻ മുനിയെ കാണുമ്പോൾ ഞാൻ അദ്ദേഹത്തെ കാണുന്നു എന്നു എനിക്കു വിചാരിക്കാതിരിക്കാൻ കഴിയുന്നില്ല."

കാത്യാ:—"നിങ്ങൾ കാണുന്നതു എന്തുമാതിരി കാഴ്ചയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്റെ സംഗതി പറയാം. ഞാൻ അദ്ദേഹത്തെ കാണുമ്പോൾ എന്നെ ഞാൻ ആകപ്പാടെ മറന്നു പോകുന്നു."

ഈ ഉപചാരവാക്കു കേട്ടിട്ടു മുനിക്കു മറയ്ക്കാൻ കഴിയാത്ത ഒരു മന്ദസ്മിതം ഉണ്ടായി. കാത്യായനിയുടെ ഈ തന്നത്താൻ മറന്നുള്ള സ്നേഹമാണ് അവളിൽ അദ്ദേഹത്തിനു ഇത്ര വ്യാമോഹമുണ്ടാക്കിയിരിക്കുന്നതു്. എന്നാൽ മൈത്രേയിക്കു തന്നെക്കുറിച്ചുള്ള ബഹുമാനാദരങ്ങളിലും അദ്ദേഹത്തിനു അഗാ

Digitized By Kerala Sahitya Akademi

ഢമായ വിശ്വാസമുണ്ടായിരുന്നു. മൈത്രേയി എന്തെങ്കിലും ചെയ്യുന്നുവെങ്കിൽ അതു അധികം പൂർണ്ണമായ സ്വബോധത്തോടുകൂടിത്തന്നെ ചെയ്യുന്നു. ശരിയായി ഉദ്ബുദ്ധമായ ഒരു ആത്മാവാണു് അവൾക്കുള്ളതു് കാത്യായനി ആകട്ടെ തന്നെക്കുറിച്ചു ചിന്തിപ്പാൻ ഇപ്പോൾ ആരംഭിച്ചതേയുള്ളു. ആ സംഭാഷണം വീണ്ടും അവിച്ഛിന്നമായിത്തന്നെ പിൻതുടർന്നു.

യാജ്ഞ:—"നന്നു, കാത്യായനി! നിങ്ങൾ നിങ്ങളെ മാത്രം അറിയുകയും ഇന്ദ്രിയവിഷയങ്ങളെ അറിയാതിരിക്കയും ചെയ്യുമ്പോൾ അതിനെപ്പററി നിങ്ങൾക്കു ഓർമ്മയുണ്ടാകുന്നുണ്ടോ:"

കാത്യാ::—"അതെ, ചിലപ്പോൾ ഉണ്ടാകുന്നുണ്ടു്"

യാജ്ഞ:—"അവയെ ഒരിക്കൽ അറിഞ്ഞിട്ടുള്ളതായി നിങ്ങൾ ഓർമ്മിക്കാറുണ്ടോ?"

കാത്യാ:—"അതെ, അവയെ ഒരിക്കൽ അറിഞ്ഞിട്ടുള്ളതായി ഞാൻ ഓർമ്മിക്കാറുണ്ടു്."

യാജ്ഞ:—"അതായതു്, നിങ്ങൾ നിങ്ങളെ അതു അറിഞ്ഞിട്ടുള്ളതായി ഓർമ്മിക്കുന്നു"

കാത്ത്യാ:—"അതെ"

യാജ്ഞ:—"അറിഞ്ഞിട്ടില്ലാത്ത ഒന്നിനെ നിങ്ങൾ ഓർമ്മിക്കുന്നതെങ്ങനെ?"

കാത്യാ:—"അറിഞ്ഞിട്ടില്ലേ? എന്തറിഞ്ഞിട്ടില്ല?"

മൈത്രേ:—"ചിലപ്പോൾ ഇന്ദ്രിയവിഷയങ്ങളെ അറിയുമ്പോൾ നിങ്ങളെ നിങ്ങൾ അറിയാറില്ലെന്നും, മുനിയെ കാണുമ്പോൾ നിങ്ങളെ മറന്നുപോകുന്നുഎന്നും നിങ്ങൾതന്നെ പറഞ്ഞില്ലേ?"

Digitized By Kerala Sahitya Akademi

കാത്യാ:—"അതെ, ഞാൻ പറഞ്ഞു എന്നുവച്ച് ചില പ്പോഠം മററുവിഷയങ്ങളുടെ ദശനത്തിൽ ഞാൻ എന്നെ മറന്നുപോകയും എങ്കിലും ഒടുവിൽ എന്നെ ഞാൻ ഓമ്മിക്കയും ചെയ്യുന്നു എന്നുപറയുന്നതിൽ എന്തു അസാംഗത്യമാണുള്ളതു്"

മൈത്രേ:—"താനൊരിക്കലും അറിയാത്തതിനെ ഒരാഠക്കു് ഓമ്മിക്കാൻ കഴികയില്ല. ഓമ്മയെന്നാൽ അറിവിൻെറ പുനരാവിർഭാവമാണു്"

കാത്യാ:— "ഇന്ദ്രിയവിഷയങ്ങളെ അറിയുമ്പോഠം ഞാൻ എന്നെ അവയുടെ ജ്ഞാത്രിയായി അറിയാത്തതുകൊണ്ടു് അവയുടെ ജ്ഞാത്രിയായി എന്നെ ഓമ്മിക്കുന്നതു് എനിക്കു അശക്യമാണെന്നാണൊ നിങ്ങഠം പറയുന്നതിൻെറ താല്പയ്യം?"

മൈത്രേ:—"അതെ എന്നുതന്നെ, വിശേഷിച്ചു ഇന്ദ്രിയവിഷയങ്ങളെപ്പററി ഓമ്മിക്കുമ്പോഠം നിങ്ങഠം നിങ്ങളെക്കൂടി അവയുടെ ജ്ഞാത്രിയായി നിശ്ചയമായും ഓമ്മിക്കുന്നതുകൊണ്ടു നിങ്ങഠം അവയെ വിഷയീകരിക്കുമ്പോഠം അവയുടെ ജ്ഞാത്രിയായി നിങ്ങളെക്കൂടി വിഷയീകരിക്കുന്നു എന്നുള്ളതു സിദ്ധവുമാണു്."

കാത്യാ:—"ഹാ! എനിക്കു മനസ്സിലായി. ഇതു ഏതാണ്ടു വിചിത്രമായി തോന്നുന്നു. ഇതിനെപ്പററി ഇനിയും കൂടുതലായി ചിന്തിക്കാതെ മനസ്സിനെ ആവിഷയത്തിൽ അവസാനമായി ഉറപ്പിക്കാൻ എനിക്കുകഴികയില്ല. നിങ്ങളുടെ യുക്തിവാദത്തെ എതിക്കാൻ എന്നാൽ സാധിക്കുന്നതല്ല. എന്നാൽ നിങ്ങഠം പറയുന്നപോ

Digitized By Kerala Sahitya Akademi

ലെ ജ്ഞാനത്തിൻെറ ഓരോവൃത്തിയിലും നാം നമ്മെ അറിയുന്നുവെങ്കിൽ എന്തുകൊണ്ടു് നാം എല്ലായ്പോഴും 'ഞാൻകാണുന്നു' 'ഞാൻ കേൾക്കുന്നു' എന്നു് വിചാരിക്കുന്നില്ല.''

മൈത്രേ:—"നാം ആ വാക്കുകളെ വിചാരിക്കുന്നില്ലെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അവയുടെ അർത്ഥം നമ്മുടെ ബോധത്തിൽ എപ്പോഴും സന്നിഹിതമാണു്. എത്രതന്നെ അസ്പഷ്ടവും അപൂർണ്ണവുമാണെങ്കിലും ഒരു ആത്മബോധത്തോടുകൂടാതെ യാതൊരറിവും ഉണ്ടാവാൻ തരമില്ലെന്നു മുനി അച്ഛൻെറ ആശ്രമത്തിൽവച്ചു എൻെറ വിവാഹത്തിനു മുമ്പു പലപ്പോഴും പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്.

കാത്യാ:—"ഞാനും അദ്ദേഹത്തിൽനിന്നു ഇതിനുമുമ്പു തന്നെ കേട്ടിട്ടുണ്ടു്. എന്നിട്ടും മനസ്സിലായില്ല. ഇപ്പോൾ മനസ്സിലായിട്ടു കൂടിയും നമ്മുടെ പ്രധാന സംഭാഷണ വിഷയത്തോടു് ഇതിനുള്ള സംബന്ധം എന്താണെന്നു് അറിയുന്നില്ല.

മൈത്രേ:—''സംബന്ധം ഇതാണു്. നിങ്ങൾ രണ്ടാമത്തെ പ്രാവശ്യം ആത്മാവിൻെറ ലക്ഷണത്തെ നിർവ്വചിച്ചിട്ടു് ആത്മാവു് ഇന്ദ്രിയവിഷയങ്ങളെ അല്ലെങ്കിൽ സ്വയം ആത്മാവിനെ അറിയും എന്നു പറഞ്ഞു. ഇപ്പോൾ ആത്മാവിൻെറ ജ്ഞാനമാണു് മൂലമായും സാരമായും ഉള്ള ജ്ഞാനമെന്നും നിങ്ങൾക്കു മനസ്സിലായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇന്ദ്രിയവിഷയങ്ങളെ അറിയുമ്പൊഴും നാം ആത്മാവിനെ അറിയുന്നു; അവയെ അറിയാത്തപ്പൊഴും അതിനെ അറിയുന്നു.

Digitized By Kerala Sahitya Akademi

കാത്യാ:—"അപ്പോൾ രണ്ടുതരം ബോധമുണ്ടെന്നതോന്നു. ഒന്ന് നിത്യമായ ആത്മബോധം; മറേറത്് അനിത്യമായ വിഷയബോധം."

മൈത്രേ:—"എന്തുകൊണ്ടാണ്, നിങ്ങൾ വിഷയബോധം അനിത്യമെന്നു പറയുന്നതു്?"

കാത്യാ:—"എന്തുകൊണ്ടെന്നാൽ, അതു എപ്പോഴും നമുക്കുണ്ടാകുന്നില്ല. മുനിയെ കാണുമ്പോൾ ഒക്കെ ഞാൻ നിങ്ങളെ കാണുന്നില്ല; നിങ്ങളെ കാണുമ്പോൾ മുനി എൻെറ അറിവിൽ ഉണ്ടായില്ലെന്നും വരാം."

മൈത്രേ:—"കണ്ടിട്ടില്ലാത്തതും മറന്നുപോയതുമായ വസ്തുക്കളുടെ ജ്ഞാനം നമുക്കു ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇന്നലെ അറിഞ്ഞു മറന്നുപോയ വസ്തുക്കളെ ഇന്നും ഞാൻ തിരിയെ അറിയുന്നു. അവ ഇന്നലെക്കണ്ട വിഷയങ്ങളാണെന്നു ഞാൻ ഓർമിക്കുകയും ചെയ്യുന്നു. അതുകൊണ്ടു വിഷയബോധം ആത്മബോധത്തെപ്പോലെതന്നെ നിത്യമാണെന്നു സ്പഷ്ടമാകുന്നില്ലെ."

കാത്യാ:—"എന്നാൽ വിഷയബോധം പോകയും വരികയും ചെയ്യുന്നു. ആത്മബോധമാകട്ടെ സ്ഥിരമായി നിൽക്കുന്നു"

യാജ്ഞ:—ഒരു പ്രത്യേക വിഷയത്തിൻെറ ജ്ഞാനം പോകുന്നതോടുകൂടിത്തന്നെ ആ വിഷയത്തിൻെറ ജ്ഞാതാവെന്ന നിലയിൽ ആത്മാവിനെപ്പററിയ നമ്മുടെ ജ്ഞാനവും പൊയ്പോകുന്നു. ഇങ്ങനെ ആത്മബോധവും, വിഷയബോധം പോലെതന്നെ അനിത്യമാണെന്നു കാണാം"

Digitized By Kerala Sahitya Akademi

മൈത്രേ:—''പക്ഷെ ഒരു പുതിയ വിഷയത്തെ അറിയു
മ്പോൾ ഞാൻ എന്നെ മുമ്പേ മററു വിഷയങ്ങൾ
അറിഞ്ഞ ആളായിത്തന്നെ അറിയുന്നു; അതു
കൊണ്ടു സ്വബോധം (ആത്മബോധം) രണ്ടു
ജ്ഞാനവ്യാപാരങ്ങളിലും നിത്യമായിത്തന്നെ
ഇരിക്കുന്നു''

യാജ്ഞ:—''നിങ്ങൾ ഉദാഹരിച്ച സംഗതിയിൽ വി
ഷയബോധവും ആത്മബോധംപോലെതന്നെ
നിത്യമാണു് തുടർന്നുകൊണ്ടുള്ള രണ്ടു ജ്ഞാന
വ്യാപാരങ്ങളിൽ അനുസ്യൂതമായ ആത്മാവി
ന്റെ ഐക്യത്തെ അറിയുന്നതിനു രണ്ടു വ്യാപാ
രങ്ങളിലുള്ള ജ്ഞാനത്തിന്റെ വിഷയങ്ങളെ
ഒന്നിച്ചു ചിന്തിച്ചുനോക്കണം''

മൈത്രേ:—''എന്നാൽ, സുഷുപ്തിയിൽ (ഒന്നും അറി
യാതെ ഉറങ്ങുന്ന അവസ്ഥയിൽ)വിഷയം ഒന്നും
തോന്നുന്നേ ഇല്ല; എങ്കിലും നാം സ്വയമേവ
ആത്മാവിനെ അറിയുന്നുണ്ടല്ലൊ"

യാജ്ഞ: ''ലോകത്തെ മറന്നുപോകുന്നു എങ്കിൽ ആ
ത്മാവിനേയും നാം മറന്നുപോകുന്നു. അതായ
തു്, നമ്മെത്തന്നെ നാം അറിയാതെ ആകുന്നു.
എപ്പോൾ വീണ്ടും നാം നമ്മെ അറിയുമോ അ
പ്പോൾ നാം വിഷയങ്ങളേയും അറിയുന്നു. സാ
ധാരണയായി ആത്മബോധം എന്നു നാം
പറയുന്നതു് വിഷയബോധംപോലെതന്നെ അ
നിത്യവും വിരാമയോഗ്യവും ആയ ഒന്നാണ്"

മൈത്രേ:—''ഇപ്പോൾ ഞാൻ മുമ്പിലത്തെക്കാൾ ഒക്കെ
അധികം കുഴപ്പത്തിലായി. അവിടുന്നു പറയു

Digitized By Kerala Sahitya Akademi

ന്നതിൽനിന്നു എല്ലാം അവശ്യമായും അസ്ഥിരങ്ങൾ എന്നു മാത്രമല്ലാ നശ്വരങ്ങൾ കൂടിയും ആണെന്നു തോന്നുന്നു. ആത്മാവിനു ഒരു ജ്ഞാതാവിന്റെ നിലയിൽ മാത്രമെ സ്ഥിതിചെയ്യാൻകഴിയൂ. സുഷുപ്തിയിൽ നമുക്കു ആത്മബോധവും വിഷയബോധവും നശിച്ചുപോകയാണെങ്കിൽ ആത്മാവു് എങ്ങിനെ ഉണ്ടായിരിക്കും? മറെറാരുപക്ഷം നോക്കിയാൽ, സുഷുപ്തിയിൽ ജ്ഞാനം നിന്നുപോകയാണെങ്കിൽ ജാഗ്രാവസ്ഥയിൽ അതു വീണ്ടും പ്രത്യക്ഷമാകുന്നതെങ്ങിനെ?''

യാജ്ഞ:— ''നിങ്ങളുടെ കുഴപ്പം സാക്ഷാൽ ആത്മാവിനെ അന്തഃകരണത്തോടു, അതായതു മനസോടു മിശ്രീകരിക്കുന്നതിൽനിന്നുണ്ടാകുന്നതാണു്. മനസ് ഒരു അത്ഥത്തിൽ ആത്മാവോടു അഭിന്നവും, മറെറാരത്ഥത്തിൽ അതിൽനിന്നു ഭിന്നവുമായിരിക്കുന്നു. പ്രസ്തുത അസ്ഥിരത ആത്മാവിന്റെ അസ്ഥിരതയല്ല; മനസിന്റേതാണു്.''

കാത്യാ:—,'മനസെന്നാൽ എന്താണു്? അതു എങ്ങിനെ ആണു് ആത്മാവോടു് അഭിന്നവും അതിൽനിന്നു ഭിന്നവും രണ്ടും ആയിരിക്കുന്നതു്?''

യാജ്ഞ:—''നാം പറയുന്ന അസ്ഥിരതകൾ അല്ലെങ്കിൽ മാററങ്ങൾ ഏതോ ഒന്നിന്റെ മാററമാണെന്നു പറഞ്ഞേ തീരു. അവ ഒരു പദാത്ഥത്തിന്റെ അവസ്ഥാന്തരങ്ങളായിരിക്കണം. ആ പദാത്ഥം ആത്മാവല്ല, ജാഗ്രാവസ്ഥയിൽ എല്ലാം വീണ്ടും പ്രത്യക്ഷമായി വരുന്നതു് നിങ്ങൾ കാണു

Digitized By Kerala Sahitya Akademi

ന്നതുപോലെ ആത്മാവിൽ സകലവും സ്ഥിരമായി വൎത്തിക്കുന്നു. അതുകൊണ്ടു നാം ഈ വികാരങ്ങൾക്കു അധിഷ്ഠാനമായി വേറൊരു വസ്തുവെ സങ്കല്പിക്കുന്നു. സങ്കല്പിക്കാതിരിക്കാൻ തരമില്ല. അതിനെ മനസ്സെന്നു പറയുന്നു. ഈ പക്ഷത്തിൽ മനസ്സ് ആത്മാവിൽനിന്നു ഭിന്നമാണു്. എന്നാൽ എല്ലാം ആത്മാവിനോടു അവശ്യമായും സംബന്ധമാണെന്നും ആത്മാവിന്റെ അംശംപോലെ ആണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ഈ പക്ഷത്തിൽ മനസ്സ് എല്ലാററിന്റെയും അധിഷ്ഠാനത്തിന്റെ നിലയിൽ ആത്മാവോടു് അഭിന്നവുമാണു്."

മൈത്രേ:—"ഹാ! എനിക്കിപ്പോൾ മനസ്സിലായി. എന്റെ സംശയങ്ങൾ എങ്ങിനെ നിവൎത്തിച്ചുപോയിരിക്കുന്നു! ആ മഹാസഭയിൽ അവിടുന്നു ആത്മാവിനെ എല്ലാവററിന്റേയും അന്തൎയ്യാമിയായി വൎണ്ണിച്ചു് ഉദാഹരണമായി ഓരോ വിഷയങ്ങളുടേയും പേരു പറഞ്ഞ കൂട്ടത്തിൽ മനസ്സിനേയും ഒന്നായി അവിടുന്നു പറഞ്ഞു. അവിടുന്നു പറഞ്ഞവാക്യങ്ങൾ അങ്ങിനെതന്നെ എനിക്കു ഓൎമ്മയുണ്ടു്. "*യോമനസിതിഷ്ഠൻ മനസോന്തര യംമനോനവേദ യസ്യമനഃ ശരീരം യമയതേ ഷതേ ആത്മാന്തൎയ്യാമ്യമൃതഃ" "ആരു മനസ്സിൽ സ്ഥിതിചെയ്യുന്നു എങ്കിലും മനസ്സിൽനിന്നു ഭിന്നനായിരിക്കുന്നു; ആരെ മനസ്സറിയുന്നില്ല; ആരുടെ ശരീരം മനസ്സായിരിക്കുന്നു;ആരു് മനസ്സിൽ സ്ഥിതി ചെയ്തുകൊണ്ടു അതിനെ

* ബൃഹദാരണ്യകോപനിഷത്ത്.

Digitized By Kerala Sahitya Akademi

നിയോഗിക്കുന്നു; അതാണ് നിന്റെ ആത്മാവ്; അതാണ് അന്തര്യാമി; അതാണ് നാശരഹിതവസ്തു" ഭൂമി ജലം അഗ്നി ഇവയുടേയും അപ്രകാരമുള്ള മററു വിഷയങ്ങളുടേയും നിയാമകനാണ് ആത്മാവെന്നുള്ളത് എനിക്കു നല്ലവണ്ണം മനസ്സിലായി. എന്നാൽ മററു വസ്തുക്കൾ പോലെ മനസ്സും ജ്ഞാനശൂന്യവും പരാധീനവും, ആത്മാവിനാൽ നിയോജ്യവുമാണെന്നു അപ്പോൾ എനിക്കു മനസ്സിലായില്ല. ഇപ്പോൾ അതും മനസ്സിലായി.

കാത്യാ:—"ഇന്നു രാത്രി നാം ഇവിടെ നിൽക്കുകയല്ലേ? നേരം അധികമായി.

മൈത്രേ:—"എന്റെ ചോദ്യത്തിന്റെ മറുപടി ഇനിയും അടുത്തെത്തീട്ടില്ല. നിങ്ങളുടെ ചോദ്യങ്ങൾക്കാണ് ഉത്തരങ്ങൾ കിട്ടിയതു് ആത്മാവു സ്വഭാവേന ബോധമുള്ളതാണെന്നും അതിന്റെ ബോധം നിത്യവും സ്ഥിരവുമാണെന്നും നാം അറിഞ്ഞു. ആത്മാവു മനസ്സിൽനിന്നു ഭിന്നമാണെന്നുകൂടി നാം അറിഞ്ഞിരിക്കുന്നു. ഒരു ആത്മാവുതന്നെയാണ് എല്ലാററിലും വ്യാപിച്ചിരിക്കുന്നതെന്നു നമുക്കു എങ്ങിനെ അറിയാം എന്നാണ് എന്റെ ചോദ്യം. നമുക്കു ഓരോരുത്തർക്കും പ്രത്യേകം ആത്മാവുണ്ടെന്നു തോന്നുന്നു.

യാജ്ഞ്:— "സാക്ഷാൽ ആത്മാവിനെ അറിയുമ്പോൾ അതു അവൃന്മമായും ഏകമാണെന്നും; അഖണ്ഡമാണെന്നും കൂടി നിങ്ങൾ അറിയും, വ്യഷ്ട്യാത്മാക്കൾക്കു തമ്മിലുള്ള ഭേദം പരിശു

Digitized By Kerala Sahitya Akademi

ങ്ങമായ അൻ്ഢസ്ഥാത്മാവിലുള്ള ഭേദമല്ല. വിജ്ഞാനത്തിൽ അല്ലെങ്കിൽ വിജ്ഞാനാത്മാവിലുള്ളതത്രെ"

കാത്യാ:—"അവിടന്നു വിജ്ഞാനം അല്ലെങ്കിൽ വിജ്ഞാനാത്മാ എന്നു പറഞ്ഞതിൻെറ അത്ഥമെന്താണ്?"

മൈത്രേ:—"അതെനിക്കും അറിയണം. ആ വലിയ സഭയിൽ അന്തരാത്മാവിനെപ്പററി പ്രസംഗിച്ചതിൽ ആത്മാവിനെ അങ്ങു മനസ്സിൽനിന്നു എന്നപോലെത്തന്നെ വിജ്ഞാനത്തിൽനിന്നും വ്യാവത്തിപ്പിച്ചു പറഞ്ഞിരുന്നു, ആത്മാവും മനസ്സും തമ്മിലുള്ള ഭേദം എനിക്കു മനസ്സിലായിട്ടുണ്ടു് എന്നാൽ ആത്മാവിനും വിജ്ഞാനത്തിനും തമ്മിൽ എന്തു വ്യത്യാസമാണുള്ളതെന്നു ഞാൻ അറിയുന്നില്ല."

കാത്യാ:—"നിങ്ങൾ ഇത്രയെല്ലാം സംഗതികൾ ഓമ്മിച്ചുവച്ചിരിക്കുന്നതെങ്ങിനെയാണ്? നിങ്ങൾക്കു പക്ഷെ മുനി പറഞ്ഞ വാക്കുകൾതന്നെ ആവത്തിച്ചുപറവാൻ കഴിയുമായിരിക്കും."

മൈത്രേ:—"അതെ, കഴിയും. എന്നാൽ എനിക്കു് അത്ര ബഹുമതിക്കൊന്നും അവകാശമില്ല. എന്തുകൊണ്ടെന്നാൽ, മുനി തൻെറ ഉപന്യാസത്തെ ദൃഢപ്പെടുത്തുന്നതിനുവേണ്ടി അതിൻെറ എല്ലാ ഭാഗത്തിലും മിക്കവാറും ഓരോ വാക്യങ്ങൾതന്നെ ഉപയോഗിച്ചിരിക്കുന്നു. വിജ്ഞാനത്തെപ്പററി ഇങ്ങിനെയാണു് പറഞ്ഞതു് "യോവിജ്ഞാനേതിഷ്ഠൻ വിജ്ഞാനാദന്തരോയം വി

Digitized By Kerala Sahitya Akademi

ജ്ഞാനം നവേദയസ്യ വിജ്ഞാനം ശരീരം യോവിജ്ഞാനമന്തരാ യമായാതോഷത ആത്മാ അന്തര്യാമ്യമൃതഃ" "ആരു് വിജ്ഞാനത്തിൽ സ്ഥിതിചെയ്യുന്നു എങ്കിലും വിജ്ഞാനത്തിൽനിന്നു ഭിന്നനായിരിക്കുന്നു; ആരെ വിജ്ഞാനം അറിയുന്നില്ല; ആരുടെ ശരീരം വിജ്ഞാനമായിരിക്കുന്നു; ആരു് വിജ്ഞാനത്തിൽ സ്ഥിതിചെയ്തുകൊണ്ടു് വിജ്ഞാനത്തെ ഭരിക്കുന്നു. അതാണു് നിൻെറ ആത്മാവു്, അതാണന്തര്യാമി, അതാണു് നാശരഹിതവസ്തു." ഇനി വിജ്ഞാനത്തെ ശുദ്ധചൈതന്യത്തിൽനിന്നു വേർതിരിക്കുന്നതെങ്ങിനെ ആണെന്നു അറിവാൻ ഞാൻ ആഗ്രഹിക്കുന്നു"

കാത്യാ:—"ആദ്യം വിജ്ഞാനം എന്നാൽ എന്താണെന്നും, നമ്മിൽ ഓരോരുത്തരിലും അതുണ്ടെന്നു നാം എങ്ങിനെ ആണു് അറിയുന്നതെന്നുംതന്നെ കേൾക്കട്ടെ"

യാജ്ഞ:—"എല്ലാം നിങ്ങൾക്കു പറഞ്ഞുതരാൻ എനിക്കു് വളരെ സന്തോഷമാണു്. പക്ഷെ എൻെറ വിവരണങ്ങളിൽനിന്നു നിങ്ങൾക്കു തൃപ്തിയുണ്ടാകുമ്പൊഴെക്കു് നേരം അധികം അസമയമാകും; ഉറക്കമിളപ്പാൻ തയാറാണോ?"

മൈത്രേ:—"ഞാൻ തയാറാണു്. രാത്രി മുഴുവൻ ഉറങ്ങാതിരിക്കാൻ എനിക്കു കഴിയും"

കാത്യാ:—"എനിക്കു എന്നെക്കുറിച്ചു അങ്ങിനെ പറയാൻ സാധിക്കയില്ല. ഇപ്പോൾതന്നെ ക്ഷീണതയും ഉറക്കവും വരുന്നുണ്ടു്."

Digitized By Kerala Sahitya Akademi

മൈത്രേ:—"എന്നാൽ എന്തുകൊണ്ടു നിങ്ങൾ പോയി വിശ്രമിക്കുന്നില്ല? ഞാൻ മുനിയുമായി കുറെ നേരംകൂടി സംസാരിക്കട്ടെ. ഞങ്ങൾ സംസാരിക്കുന്നതെല്ലാം ഞാൻ നിങ്ങൾക്കു നാളെ പറഞ്ഞുതരാം"

കാത്യാ:—"ഓരോ വാക്കും ഞാൻതന്നെ കേട്ടെങ്കിലല്ലാതെ എനിക്കു മതിയാകയില്ല. അതുകൊണ്ടു ഇവിടെ നിൎത്തി നമുക്കു പോയി വിശ്രമിക്കാം. അതാണു് നല്ലതു്. വിശേഷിച്ചു്, ഉറങ്ങുന്നതിനുമുമ്പു് എനിക്കു മുനിയുമായി ഒരു കാൎയ്യം സംസാരിക്കാനുണ്ടു്"

മൈത്രേയി സൂചന മനസ്സിലാക്കിയിട്ടു്, സപത്നിയെ ഭൎത്താവുമായി വിശ്രമിപ്പാൻ അയച്ചു. അവൾ പതിവുപോലെ തപോഗൃഹത്തിൽതന്നെ ഇരുന്നു, മുനിയിൽനിന്നു കേട്ടതിനെപ്പററി എല്ലാം ചിന്തിക്കയും, ധ്യാനിക്കയും ചെയ്തുകൊണ്ടു് അധികനേരം കഴിച്ചു. മുനിയുടെ ശരീരം കാത്യായനിയോടുകൂടി ആയിരുന്നു എങ്കിലും അദ്ദേഹത്തിൻെറ ആത്മാവു് മൈത്രേയിയിൽ രമിച്ചിരുന്നു.

Digitized By Kerala Sahitya Akademi

# മൈത്രേയി

## അദ്ധ്യായം 4.

—*—

### ജീവാത്മാവും, പരമാത്മാവും.

അടുത്തദിവസം വൈകുന്നേരം ആ സംഭാഷണം പിന്തുടൎന്നു. മുനിതന്നെ പ്രമേയത്തെപ്പററി ഇങ്ങിനെ ആരംഭിച്ചു:—"നമ്മുടെ ആത്മാവു് എന്നു നാം ഓരോരുത്തരും പറയുന്നതുതന്നെയാണു് ഈ പ്രപഞ്ചത്തിൻെറയും ആത്മാവു് എന്നുള്ളതു ദൃഷ്ടാന്തീകരിക്കപ്പെട്ടാൽ ആത്മാവിൻെറ ഏകത്വം നല്ലപോലെ നിങ്ങൾക്കു വെളിവായി കാണാവുന്നതാണു് എന്നാൽ വ്യഷ്ടിയും സമഷ്ടിയുമായ ആത്മാവു് ഒന്നുതന്നെ ആണെന്നു നമുക്കു എങ്ങിനെ അറിയാം? ഞാൻ ഇന്നലെ നിങ്ങളോടു പറഞ്ഞപോലെ സാക്ഷാൽ ആത്മാവിനെ അതായതു് വിശ്വത്തിൻെറ ആത്മാവിനെ അറികയും അതു് അവിച്ഛിന്നമായ ഒന്നാണെന്നുള്ള വസ്തുത മനസ്സിലാകയും ചെയ്താൽമതി. ജനങ്ങൾ അതിനെ അറിയാത്തതുകൊണ്ടാണു് അവൎക്കു അതു ഏകമാണെന്നുള്ളതു് മനസ്സിലാകാത്തതു് നിങ്ങൾക്കു് പരമാത്മാവിനെപ്പററി വല്ല അറിവും ഉണ്ടോ അതല്ല അധികജനങ്ങൾക്കു എന്നപോലെതന്നെ അതു ഒരു വെറും വിശ്വാസവിഷയം മാത്രമെ ആകുന്നുള്ളോ എന്നു ഞാൻ അറിയട്ടെ"

മൈത്രേ—"എല്ലാം ബ്രഹ്മമാണെന്നു പലപ്പോഴും ഞാൻ പറഞ്ഞു കേട്ടിട്ടുണ്ടു് ഏതു നിമിഷത്തിലാ

Digitized By Kerala Sahitya Akademi

കട്ടെ നാം അറിയുന്നതു് ഏതെല്ലാംതന്നെയാക ട്ടെ അതോടെല്ലാം ഒന്നിച്ചു അതിൻെറ ആധാര മായ വിശ്വാത്മാവിനേയുംകൂടി നാം അറിയുന്നു എന്നുള്ള ഒരു അസ്പഷ്ടമായ ധാരണയും എനിക്കു ണ്ടു് എന്നാൽ എൻെറ ആ ധാരണയെപ്പററി വിവരിച്ചു പറയുന്ന കാര്യം എന്നാൽ എത്രകണ്ടു സാദ്ധ്യമാകുമെന്നു എനിക്കറിഞ്ഞുകൂടാ''

കാത്യാ:—''നിങ്ങളാൽ സാദ്ധ്യമാകുന്നതു വിവരിച്ചു പറയാൻ നോക്കിൻ''

യാഞ്ജ:—''ഇന്നലത്തെ സംഭാഷണം നമ്മെ ഇതിൽ സഹായിക്കും. ഈ മുറിയെ അറിയുമ്പോൾ നിങ്ങൾ മററതെങ്കിലുംകൂടിഅറിയുന്നുണ്ടെങ്കിൽ പറയുവിൻ''

മൈത്രേ:—''ഈ മുറിയെ അറിയുമ്പോൾ ഞാൻ എ ന്നെക്കൂടി അതിനെ അറിയുന്ന ആളായി അറി യുന്നുണ്ടു്''

യാജ്ഞ:—''മുറിയെ അറിയുമ്പോൾ നിങ്ങളുടെഅല്ലാ തെ വേറെ ഏതെങ്കിലും ആത്മാവിനെക്കൂടി നിങ്ങൾ അറിയുന്നുണ്ടോ?''

മൈത്രേ:—''ഇല്ല''

യാജ്ഞ:—''എന്നാൽ മുറി വിശ്വാത്മാവിൽ ഇരി ക്കുന്നു എന്നു നിങ്ങൾക്കു അറിയാമല്ലൊ. അല്ലെ ങ്കിൽ അങ്ങിനെ ആണെന്നു നിങ്ങൾ വിശ്വസി ക്കുന്നുണ്ടല്ലൊ''

മൈത്രേ:—''അതെ, ഞാൻ അതു വിശ്വസിക്കുന്നുണ്ടു് പക്ഷെ എനിക്കു് അതു മനസ്സിലാകുന്നില്ല''

Digitized By Kerala Sahitya Akademi

യാജ്ഞ:—"നിങ്ങൾക്കു അതു ക്രമേണ മനസ്സിലാകും. മുറിയെപ്പററി അതൊരു ജ്ഞാതവസ്തു എന്നുള്ളതിനെക്കാൾ അധികമായ മററുവല്ല ബോധവും നിങ്ങൾക്കുണ്ടെങ്കിൽ പറയിൻ"

മൈത്രേ:—"ഇപ്പോൾ ഇതൊരു ജ്ഞാതവസ്തുതന്നെ; എന്നാൽ ചിലപ്പോൾ അജ്ഞാതമായും ഇരുന്നേക്കാം"

യാജ്ഞ:—"ശരിയായും ഇപ്പോൾ ഇരിക്കുന്നമാതിരി തന്നെ അജ്ഞാതമായിരിക്കുമ്പോഴും ഇതു ഇരിക്കുന്നുണ്ടോ?"

മൈത്രേ:—"ശരിയായും അങ്ങിനെതന്നെ ഇരിക്കുന്നു"

യാജ്ഞ:—"എന്നാൽ ഇപ്പോൾ ഇതു ജ്ഞാതമാണ്; ദൃഷ്ടവും, സ്പൃഷ്ടവും അല്ലെങ്കിൽ രണ്ടും ആണ്. ഇങ്ങിനെ എല്ലാവുമായിത്തന്നെ ഇതനുവത്തിക്കുന്നുണ്ടോ?"

മൈത്രേ:—"ഉണ്ടായിരിക്കേണ്ടതാണ്; എന്നാൽ ഒരു ജ്ഞാതവസ്തു അതേവിധത്തിൽതന്നെ അജ്ഞാതമായിരിക്കുമ്പോഴും അനുവത്തിക്കുന്നു എന്നു പറഞ്ഞാൽ എൻെറ അഭിപ്രായത്തെത്തന്നെ ഞാൻ ഖണ്ഡിക്കയാണെന്നുള്ളതും ഓക്കുന്നുണ്ട്"

യാജ്ഞ:—"നിശ്ചയമായും അങ്ങിനെതന്നെ. നിങ്ങൾ മാത്രമല്ലാ ലോകത്തെ അതിൻെറ വാസ്തവമായ സ്ഥിതിയിൽ അറിയാത്ത എല്ലാവരും അങ്ങിനെതന്നെ ചെയ്യുന്നു"

മൈത്രേ:—"അപ്പോൾ മുറിയെ എപ്പോഴും ജ്ഞാതമാ

Digitized By Kerala Sahitya Akademi

യിത്തന്നെ ഗ്രഹിക്കേണ്ടതാണെന്നു പറയേണ്ടി വരുന്നതായിക്കാണുന്നു."

കാത്യാ:—"മുറി അജ്ഞാതമായിരിക്കുമ്പോഠം മററു വിശേഷണങ്ങഠം എല്ലാം അതിലുണ്ടെന്നും, ജ്ഞാതത്വം മാത്രം മാറിപ്പോകുന്നു എന്നും നമുക്കു പറഞ്ഞാലെന്താ?"

മൈത്രേ:—"അതെങ്ങിനെ? മുറിയുടെ എല്ലാ വിശേഷണങ്ങളും ജ്ഞാതവിശേഷണങ്ങളാണു്. മുറി അതിൻെറ എല്ലാ വിശേഷണങ്ങളോടും കൂടി ഒരു ജ്ഞാതവസ്തുവായിരിക്കയാണു്. നമുക്കു അതിനെപ്പററി ഒരു ജ്ഞാതവസ്തുവെന്നുള്ളതിനെക്കാഠം അന്യമായ വിവരം ഒന്നും ഇല്ലതാനും"

യാജ്ഞ:—"അപ്പോഠം മുറിയെപ്പററി അതെപ്പോഴും നിങ്ങളാൽ ജ്ഞാതം എന്നുതന്നെ നിങ്ങഠം വിചാരിക്കണം അല്ലെ? അതിനെപ്പററി നിങ്ങഠംക്കു വേറൊരു ജ്ഞാനവുമില്ലെന്നാണോ നിങ്ങഠം പറയുന്നതു്?"

മൈത്രേ:—"എന്നാൽ എനിക്കു നിർബ്ബന്ധമില്ല, മററുള്ള വരാലും അതു് ജ്ഞാതമാവാം"

യാജ്ഞ:—"എന്നാൽ ഇപ്പോഠം അതു നിങ്ങളുടെ ജ്ഞാനത്തിലിരിക്കയാണല്ലൊ?"

മൈത്രേ:—"അതെ, ഇരിക്കതന്നെ."

യാജ്ഞ:—"അതിൻെറ എല്ലാ അംശവും നിങ്ങളുടെ സ്വബോധത്തിലാണല്ലോ?"

മൈത്രേ:—"അതെ; എല്ലാ അംശവും എൻെറ സ്വബോധത്തിലുണ്ടു്.

Digitized By Kerala Sahitya Akademi

യാജ്ഞ:—"നിങ്ങളുടെ സ്വബോധം നിങ്ങളുടെ ആത്മാവുംതന്നെ?"

മൈത്രേ:—"അതെ"

യാജ്ഞ:—"അപ്പോൾ മുറി നിങ്ങളുടെ ആത്മാവിൽ അല്ലെങ്കിൽ നിങ്ങളുടെ ആത്മാവു മുറിയിൽ ഇരിക്കുന്നു; അല്ലെ"

മൈത്രേ:—"എന്നുതന്നെ വിചാരിക്കണം."

യാജ്ഞ:—"മുറി ഇപ്പോൾ നിങ്ങൾ അറിയുന്നതു പോലെ തന്നെ എപ്പോഴും ഇരിക്കയും ചെയ്യും?"

മൈത്രേ:—"നിശ്ചയമായും"

യാജ്ഞ:—"എന്നുവച്ചാൽ-അതു് നിങ്ങളുടെ ആത്മാവിൽ അല്ലെങ്കിൽ നങ്ങളുടെ ആത്മാവു അതിൽ ശരീരം ദൂരം ആയിരിക്കുമ്പോൾ കൂടിയും-അനുവർത്തിച്ചുകൊണ്ടിരിക്കും?"

മൈത്രേ:—"ഇതെല്ലാം ഞാൻ സമ്മതിക്കേണ്ടതായിത്തന്നെകാണുന്നു; എന്നാൽ ഇതെത്ര വിചിത്രമായി തോന്നുന്നു!"

യാജ്ഞ:—"ഈ വിചിത്രത ജനങ്ങൾക്കു, തങ്ങൾ വിഷയങ്ങളെ അറിയുമ്പോൾ ആത്മാവിനെ അവയിലേക്കു നയിക്കയാണെന്നും, അവ അപ്രത്യക്ഷമായിരിക്കുമ്പോൾ അവയിൽനിന്നു തങ്ങളുടെ ആത്മാക്കളെ പ്രത്യാഹരിക്കയാണെന്നുമുള്ള മനോരാജ്യംകൊണ്ടു തോന്നുന്നതാണു് എന്നാൽ വാസ്തവത്തിൽ വിഷയങ്ങളെ അറിയുമ്പോൾ നാം അവയിൽ അടങ്ങിയിരിക്കുന്ന ആത്മാവിനെ-വിഷയങ്ങളെ വഹിച്ചും ധരിച്ചും ഇരി

Digitized By Kerala Sahitya Akademi

കുന്ന ആത്മാവിനെ—അവയിലും നമ്മിലും ഒ ന്നുപോലെ ഇരിക്കുന്ന ആത്മാവിനെ ആവി ഷ്കരിക്കയാകുന്നു.''

മൈത്രേ:—"അവിടത്തെ ഈ ഏതാനും വാക്കുക ളിൽനിന്നും എത്രമാത്രം അറിവ് എനിക്കു ണ്ടാകുന്നു!"

കാത്യാ:—"വിഷയങ്ങളെ അറിയുമ്പോൾ നാം അവ യിൽ അടങ്ങിയിരിക്കുന്ന ആത്മാവിനെ ആ വിഷ്കരിക്കയാണെന്നു അങ്ങു പറയുന്നു. അതു കൊണ്ടു് അവയിൽ നാം അതിനെ അറിയുന്ന തിനു മുമ്പു് അതു് അവയിൽ ഉണ്ടു് അല്ലേ?''

യാജ്ഞ:—"നിശ്ചയമായും ഉണ്ടു് ''

കാത്യാ:—"ആ കാരണത്താൽതന്നെ അതു വിശ്വാ ത്മാവാണു്, അതായതു് ബ്രഹ്മാണ്ഡത്തിന്റെ ആത്മാവു്."

യാജ്ഞ:—"അതേ, ആ കാരണത്താൽതന്നെ അതു് വിശ്വാത്മാവാണു്.''

മൈത്രേ:—''സൂത്രാത്മാവും അതുതന്നെയാണോ? അ വിടന്നു മഹാസഭയിൽ വച്ചു പ്രസ്താവിച്ചവിധ ത്തിലുള്ള (നൂലുപോലെ അനുബന്ധിപ്പിക്കുന്ന) ആത്മാവു്''

യാജ്ഞ:—"അതേ, ഞാൻ പ്രസ്താവിച്ച സൂത്രാത്മാവും അതുതന്നെ; പക്ഷേ സൂത്രാത്മാവിനെപ്പററിമഹാ സഭയിൽ ഞാൻ ചെയ്ത വിവരണം ഏതാണ്ടു ഉപരിപ്ലവമായിരുന്നതേയുള്ളു."

Digitized By Kerala Sahitya Akademi

മൈത്രേ:—"ഇപ്പോറം ഞങ്ങളോട്ട അധികം വിശദമായി പറയാമല്ലൊ"

യാജ്ഞ:—"നിങ്ങറംക്കു ഇപ്പോറംതന്നെ അതു ഒരു വിധം മനസ്സിലാകാറായിട്ടുണ്ട്. അതു വസ്തുക്കളെ തമ്മിൽ എങ്ങിനെയാണ് അന്തബന്ധിപ്പിക്കുന്നതെന്നു നിങ്ങറംതന്നെ ആലോചിച്ചു പറയിൻ"

മൈത്രേ:—"അതു എന്നെയും ഞാൻ അറിയുന്ന വസ്തുക്കളേയും തമ്മിൽ അന്തബന്ധിപ്പിക്കുന്നു; അതു എന്നിലും അവയിലും രണ്ടിലും ഇരിക്കുന്നു. അതു അവയിലും എന്നിലും ഉള്ള ആത്മാവാകുന്നു. അവിടന്നു സഭയിൽ പറഞ്ഞ മൊഴികറം തന്നെ ഞാൻ മിക്കവാറും ആവത്തിച്ചു പറയേണ്ടിവന്നതിൽ എത്ര ഹാർദ്ദമായ ആശ്ചയ്യമാണെനിക്കുണ്ടാകുന്നതു്"

കാത്യാ:—"എങ്ങിനെ ആണ് അതു നിങ്ങളേയും എന്നേയും തമ്മിൽ സംബന്ധിപ്പിക്കുന്നതു്? എൻെറ ആത്മാവും നിങ്ങളുടെ ആത്മാവും ഒന്നാണെന്നു എനിക്കു എങ്ങിനെ അറിയാം?"

മൈത്രേ:—"ലോകത്തെ അറിയുമ്പോറം വിശ്വാത്മാവും നിങ്ങളുടെ സ്വന്ത ആത്മാവും ഒന്നാണെന്നു നിങ്ങറം അറിയുന്നുണ്ട്. ലോകത്തെക്കുറിച്ചുള്ള എൻെറ അറിവ് വിശ്വാത്മാവുമായുള്ള എൻെറ ഏകകത്വത്തെ എനിക്കു ബോദ്ധ്യപ്പെടുത്തുന്നു. അതുകൊണ്ടു നിങ്ങളിലും എന്നിലുമുള്ള ആത്മാവ് ഒന്നാണെന്നു സിദ്ധിക്കുന്നു."

കാത്യാ:—"എനിക്കു മനസ്സിലായി; എന്നാൽ നിങ്ങ

Digitized By Kerala Sahitya Akademi

ാംക്കും എനിക്കും തമ്മിൽ വ്യത്യാസങ്ങളുമുണ്ട ല്ലൊ. അതിനെന്താ സമാധാനം?"

യാജ്ഞ:—"വിജ്ഞാനാത്മാവിനെപ്പററി വിചാരി ക്കുമ്പോൾ അതിന്നു സമാധാനം ഉണ്ടാകും; ഇ പ്പോൾ സൂത്രാത്മാവിനെപ്പററി നിങ്ങൾക്കു ഇതി ലധികം അറിയാമെങ്കിൽ പറയിൻ"

മൈത്രേ:—"സൂത്രാത്മാവ് ദിക്കിന്റെ (ഇടത്തിന്റെ) നാനാഭാഗങ്ങളെ തമ്മിൽ സംബന്ധിപ്പിക്കുന്നു എന്നു തോന്നുന്നു. ദിക്കിന്റെ നാനാഭാഗങ്ങ ളെപ്പററി അവ സംബന്ധങ്ങളാണെന്നു അറിയു കയും, ചിന്തിക്കയും ചെയ്യുമ്പോൾ നാം അവ ഒരു ജ്ഞാതാവായ ആത്മാവിനെ ആശ്രയിച്ചി രിക്കുന്നതായി അറികയും ചിന്തിക്കയും ചെയ്യുക ആകുന്നു"

യാജ്ഞ:—"ദിക്കിന്റെ എല്ലാഭാഗങ്ങളും സംബന്ധ ങ്ങളാണെന്നും പ്രത്യേക ദിക്കുകൾ അപരിച്ഛി ന്നമായ ഒരു ദിക്കിൽതന്നെ അടങ്ങിയിരിക്കയാ ണെന്നും നിങ്ങൾക്കു് അറിയാമല്ലൊ"

മൈത്രേ:—"എനിക്കറിയാം. അതുകൊണ്ടുതന്നെ വി ശ്വാത്മാവ് അല്ലെങ്കിൽ സൂത്രാത്മാവ് ഏകവും, അപരിച്ഛിന്നവുമാണെന്നു വരുന്നില്ലെ?"

യാജ്ഞ:—"നിശ്ചയമായും വരുന്നു. ഞാൻ സൂചി പ്പിക്കുന്നതിനെ എത്ര വിസ്മയകരമാംവണ്ണം നി ങ്ങൾ ഗ്രഹിച്ചുകൊള്ളുന്നു. നിങ്ങൾ അറിയുന്ന പ്രകാരമുള്ള വിശ്വാത്മാവ് എല്ലാദിക്കിലുമുണ്ടു്. അല്ലെങ്കിൽ എല്ലാദിക്കുകളും ആ വിശ്വാത്മാവി ൽ ഇരിക്കയാകുന്നു. തെളിച്ചുപറഞ്ഞാൽ—ആ

Digitized By Kerala Sahitya Akademi

ത്മാവു് ദിക്കിന്നതീതമാകുന്നു, അതായതു് ദേശ പരിച്ഛേദത്തെ അതിക്രമിച്ചിരിക്കുന്നു. ആട്ടെ, ഇനിയും കേൾക്കട്ടെ."

മൈത്രേ:—"പിന്നെയും, വിശ്വാത്മാവു് കാലത്തിന്റെ ഭിന്നാംശങ്ങളെ തമ്മിൽ സംബന്ധിപ്പിക്കുന്നു എന്നും എനിക്കു തോന്നുന്നു; എന്തുകൊണ്ടെന്നാൽ അതു ഒന്നോടൊന്നു തുടൎന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളുടെ എപ്പോഴുമുള്ള സാക്ഷിയാണു്."

യാജ്ഞ:—"ശരിയായും അങ്ങിനെതന്നെ; അതുകൊണ്ടു് വിശ്വാത്മാവു് കാലാതീതം അല്ലെങ്കിൽ അനാദിനിത്യമാണെന്നും നിങ്ങൾക്കു മനസ്സിലാക്കാം"

കാത്യാ:—"അതിന്നു മാററമില്ലാത്തതുകൊണ്ടാണോ അതു നിത്യമെന്നു അങ്ങു് പറയുന്നതു്? എന്നാൽ പ്രകൃതിയിൽ കാണുന്ന മാററങ്ങൾ പിന്നെ എന്തിന്റേതാണു്?"

മൈത്രേ:—"മാററങ്ങൾ എല്ലാം മനസ്സിന്റെ മാററങ്ങൾതന്നെ."

കാത്യാ:—"നമ്മൾക്കുള്ള മനസ്സു പരിച്ഛിന്നമാണു്. ബ്രഹ്മാണ്ഡത്തിലെ മാററങ്ങൾ അതിന്റേതായിരിപ്പാൻ പാടില്ല."

യാജ്ഞ:—"അതുകൊണ്ടുതന്നെ ബ്രഹ്മാണ്ഡത്തിലെ മാററങ്ങൾക്കു് അടിസ്ഥാനമായി ഒരു ബ്രഹ്മാണ്ഡമനസ്സിനെ (സമഷ്ടിമനസ്സിനെ) നാം കല്പിക്കേണ്ടതാണെന്നു നിങ്ങൾ മനസ്സിലാക്കണം."

Digitized By Kerala Sahitya Akademi

കാത്യാ:——"വിശ്വാത്മാവ് ബ്രഹ്മാണ്ഡത്തിലെ സംഭവങ്ങളെ അറിയുമ്പോൾ തന്നിൽ മാററം സംഭവിക്കയില്ലേ?

യാജ്ഞ:——"അറിവ് ഒരു മാററമല്ല; ആത്മാവിൻെറ അത്യുത്കൃസിദ്ധമായ ധമ്മമാകുന്നു. മൈത്രേയി പറഞ്ഞപോലെ വിശ്വാത്മാവ് സംഭവങ്ങളുടെ മാററമില്ലാത്ത സാക്ഷിയാണ്. സംഭവങ്ങളെ കുറിച്ചുള്ള അറിവ് സ്വതേ ഒരു സംഭവമല്ല; അതുകൊണ്ടു് സംഭവങ്ങളെക്കുറിച്ചുള്ള അറിവ് ആ സംഭവങ്ങളുണ്ടാകുന്നതിനു് മുമ്പും പിമ്പും കൂടി വിശ്വാത്മാവിലിരിക്കയാണെന്നു സിദ്ധിക്കുന്നു, ആ ആത്മാവിനു് 'ഇപ്പോഴം' 'അപ്പോഴം' എന്നുള്ള വ്യത്യാസം എന്നപോലെതന്നെ ,ഇവിടെയും' 'അവിടെയും' എന്നുള്ള വ്യത്യാസവുമില്ല."

മൈത്രേ:——"അതുകൊണ്ടു വസ്തുക്കൾ നമ്മുടെ മനസ്സിൽ നിന്നുതന്നെ പുറത്തുപോയി, കുറേനേരം നമ്മിൽ ഇല്ലാതിരുന്നു വീണ്ടും മടങ്ങിവന്നു അവ എല്ലാപ്പോഴം ഉണ്ടായിരുന്നു എന്നു് കാണിക്കുകയാകുന്നു."

കാത്യാ:——"നമ്മുടെ അറിവ് ഒരു മാററമല്ലേ? ഞാൻ ഈ മുറിയെ അറിയുമ്പോൾ, അജ്ഞാനാവസ്ഥയിൽനിന്നു് ജ്ഞാനാവസ്ഥയിലേക്കു ഞാൻ മാറുകയാണല്ലൊ, അതുകൊണ്ടു ഒരു മാററമാണുള്ളതു്"

മൈത്രേ:——"മുറിയെക്കുറിച്ചുള്ള അറിവ് നാം അതിനെ അറിയുന്നതിനു മുമ്പുതന്നെ വിശ്വാത്മാവി

Digitized By Kerala Sahitya Akademi

ലിരിക്കുന്നുണ്ടു്. വിശുദ്ധാത്മാവിനു് അറിയുന്ന തു് ഒരു ക്രിയയല്ല. ഒരു ധർമ്മം അല്ലെങ്കിൽ സ്വന്ത സ്വഭാവം മാത്രമാണു്."

യാജ്ഞ:—"ആത്മാവിനെപ്പററി താൻ അറിയുന്നവ ൻ എന്നല്ലാതെ, അറിയുന്നു എന്നു പറഞ്ഞുകൂടാ. താൻ കർത്താവും നിഷ്ക്രിയനുമാണു്."

കാത്യാ:—"എന്നാൽ ഈ മുറിയേയൊ മററു വല്ലതി നേയുമോ നാം അറിയുമ്പോൾ എന്താണു് നടക്കു ന്നതു്. നമ്മുടെ ആത്മാവു് അപ്പോൾ ക്രിയ ചെയ്യുകയല്ലേ? അതിന്റെ അറിവു് ഒരു ക്രിയ യല്ലേ?"

യാജ്ഞ:—"ഇപ്പോൾ നിങ്ങൾ പറയുന്നതു് വിജ്ഞാ നാത്മാവിനെപ്പററിയാണു്. വിശുദ്ധാത്മാവിനു വിശുദ്ധാത്മാവിന്റെ നിലയിൽ ക്രിയയൊ, മാ ററമോ ഇല്ല. എല്ലാവസ്തുവിന്റേയും എല്ലാസം ഭവത്തിന്റേയും അറിവു് അതിൽ അതിന്റെ സാക്ഷാൽകാരമെന്നപോലെ അടങ്ങിയിരിക്കുന്നു. എന്നാൽ എന്തോ ആശ്ചര്യകരമായ ഒരു പ്രകാര ത്തിൽ താൻ തന്റെ സാരത്തിൽ ഒരു അംശ ത്തെ തന്നിൽനിന്നു് ഒരു വ്യഷ്ട്യാത്മായി ഭിന്ന മാക്കുന്നപോലെ ചെയ്യുമ്പോൾ ആ വ്യഷ്ടിരൂപ നായ ആത്മാവു് ഒരു കർത്താവിനെപ്പോലെ യും, മുമ്പറിഞ്ഞിട്ടില്ലാത്ത വല്ലതിനേയും അ റിയുന്നവനെപ്പോലെയും, തന്റെ അജ്ഞാ നാവസ്ഥയിൽനിന്നു തന്നത്താൻ അറിവാൻ പോകുന്നവനെപ്പോലെയും തോന്നുന്നു. വിശുദ്ധാ ത്മാവു് ഇപ്രകാരം ഭിന്നവ്യഷ്ടാത്മാവിന്റെ നിലയിൽ ഇരിക്കുമ്പോൾ അതിനു് വിജ്ഞാ

Digitized By Kerala Sahitya Akademi

നാത്മാവെന്നു പറയുന്നു. സാരം നോക്കിയാൽ അതും വിശ്വാത്മാവും ഒന്നുതന്നെ. എന്നാൽ സമഷ്ടിയിൽ അടങ്ങിയിരിക്കുന്ന അംശങ്ങളുടെ വിശേഷിച്ചു് കാലദേശങ്ങളുടെ ജ്ഞാനത്തിൽ അതു വിശ്വാത്മാവിൽനിന്നും ഭിന്നൻ എന്നപോലെതന്നെയിരിക്കുന്നു"

മൈത്രേ:—"അവിടത്തെ വിവരണത്തിൽ അറിയേണ്ടതായി ഒന്നിനേയും വിട്ടിട്ടില്ല. തല്കാലം എനിക്കു യാതൊരു സംശയവും നിവത്തിക്കേണ്ടതായില്ല. നമ്മുടെ പൂർവ്വധാരണകളെ നീക്കിക്കളയുന്നതിലാണു് ബുദ്ധിമുട്ടിരിക്കുന്നതു്. ഈ ധാരണകളിൽ ഏററവും ദൃഢമായ ഒന്നു് ലോകത്തിൽ നമുക്കു് ഇന്ദ്രിയവിഷയങ്ങരം മാത്രമേയുള്ളൂ. അതായതു ലോകത്തെ അറിയുമ്പോരം നാം ആ വിഷയങ്ങളെ മാത്രം ഒരു ആത്മാവിനോടു സംബന്ധമില്ലാതെ അറിയുന്നു എന്നുള്ളതുതന്നെ എന്നാൽ അങ്ങു് ഇന്നലത്തെ സംഭാഷണത്തിൽ നാം എന്തെല്ലാം അറിയുമോ അതിനോടൊക്കെ ആവശ്യമായും ആത്മാവിനെക്കൂടി അറികയാണെന്നു, അതായതു ആത്മാവിനോടുകൂടാതെ ഒ അറിയപ്പെടുന്നതല്ലെന്നു ഞങ്ങരംക്കു വെളിവാക്കിത്തന്നു. ഇന്നത്തെ സംഭാഷണംകൊണ്ടു ആത്മാവിനോടുകൂടാതെ നമുക്കു വിഷയങ്ങളെപ്പററി ചിന്തിപ്പാൻ കഴികയില്ലെന്നു, അതായതു നാം വിഷയങ്ങളെപ്പററി ചിന്തിക്കുമ്പോരം അവയെ ആത്മാവിനോടു സംബന്ധമായോ ആത്മാവിൽ വത്തിക്കുന്നതായോ തന്നെ ചിന്താക്കയാണെന്നു എനിക്കു വിശദമായി മനസ്സിലായിരിക്കുന്നു. ലോകം നമ്മിൽ വത്തിക്കുന്നു എന്നുത

Digitized By Kerala Sahitya Akademi

ന്നെ വാസ്തവത്തിൽ നാം വിശ്വസിക്കുന്നു എന്നും, ആ വിശ്വാസത്തെ വെളിയിൽ പറയുന്നതിൽ മുറി അജ്ഞാതമായിരിക്കുന്നതായി എവിക്കു വിചാരിപ്പാൻ കഴിയുമെന്നു ഞാൻ പറഞ്ഞ അബദ്ധം പോലെ ഒരു മാതിരി അബദ്ധം വരുത്തുകയല്ലാതെ മറിച്ചു വിശ്വസിപ്പാൻ തരമില്ലെന്നുമുള്ള സിദ്ധാന്തവും സ്പഷ്ടമായും നിരാക്ഷേപമായും സാധിതമായിരിക്കുന്നു."

കാത്യാ:—"ഈ വാദത്തിന്റെ മൂലതത്ത്വങ്ങളെ എല്ലാം എങ്ങിനെയാണ് നിങ്ങൾ ഇത്ര ചുരുക്കത്തിൽ സംഗ്രഹിക്കയും, എന്റെ മന്ദബുദ്ധിയെ എല്ലാററിന്റേറയും താല്പര്യം ഗ്രഹിക്കുന്നതിൽ സഹായിക്കയും ചെയ്യുന്നത്. നിങ്ങളില്ലെങ്കിൽ എനിക്കു എന്തുകഴിയും?"

മൈത്രേ:—(സ്തുതിപറയുന്നതു കേൾപ്പാൻ സുഖമില്ലാഞ്ഞിട്ട്)"നിങ്ങളെന്നോട്ട ശണ്ഠ ഇടരുത്. വിശേഷിച്ചും ഈ അവസരത്തിൽ നിങ്ങൾക്കു വല്ല സംശയങ്ങളും തീർക്കേണ്ടതായുണ്ടെങ്കിൽ പറഞ്ഞാൽ തരക്കേടില്ല."

കാത്യാ:—"നിങ്ങൾ വാദത്തെ എല്ലാം ഒരു അണ്ടിത്തോട്ടിൽ അടക്കി (സംഗ്രഹിച്ചു)പറഞ്ഞുതന്നിട്ട് സംശയത്തിൽ എനിക്കു സഹായിച്ചു എന്നേ ഞാൻ പറഞ്ഞുള്ളൂ. നാം ലോകത്തെ ആത്മാവിൽ ഇരിക്കുന്നതായി അറിയുന്നു; നാം ലോകത്തെ ആത്മാവിൽ വച്ചുവിചാരിക്കുന്നു; അതു കൊണ്ടുലോകം ആത്മാവിൽ ഇരിക്കുന്നു എന്നു വിശ്വസിക്കാതിരിപ്പാൻ നമുക്കു തരമില്ല; ആത്മാവില്ലാത്ത ലോകം എന്നതു നാം അറികയോ

Digitized By Kerala Sahitya Akademi

ചിന്തിക്കയോ വിശ്വസിക്കയോ ചെയ്യാത്ത ഏതാണ്ടൊന്നൊന്നോ ഞാൻ കാണുന്നുള്ളു. നാം അതിനെപ്പററി സംസാരിക്കമാത്രം ചെയ്യുന്നു. അതുവെറും വാക്സൃഷ്ടി മാത്രമായിരിക്കുന്നു. വേദാന്തങ്ങൾ 'വാചാരംഭണം' എന്നു പറയുന്നതിൻെറ അത്ഥം എന്താണെന്നു എനിക്കു ഇപ്പോഠം മനസ്സിലാകുന്നുണ്ടു്."

യാജ്ഞ:—"കാത്യായനി, നിങ്ങൾ മുഴവൻപ്രമേയത്തിൻെറ സൂക്ഷ്മാംശം മനസ്സിലാക്കിയിരിക്കുന്നു എന്നു കാണുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. നിങ്ങൾക്കു് എന്താണിനി ഇപ്പോഠം കേൾക്കേണ്ടതു്.

മൈത്രേ:—പൂവ്വധാരണകളെ നീക്കിക്കളയുന്നതിലുള്ള കഷ്ടതയെപ്പററിയാണു് ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നതു്. അവയിൽ ഒന്നിനെ ഞാൻ എടുത്തു കാണിച്ചു. വേറൊന്നു നാം എല്ലായ്പോഴും ആത്മാവിനെ ഒരു ചെറിയവസ്തുവായിക്കരുതുകയും, അതു ബ്രഹ്മാണ്ഡത്തോളമോ അല്ലെങ്കിൽ കാലദേശങ്ങളെ അതിക്രമിച്ചു നില്ക്കുന്നതിനാൽ ബ്രഹ്മാണ്ഡത്തെക്കാളുമോ വലുതെന്നോ കരുതുവാൻ തോന്നാതിരിക്കയും ചെയ്യുന്നതത്രെ. എന്നാൽ അവിടുന്നു ഈ പ്രതിബന്ധത്തേയും നീക്കുന്നതിനുള്ള കൗശലങ്ങളെ ഞങ്ങൾക്കു സൂചിപ്പിച്ചുതന്നിട്ടുണ്ടു്. നമ്മുടെ ആത്മാവിനു സമഷ്ടി, വ്യഷ്ടി എന്ന രണ്ടു രൂപങ്ങളുള്ളതായി അവിടുന്നു കാണിച്ചുതന്നിരിക്കുന്നു. സമഷ്ടി അല്ലെങ്കിൽ പരമാത്മാവായി നോക്കുമ്പോൾ അതു അപരിച്ഛിന്നവും സവ്വവ്യാപകവുമാകുന്നു.

Digitized By Kerala Sahitya Akademi

ഷ്ടി അല്ലെങ്കിൽ വിജ്ഞാനാത്മാവായി നോക്കിയാൽ പരിച്ഛിന്നവും ലോകത്തിൻെറ ഒരംശത്തെ മാത്രം അറിയുന്നതുമായിരിക്കുന്നു. ഈ ഭേദം എൻെറ സംശയനിവൃത്തിക്കു കേമമായി സഹായിക്കുന്നുണ്ട്. ഈ ഖണ്ഡാത്മാവുതന്നെ വിജ്ഞാനാത്മാവായി വൃഷ്ടീഭവിക്കുമ്പോൾ തൻെറ ജ്ഞാനത്തിൻെറ ഒരു അംശത്തിൽ ചുററും ഒരു പട്ടയിട്ടു, തന്നെ പരിച്ഛേദിക്കുന്നപോലെ ചെയ്യുന്നു. ഇതിനെപ്പററി ഇങ്ങനെ ചിന്തിക്കുമ്പോൾ പരമാർത്ഥത്തിൽ അഖണ്ഡാത്മാവോട് ഒന്നാണെങ്കിലും ഞാൻ എന്തുകൊണ്ടാണ് അജ്ഞയായും അശക്തയായും ഇരിക്കുന്നതെന്നും അസ്പഷ്ടമായിട്ടെങ്കിലും എനിക്കു മനസ്സിലാകുന്നു. എന്നാൽ അഖണ്ഡത്തോടു നമുക്കു സംബന്ധമില്ലെന്നുള്ള പരിചിതമായ വിശ്വാസം വലിച്ചെറിഞ്ഞുകളവാൻ പ്രയാസമായുമിരിക്കുന്നു."

യാജ്ഞ:—"രണ്ടു സംഗതികൾക്കൂടി നിങ്ങൾ ഓക്കുമെങ്കിൽ അതിനെ നീക്കിക്കളയുന്നതു് നിങ്ങൾക്കു അധികം എളുപ്പമായിത്തോന്നും. ഒന്നു നിങ്ങൾ പറഞ്ഞ പട്ട നാം മുമ്പറിഞ്ഞിട്ടില്ലാത്ത വസ്തുക്കളെ അറിയുന്തോറും എപ്പോഴും എന്നേക്കും അകന്നകന്നു വലുതായിത്തീരുന്നു എന്നുള്ളതുതന്നെ. തുടൎന്നുകൊണ്ടുള്ള പട്ടയുടെ ഈ വികാസം നമുക്കു കൂടക്കൂടെ നാം വിശ്വാത്മാവോട് ഒന്നായും അതിനോടു നിരന്തരമായി സംബന്ധിച്ചും ഇരിക്കയാണെന്നു നവംനവമായി സൂചിപ്പിച്ചുതരുന്നു. നിരന്തരമായി ചിന്തിക്കേണ്ട മറെറാരു സംഗതി സുഷുപ്തി യാതൊ

Digitized By Kerala Sahitya Akademi

ന്നമറിയാതുള്ള ഉറക്കംതന്നെ. അതു പ്രത്യക്ഷത്തിൽ സ്വതന്ത്രമായി തോന്നുന്ന ജീവിതത്തെ തടഞ്ഞുനിറുത്തി നമ്മെ അഖണ്ഡാത്മാവിൻെറ സന്നിധിയിലേക്ക് ആകർഷിച്ചിട്ട് നിരന്തരമായി നമ്മുടെ തദാത്മ്യയതത്വത്തെ മുഴുവൻ ഓർമ്മപ്പെടുത്തിത്തരുന്നു."

മൈത്രേ:—"ഈ ഉപദേശങ്ങൾ നല്ലതെ വിലയേറിയവയാണ്. എന്നെ അവ വളരെ സഹായിക്കും"

കാത്യാ:—നമുക്ക ഇന്നത്തേക്ക വേണ്ടത്ര കിട്ടിയില്ലേ? ഇനി ഇപ്പോൾ മതിയാക്കരുതേ?"

മൈത്രേ:—"ഇന്നത്തേക്കുമാത്രമല്ല വളരെ ദിവസത്തേക്ക വേണ്ടത്ര നമുക്ക കിട്ടി. എന്നാൽ ഞാൻ ഇപ്പോൾ ഉറങ്ങാൻപോകുന്നില്ല. അതിനുമുമ്പു മുനിയിൽനിന്നു ഇന്നുകേട്ട അസാധാരണസംഗതികളെപ്പററി ചിന്തിക്കയും, എന്നാൽ കഴിയുന്നത്ര അവയെ മനസ്സിലാക്കാൻ ശ്രമിക്കയും ചെയ്യണം. മുനിയുമായി നിങ്ങൾ പോയി വിശ്രമിച്ചുകൊള്ളുവാൻ ഞാൻ അനുവദിക്കുന്നു, അനുവാദമാവശ്യമാണെങ്കിൽ"

കാത്യായനിയും ഋഷിയും ഉറങ്ങാൻ പോയി. മൈത്രേയി പതിവുപോലെ ധ്യാനത്തിലിരുന്നു. എന്നാൽ അന്നുരാത്രി അസാധാരണമായ ഒരു സംഭവമുണ്ടായി. ഗുരു ഉപദേശിച്ചുകൊടുത്ത രീതിയിൽ ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ അവൾക്ക അഖണ്ഡവും നിത്യവുമായ വസ്തുവിൻെറ അപരോക്ഷ സാക്ഷാൽക്കാരമുണ്ടാകയും, ആ ദിവ്യതത്വത്തോടുള്ള പ്രത്യക്ഷ സംഗമത്തിൽനിന്നുള്ള ആനന്ദത്താൽ അവളുടെ ഹൃ

Digitized By Kerala Sahitya Akademi

ദയം തിങ്ങുകയും ചെയ്തു. ഈ ആനന്ദത്തിൻെറ ആരംഭത്തിൽതന്നെയും ലൌകികാനന്ദങ്ങൾ അവയുടെ അത്യുൽക്കടാവസ്ഥയിൽപോലും ഇതിനോടു കിടപോരുന്നതല്ലെന്നും അവൾക്കു തോന്നി. അന്നുമുതൽ അവൾ ഈ ആനന്ദാനുഭവത്തെ ഇളകാത്ത സ്ഥിരതയോടെ അഭ്യസിക്കയും, നമ്മുടെ ഉദ്ഗതിയേയും ആത്യന്തികമായ മോക്ഷത്തേയും നിത്യവസ്തുവോടുള്ള ഏകീഭാവത്തേയും തടഞ്ഞുനില്ക്കുന്ന ലൌകികാഗ്രഹങ്ങളിൽനിന്നെല്ലാം ക്രമേണ തൻെറ ആത്മാവിനെ മോചിപ്പിക്കുകയുംചെയ്തു. അവളുടെ ഭർത്താവു് വയോധികനായി ഗൃഹസ്ഥജീവിതമുപേക്ഷിച്ച സമയത്തു്, അവൾ ലൌകികവിഷയങ്ങളിലെല്ലാം എത്ര വിരക്തയായും മോക്ഷപ്രാപ്തിക്കുള്ള ഉപദേശങ്ങളിൽ എത്ര സക്തയായും ഇരുന്നു എന്നുള്ളതു് അദ്ദേഹത്തിൻെറ സ്വത്തുക്കളിൽ ഒന്നും തനിക്കു വേണ്ടെന്നു നിരസിച്ചുകൊണ്ടു് ആ സന്ദർഭത്തിൽ അവൾ പറയുന്നതും നാം (ഉപനിഷത്തിൽ) വായിക്കുന്നതുമായ താഴെ ഉദ്ധരിക്കുന്ന വാക്യത്തിൽനിന്നു വെളിവാകും. "എൻെറ മുക്തിക്കു ഉപയുക്തമല്ലാത്ത വസ്തുക്കൾകൊണ്ടു ഞാൻ എന്തു ചെയ്യാനാണു്? ഭഗവൻ, മുക്തിയെപ്പററി അവിടുന്നു അറിയുന്നതിനെ ദയചെയ്തു സ്പഷ്ടമായി പറഞ്ഞുതന്നാലും."

---

Digitized By Kerala Sahitya Akademi

# മൈത്രേയി

## അദ്ധ്യായം 5.

—*—

### ജനകപുരത്തെ വിദ്യാലയം.

യാജ്ഞവല്ക്യനെപ്പററി ഒരു ഭർത്താവിൻേറയും ഭാര്യമാരുടെ ഉപദേഷ്ടാവിൻേറയും നിലയിൽ ചില തൊക്കെ നാം അറിഞ്ഞുകഴിഞ്ഞു. ഇനി നമുക്ക ഒരു പൊതു അദ്ധ്യാപകൻെറ നിലയിൽ അദ്ദേഹത്തെ സ്വല്പം ചിന്തിച്ചുനോക്കാം. വേദാദ്ധ്യാപകവൃത്തി യിൽ അദ്ദേഹത്തിൻെറ കീർത്തി എങ്ങും പരന്നു; അതു അന്നത്തെ സമ്പ്രദായമനുസരിച്ചു സ്വന്തഗൃഹത്തിൽത ന്നെ ഭോജനംകൊടുത്തു താമസിപ്പിപ്പാൻ കഴിയാതാ കത്തക്കവണ്ണം അത്ര അധികം അദ്ധ്യേതാക്കളെ തൻെറ അടുക്കലേയ്ക്കു് ആകർഷിച്ചു. അതുകൊണ്ടു ആശ്രമത്തി ന്നടുത്തുതന്നെ മഹാരാജാവിൻെറ ഉദാരമായ സഹാ യത്തോടുകൂടി അദ്ദേഹം ഒരു വലിയ വിദ്യാർത്ഥി സ ത്രം പണികഴിപ്പിച്ചു. വിദ്യാർത്ഥികൾ അതിൽ അ ദ്ദേഹത്തിൻെറ സഹായാദ്ധ്യാപകന്മാരുടെ സാക്ഷാൽ അന്വേഷണത്തിൻ കീഴിൽ താമസിക്കയും, അദ്ദേഹം ഏപ്പ്ാടുകളെ എല്ലാം മേൽനോട്ടം ചെയ്കയും വിദ്യാ ർത്ഥികളെ ക്ലിപ്തസമയങ്ങളിൽ ഹാജരായി പഠിപ്പി ക്കുകയും ചെയ്തുവന്നു. വിദ്യാർത്ഥികളുടെ കൂട്ടത്തിൽ ദ്വിജന്മാരിൽ ത്രൈവർണ്ണികന്മാരും ഉണ്ടായിരുന്നു. സ മുദായസ്ഥിതിയിൽ പല നിലയിൽപ്പെട്ടവരും അട ങ്ങിയിരുന്നു. അങ്ങേഅററം ഗർഭശ്രീമാന്മാരായ രാ ജകുമാരന്മാരും, ഇങ്ങേഅററം സാധാരണ കച്ചവടക്കാ

Digitized By Kerala Sahitya Akademi

രുടേയും ശില്പികളുടേയും കൃഷിക്കാരുടേയും കുട്ടികളും;
ഉൾപ്പെട്ടിരുന്നു. എന്നാൽ എല്ലാവരേയും അതിൽ
ഒന്നുപോലെ നോക്കുകയും, എല്ലാവക്കും ഒരേമാതിരി
സുഖങ്ങളും കഷ്ടതകളും കൃത്യങ്ങളും തന്നെ ഉണ്ടായിരി
ക്കയും ചെയ്തു. വിദ്യാലയത്തിലെ അദ്ധ്യയനത്തിനു
പുറമേ യോദ്ധാക്കളുടെ നിലയിലുള്ള അഭ്യാസം കൂടി
സ്വീകരിച്ചിരുന്നവരെ ഒഴിച്ചു മററുള്ളവക്കെല്ലാം ഒരേ
മാതിരി ആഹാരവും, ഒരേമാതിരി കിടക്കയും ഒരേമാ
തിരി കായികാഭ്യാസവിനോദങ്ങളും തന്നെ ആയിരു
ന്നു. ഇക്കാലത്തെ ജാതിവ്യവസ്ഥയുടെ കാഠിന്യങ്ങ
ൾ ഒന്നും അറിയപ്പെട്ടിരുന്നില്ല. വിദ്യാത്ഥികൾ എ
ല്ലാം ഒന്നായിത്തന്നെ തിന്നുകയും കുടിക്കുകയും പൂണ്ണ
മായ സമഭാവനയോടുകൂടിത്തന്നെ പരസ്പരം പെരുമാ
റുകയും ചെയ്തു. തൊഴിലുകളുടെ വിഭാഗം വാസ്തവ
ത്തിൽ സജാതിവിവാഹങ്ങളെ അന്നത്തെ സാധാര
ണ നടപ്പാക്കി ചെയ്തിരുന്നു. എന്നാൽ സങ്കരവിവാ
ഹങ്ങളും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കും. വിശേ
ഷിച്ച് അനുലോമ വിവാഹങ്ങൾ—അതായതു ഒരു ഉ
യന്നജാതി പുരുഷനും താഴ്ന്നജാതി സ്ത്രീയുമായുള്ള
വിവാഹം--പ്രതിലോമ വിവാഹമാകട്ടെ--അതായതു
താഴ്ന്ന ജാതിയിലെ പുരുഷനും ഉയന്നജാതിയിലെ
സ്ത്രീയുമായുള്ള വിവാഹം--അത്രതന്നെ നടപ്പായിരു
ന്നില്ല. എന്നാൽ അതു കേവലം ഇല്ലാതിരുന്നുമില്ല. ക്ഷ
ത്രിയരാജാക്കന്മാക്കു ചിലപ്പോൾ ബ്രാഹ്മണസ്ത്രീകൾ
ഭായ്യമാരായിട്ടുണ്ടു. ദൃഷ്ടാന്തത്തിനു യയാതിയെ എടു
ക്കാം. ക്ഷത്രിയകന്യകകളുടെ സ്വയംവരങ്ങളിലാക
ട്ടെ ജാതിനിർബന്ധം നിയമേനതന്നെ ഗണിക്കാതെയും
ഇരുന്നു. അതുകൊണ്ടു് യാജ്ഞവല്ക്യന്റെ വിദ്യാലയ
ത്തിലെ നാനാവർഗ്ഗക്കാരായ വിദ്യാത്ഥികളിൽ പല

Digitized By Kerala Sahitya Akademi

ത്തം രക്തംകൊണ്ടും വിവാഹംകൊണ്ടും അന്യോന്യം സംബന്ധമുള്ളവരായിരുന്നു. തുല്യസല്ക്കാരത്തോടുകൂടി ഒരേഗൃഹത്തിൽ താമസിച്ച യുവാക്കന്മാരുടെ ഹൃദയങ്ങളിൽ വളമുള്ള നിലത്തിൽ എന്നപോലെ മുളച്ചു വളൎന്നുവന്ന അന്യോന്യമൈത്രികൾ പല സംബന്ധങ്ങൾക്കും അസ്ഥിവാരമിടുകയും ചെയ്തിരുന്നു.

യാജ്ഞവല്ക്യമഹൎഷിയുടെ പേരു് യജുൎവ്വേദത്തോടു സംബന്ധിച്ചാണു് അധികം അറിയപ്പെട്ടിരിക്കുന്നതെങ്കിലും അദ്ദേഹം ആ പ്രാചീനകാലത്തു പഠിപ്പിക്കപ്പെട്ടുവന്ന ഋക്സാമയജുസ്സുകളായ മൂന്നവേദങ്ങളിലും നല്ല പണ്ഡിതനായിരുന്നു. മൂന്നുവേദങ്ങളും അദ്ദേഹം പഠിക്കയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വിദ്യാലയത്തിൽ വേദാംതങ്ങളിൽ എല്ലാററിനും പ്രത്യേകം സ്ഥാനം അല്ലെങ്കിൽ ഇപ്പോൾ നാം പറയുന്നപോലെ 'സീററുകൾ' ഉണ്ടായിരുന്നു. എന്നാൽ സ്വാഭാവികമായി യാജ്ഞവാല്ക്യന്റെ ശുക്ലയജുൎവ്വേദീയങ്ങളായ ഉപന്യാസങ്ങളാണു് മററു വേദങ്ങളെയോ വേദാംഗങ്ങളെയോ അധികരിച്ചുള്ള പ്രസംഗങ്ങളേക്കാൾ അധികം വിദ്യാൎത്ഥികളെ ആകൎഷിച്ചതു്. മൈത്രയിയെ യാജ്ഞവല്ക്യൻ വിവാഹം ചെയ്തു വളരെക്കൊല്ലം കഴിഞ്ഞശേഷം ഒരു ദിവസം കാലത്തു് ഏകദേശം നൂറു അദ്ധ്യേതാക്കളോളം ഉള്ള ഒരു ക്ലാസിൽ അദ്ദേഹം ശുക്ലയജുൎവ്വേദം പഠിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ ഒരു സംഭവം ഉണ്ടായി. അതിനു അടുത്ത അദ്ധ്യായത്തിൽ പറവാൻപോകുന്ന സംഗതിയോടു സംബന്ധമുണ്ടു് അതുകൊണ്ടു അതിനെ ഇവിടത്തന്നെ വിവരിക്കണം.

ഒരു മണിക്കൂർ നേരത്തെ പാഠം കഴിഞ്ഞപ്പോ

രേക്ക വിദ്യാലയത്തിൻെറ വാതുക്കൽ വണ്ടിച്ചക്രങ്ങൾ ഉരുളുന്ന ഗംഭീരമായ ഒരു ശബ്ദം അദ്ദേഹത്തെ ഏതാണ്ട് വിഘ്നപ്പെടുത്തി. ഒട്ടും താമസിയാതെതന്നെ ഭൃത്യൻ അദ്ധ്യാപകൻെറ അടുക്കലെത്തി സർവ്വസേനാധിപതി ഒരു കോമളനായ യുവാവുമായി നാലു കുതിരകൾ പൂട്ടീട്ടുള്ള ഒരു വലിയ രഥത്തിൽ അവിടെ വന്നിരിക്കുന്ന വിവരം ബോധിപ്പിച്ചു. ഈ സേനാധിപതി യാജ്ഞവല്ക്യൻെറ ജീവനെ രക്ഷിച്ച രണ്ടു ക്ഷത്രിയന്മാരിൽ ഒരാളായി വായനക്കാൎക്കു മുമ്പുതന്നെ പരിചയപ്പെട്ടിട്ടുള്ള നമ്മുടെ പഴയ സ്നേഹിതൻ യജ്ഞദത്തനല്ലാതെ മററാരുമല്ല. ആ സംഭവം കഴിഞ്ഞ ശേഷം അദ്ദേഹം ഇതിനിടയ്ക്കു തൻെറ പല യോഗ്യതകളും വിശേഷിച്ചു യുദ്ധസാമർത്ഥ്യവും വീരവൃത്തിയുംകൊണ്ടു രാജാവിൻെറ വലിയ പ്രീതിക്കു പാത്രമാകുകയും ക്രമേണ ഉയൎന്ന് അദ്ദേഹത്തിന്ന് ആ തിരുമേനിയുടെ കീഴിലുള്ള സൈനികവകുപ്പിൽ ഏററവും ഉയൎന്ന ഉദ്യോഗത്തിലേക്ക് അതായതു് അവിടത്തെ വലിയ സൈന്യത്തിൻെറ ഏകാധിപതി സ്ഥാനത്തിലേയ്ക്കു കയററം കിട്ടുകയും ചെയ്തു. എന്നാൽ ആ വലിയ സൈനിക ഉദ്യോഗസ്ഥനെ ഇന്നു രാവിലെ ഈ വേദാദ്ധ്യാപകൻെറ വാതുക്കലേക്ക് കൊണ്ടുവന്ന സംഗതി എന്തായിരിക്കാം. അതു യമുക്കു ഈ രണ്ടു സ്നേഹിതന്മാരുടെ സമാഗമത്തെ പിൻതുടൎന്നുണ്ടായ സംഭാഷണത്തിൽ നിന്നും അറിയുകതന്നെ.

യജ്ഞദ:—"വന്ദ്യനായ സ്നേഹിതാ നിങ്ങളുടെ കൃത്യത്തിന്നു വിഘ്നം വരുത്തേണ്ടിവന്നതിൽ ഞാൻ വ്യസിക്കുന്നു. എന്നാൽ ഞാൻ ഒരു സംഗതി പറയാനാണ് വന്നതു്. അതിന്നു നിങ്ങളുടെ പാവനമായ പ്രവൃത്തിയോട് സംബന്ധമുണ്ട്."

Digitized By Kerala Sahitya Akademi

യാജ്ഞ:—"വിഷ്ണുഗുപ്തത്തെ ഞാൻ ലേശവും ഗണ്യമാക്കുന്നില്ല. അവിടുത്തെപ്പോലുള്ള ഒരു സുഹൃത്തിനെ കാണുന്നതിലുള്ള വലുതായ സന്തോഷത്തിനപ്പുറമെ പവിത്രമായ വേദോച്ചാരണത്തിൽനിന്നു പരിശുദ്ധമായ വിജ്ഞാനപ്രഭാവത്താൽ തിളങ്ങുന്ന ഒരു മുഖത്തിന്റെ ദർശനത്തിലേക്ക് മനസ്സിനെ ആവർജ്ജിക്കുന്നതു വളരെ സുകരമായുമിരിക്കുന്നു. എന്നാൽ (സേനാപതിയോടുകൂടി വന്ന യുവാവിന്റെ സവിശേഷം ഉദാര രമണീയമായ മുഖത്തിൽ നേരേ നോക്കിക്കൊണ്ടു്) അങ്ങോടൊന്നിച്ചു് ഈ വന്നിരിക്കുന്ന ആരം ആരാണു്?"

യജ്ഞ:—"ഈയാൾക്കുവേണ്ടിയാണു് ഞാൻ അവിടത്തെ അടുക്കൽ വന്നതു്. ഈ ചെറുപ്പക്കാരന്റെ പേർ ബ്രഹ്മഗുപ്തൻ എന്നാണു്. ഇയാൾ എന്റെ മാന്യമിത്രമായ ഇന്ദ്രഗുപ്തന്റെ പുത്രനാണു്. വാരാണസിയിലെ കേൾവിപ്പെട്ട വ്യാപാരിയായ അദ്ദേഹത്തിന്റെ പേരും പ്രസിദ്ധിയും അവിടുന്നു കേട്ടിരിക്കണം. തിരുമനസ്സിലെ കല്പനപ്രകാരം ആ മഹാസഭക്കാലത്തു് ഞാൻ വാരാണസിയെ സന്ദർശിച്ചപ്പോളാണു് അദ്ദേഹത്തെ എനിക്കു പരിചയമായതു്. അന്നുമുതൽ ഞങ്ങൾ തമ്മിൽ പലപ്പോഴും കാണുകയും, എന്റേയും അദ്ദേഹത്തിന്റേയും കുടുംബങ്ങൾ തമ്മിൽ അത്യന്തം മിത്രഭാവത്തിൽ കഴിഞ്ഞുവരികയുമാണു്. അദ്ദേഹം ഇപ്പോൾ തന്റെ പ്രിയപുത്രനെ എന്റെ രക്ഷയിൽ നമ്മുടെ നഗരത്തിൽ വിദ്യാഭ്യാസത്തിനായി അയച്ചതന്നു് എന്നെ ബഹുമാനിച്ചിരിക്കുന്നു. ഇയാൾക്കു് ഇപ്പോൾ

Digitized By Kerala Sahitya Akademi

18 വയസ്സേ ആയിട്ടുള്ളൂ. വൈദികാദ്ധ്യയനങ്ങളിൽ ഇപ്പോഠംതന്നെ ഗണ്യമായ പ്രവേശം സമ്പാദിച്ചിട്ടുണ്ട്. വേദാദ്ധ്യാപകൻെറ നിലയിൽ അവിടത്തേക്കുള്ള പ്രസിദ്ധിയാണ്, അദ്ധ്യയനം പൂർത്തിയാക്കുന്നതിന്ന ഇയാളെ ഇവിടേക്ക അയപ്പാൻ ഇയാളുടെ അച്ഛനെ പ്രേരിപ്പിച്ചത്. ഇയാഠം ഈ വിദ്യാർത്ഥിസത്രത്തിൽ തന്നെ താമസിക്കയും, അവിടത്തേയും സഹായാദ്ധ്യാപകന്മാരുടേയും അടുക്കൽനിന്ന പഠിപ്പാൻ കഴിയുന്നതെല്ലാം പഠിക്കയുംചെയ്യും. എന്നാൽ ഇയാളുടെ സമയത്തിൽ ഒരു ഭാഗം നമ്മുടെ സ്നേഹിതനായ വിഷ്ണുമിത്രൻെറ കീഴിൽ ആയുധാഭ്യാസം പരിശീലിക്കുന്നതിന്നും വിനിയോഗിക്കേണ്ടിയുണ്ട്."

വായനക്കാരോട് ഇവിടെ ഒരു സംഗതി പറയണം. നമ്മുടെ വിഷ്ണുമിത്രനും യജ്ഞദത്തനെപ്പോലെ തന്നെ ക്രമേണ ഈ കാലത്തിനിടയിൽ മഹാരാജാവിൻെറ വലിയ പ്രീതിക്ക പാത്രമായിത്തീന്നിരുന്നു. ഇപ്പോഠം അദ്ദേഹം ധനുർവ്വേദാചാര്യനാണ് അതായത്തു മിഥിലയിലെ രാജകീയ സൈനികവിദ്യാലയത്തിൽ ആയുധവിദ്യപഠിപ്പിക്കുന്ന പ്രധാനാദ്ധ്യാപകനാണ് ആ രണ്ടു സ്നേഹിതന്മാരുടേയും സംഭാഷണം വീണ്ടും തുടന്നു.

യാജ്ഞ:—"ബ്രഹ്മഗുപ്തൻ വൈശ്യനാണെങ്കിലും സാധാരണ ക്ഷത്രിയക്കുമാത്രം ഉപയുക്തമെന്നു വിചാരിക്കപ്പെട്ടിരിക്കുന്ന കലകളിലും അയാഠംക്ക അഭിരുചി കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എൻെറ അഭിപ്രായത്തിൽ സ്വകൃത്യത്തിന്ന വേണ്ട അറിവു സമ്പാദിക്കുകമാത്രം ചെയ്യുന്ന

Digitized By Kerala Sahitya Akademi

തല്ല വിവേകം. പിന്നെയോ നമ്മുടെ രക്ഷയ്ക്കും സുഖത്തിനും മോക്ഷത്തിനും ആവശ്യമായ എല്ലാററിനേയും പററി അറിവു സമ്പാദിക്കുന്നതാണ്. അതുകൊണ്ടു എൻെറ അളിയൻ (സുമുഖനും ദൃഢശരീരനുമായ അടുക്കൽ നില്ക്കുന്ന ഒരു യുവാവിനെ നോക്കീട്ടു) മൈത്രേയൻ, അയാളുടെ വൈദികപാഠങ്ങൾക്കു പുറമെ അഗ്നിമിത്രൻെറ കളരിയിൽ നിയമേന ഹാജരായി പഠിച്ചുവരുന്നതിൽ എനിക്കു പ്രത്യേക ചാരിതാൎത്ഥ്യം തോന്നുന്നുണ്ടു്. അഗ്നിമിത്രൻ വിഷ്ണുമിത്രൻെറ അനുജനും രാജകീയസൈനിക വിദ്യാലയത്തിൽ കായികാഭ്യാസവകുപ്പിലെ മേലധികാരിയുമാണ്. അദ്ദേഹം വാളൻറിയർമാൎക്കു ധനുവിദ്യയും പഠിപ്പിച്ചുവന്നു. ഇയാൾ പഠിക്കുന്ന വിദ്യ വാസ്തവത്തിൽ ഒരിക്കലും അയാൾക്കു ആവശ്യപ്പെട്ടില്ലെന്നു വന്നേക്കാം. എന്നാൽ ഇയാളുടെ കായികാഭ്യാസം (വീണ്ടും മൈത്രേയനെ വാസ്തവമായ അഭിമാനത്തോടെ നോക്കിക്കൊണ്ടു്) ഇയാളെ ബലവും ആരോഗ്യവുമുള്ള ഒരു പുരുഷനായി വളൎന്നു വരുന്നതിൽ സഹായിക്കുന്നുണ്ടു്, അവിടുന്നു നോക്കുക!"

യാജ്ഞ:—"മൈത്രേയൻ ശരീരത്തെ സൂക്ഷിക്കുന്നതിനെയും ഞങ്ങളുടെ ക്ഷത്രവിദ്യ പഠിക്കുന്നതിൽ കാണിക്കുന്ന തൃഷ്ണയേയും പററികേട്ടു് ഞാൻ വളരെ സന്തോഷിക്കുന്നു. ഇയാളെ ഞാൻ പലപ്പോഴും ഇയാളുടെ അച്ഛൻെറ ഗൃഹത്തിൻവച്ചും, വിഷ്ണുമിത്രൻെറ ഭവനത്തിൽ വച്ചും, ആ കുടുംബത്തിലെ സുഭഗന്മാരായ കുട്ടികളോടൊന്നിച്ചും കണ്ടിട്ടുണ്ടു്. ആ കുട്ടികൾ ക്ഷത്രിയരായ ഞങ്ങ

Digitized By Kerala Sahitya Akademi

ളുടെ ഏററവുമുയന്ന ആശംസകൾക്കു ആസ്പദമായ കൂട്ടത്തിലാണ്. എന്നാൽ ഒരു വേദാദ്ധ്യാപകന്റെ മകനും, മററൊരു വേദാദ്ധ്യാപകന്റെ അളിയനും ആയ ആൾ സ്വേച്ഛപോലെ ഒരു യോദ്ധാവായിത്തീരാൻ പോകുന്നു എന്നു ആരറിഞ്ഞു?(പുഞ്ചിരിയോടെ മൈത്രേയന്റെ മുഖത്തു നോക്കിക്കൊണ്ടു്) മൈത്രേയൻ എന്തു പറയുന്നു?"

മൈത്രേയൻ:—(പുഞ്ചിരിയോടുകൂടി) കുമ്പിട്ടു് ഈ ഉപചാരവാക്കിനെ സ്വീകരിച്ചുകൊണ്ടു) പ്രഭോ! എന്റെ അച്ഛന്റെ അല്ലാതെ മററൊരുതൊഴിലും സ്വീകരിക്കുന്നതിനു എനിക്കു മനസ്സില്ലാതിരിക്കയാണ്. എന്നാൽ അവിടന്നും ധനുർവ്വേദാചാര്യരും കൂടി എന്റെ വന്ദ്യനായ ഗുരുനാഥന്റെ ജീവനെ രക്ഷിച്ചു എന്നു കുട്ടിക്കാലത്തു ഞാൻ കേട്ടിട്ടുള്ള കഥ—ക്ഷത്രിയർക്കു മാത്രമേ ആവശ്യമുള്ളുവെന്നു് തെററായി വിചാരിച്ചുവരുന്ന—ആ കലകളെ പഠിക്കേണ്ടതാവശ്യമാണെന്നു എനിക്കു ബലാൽ താല്പര്യത്തെ ജനിപ്പിച്ചു. അവയെ ഓരോരുത്തരും താന്താങ്ങളുടെ സ്വന്ത ആരോഗ്യത്തിനും രക്ഷയ്ക്കുമായി അവശ്യം പഠിച്ചിരിക്കേണ്ടതാണ്. അവിടന്നു രണ്ടാളും അല്ലായിരുന്നു എങ്കിൽ ഗുരുനാഥന്റെ കഥ എന്താകുമായിരുന്നു; എന്റെ അച്ഛന്റെ കഥതന്നെ എന്തായേക്കുമായിരുന്നു?

യജ്ഞദത്തൻ:— "നിങ്ങളുടെ അഭിപ്രായങ്ങൾ കേട്ടു് ഞാൻ സന്തോഷിക്കുന്നു. എന്നാൽ ബ്രഹ്മഗുപ്തനു് ആയുധാഭ്യാസം കേവലം ആവശ്യം തന്നെയാണ്. അയാൾ പ്രായമാകുമ്പോൾ

Digitized By Kerala Sahitya Akademi

പിതാവിന്റെ മഹാ മൂല്യങ്ങളായ കച്ചവട സാധനങ്ങളോട്കൂടി നഗരങ്ങൾതോറും രാജ്യങ്ങൾതോറും സഞ്ചരിക്കുകയും, വഴിക്കൊള്ളക്കാരിൽനിന്നു ചരക്കുകളെ സംരക്ഷിച്ചുകൊള്ളുന്നതിന്നായി ഒരു സംഘം വില്ലാളികളുടേയും വാൾക്കാരുടേയും നേതൃത്വം വഹിക്കയും ചെയ്യേണ്ടിയുണ്ടാകും. ഈ കൊള്ളക്കാർ—വിശേഷിച്ച് വിന്ധ്യപർവ്വതസമീപത്തിലുള്ള കൂട്ടർ—വളരെ ധീരന്മാരും; വാശിയുള്ള പോരാളികളുമാണ്. അതുകൊണ്ടു ചിലപ്പോൾ അവരെ അമർച്ചവരുത്തുന്നതിന്നു അതിസമർത്ഥരായ യോദ്ധാക്കൾതന്നെവേണ്ടിവരുന്നു. ബ്രഹ്മഗുപ്തൻ നല്ല ക്ഷത്രിയനും നല്ല വൈശ്യനുമായ ഒരാളായി തീരേണ്ടതും ആവശ്യമത്രെ."

ഈ സംഭാഷണം, വിദ്യാലയത്തിന്റെ വാതിലിനടുത്തുനിന്നുകൊണ്ട് 'കാലത്തു ഒഴിവുകൊടുക്കേണ്ട സമയമായി' എന്നു വിളിച്ചുപറയുന്ന ഒരു ജനസംഘത്തിന്റെ ശബ്ദത്താൽ തടയപ്പെട്ടു. സ്നേഹിതന്മാർ സംസാരം നിറുത്തി, കുറഞ്ഞൊന്നു ജോലിയിൽ ദൃഷ്ടി വച്ചു. ബ്രഹ്മഗുപ്തൻ മുറപ്രകാരം വിദ്യാർത്ഥിയായി സ്വീകരിക്കപ്പെട്ടു. സേനാപതി അയാളുടെ ശയ്യയേയും വസതിയ്ക്കുള്ള മററു വ്യവസ്ഥകളേയും ആകപ്പാടെ ധൃതഗതിയിൽ ഒന്നു നോക്കി. വിദ്യാർത്ഥിയുടെ നിലയിലുള്ള കൃത്യങ്ങൾക്കു വീഴ്ച്ചകൂടാതെ സമയം കിട്ടുമ്പോൾ ഒക്കെ തന്റെ ഗൃഹത്തിൽ ചെല്ലാൻ അയാളെ ക്ഷണിച്ചുകൊണ്ട് അദ്ദേഹം വിദ്യാലയത്തിലുള്ള സ്നേഹിതന്മാരോടു യാത്രപറഞ്ഞു രഥത്തിലേക്കു മടങ്ങി.

Digitized By Kerala Sahitya Akademi

# മൈത്രേയി

## അധ്യായം 6

### ആര്യ്യരും, അനാര്യ്യരും.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഗതികഠം നടന്നശേഷം ഏഴുകൊല്ലമായി. അന്നത്തെ ബാലന്മാർ തരുണന്മാരും ബാലികമാർ തരുണികളുമായിത്തീൎന്നിരിക്കുന്നു. യാജ്ഞവല്ക്യരുടെ വൈദികവിദ്യാലയവും, വിഷ്ണുമിത്രന്റെ കളരിയും, രാജാക്കന്മാരെയും, മന്ത്രിമാരെയും, ന്യായാധിപന്മാരെയും, യോദ്ധാക്കളേയും, വ്യാപാരികളേയും പഠിപ്പിച്ചു രാജ്യമെങ്ങും അയച്ചിരിക്കുന്നു. മൈത്രേയൻ ഇപ്പോഠംതന്നെ അദ്ധ്യാപകന്റെ നിലയിൽ അച്ഛനെ സഹായിക്കയും ആ കൃത്യം മുഴുവൻ കൈയേൽപ്പാൻ ഒരുങ്ങുകയും ചെയ്യുന്നു. ബ്രഹ്മഗുപ്തൻ ജനകപുരത്തെ അദ്ധ്യയനവും ആയുധാഭ്യാസവും പൂൎത്തിയാക്കി തന്റെ അച്ഛന്റെ പ്രവൃത്തിയെ പിന്തുടരുന്നതിനു കാശിയിൽ മടങ്ങിപ്പോയിരിക്കുന്നു. എന്നാൽ, അയാഠം തന്റെ ആയുസ്സിൽ ഏററവും നല്ലകാലങ്ങളെ കഴിച്ചുകൂട്ടിയ ജനകപുരത്തെ സൗകര്യ്യംകിട്ടുമ്പോഠം ഒക്കെ സന്ദൎശിക്കമാറുണ്ടു്. അവിടെയുള്ള സുഹൃത്തുക്കളോടു് ദീൎഘകാലം വേർപെട്ടിരിക്കാൻ അയാഠംക്കു കഴിയുന്നതുമല്ല. വിശേഷിച്ചു സേനാപതിയായ യജ്ഞദത്തന്റെ കുടുംബവുമായി അയാഠംക്കു വലിയ അടുപ്പമാണുള്ളതു്. അയാഠം ഇവിടെ എപ്പോഴും ഒരു പ്രതീക്ഷിതനായ

Digitized By Kerala Sahitya Akademi

അതിഥിയാണ്. ഇതിനിടക്ക സേനാപതി അദ്ദേഹത്തിന്റെ പ്രിയപുത്രിയായ ഗംഗയുടെ സ്വയംവരമഹോത്സവം ആഘോഷിപ്പാൻ വട്ടംകൂട്ടുകയായിരുന്നു. അവഠം ഇപ്പോഠം ഇരുപതുവയസ്സുള്ള ഒരു യുവതിയാണ്. വിദേഹരാജ്യം മുഴുവനും, മാത്രമല്ല പുറത്തുകൂടിയും അവളുടെ അസാധാരണ സൌന്ദര്യ്യവും, ബുദ്ധിനൈപുണ്യവും, ശീലത്തിന്റെ പരിശുദ്ധിയും, മാധുര്യ്യവും പ്രഖ്യാതമായിരുന്നു. നഗരത്തിൽ നല്ലവണ്ണം വിദ്യാഭ്യാസം ചെയ്തിട്ടുള്ള യുവാക്കന്മാരിൽ പലരേയും അവഠംക്കു പരിചയമുണ്ടായിരുന്നു. ഇഷ്ടമെങ്കിൽ അവരിൽ ഏതെങ്കിലും ഒരാളെ അവഠംക്ക് വരിക്കാം. ഉന്നതവംശജന്മാരായ അനേകം രാജാക്കന്മാരും രാജകുമാരന്മാരുംതന്നെ അവളെ ആഗ്രഹിച്ചിരുന്നു. അതിൽ താഴ്ന്നപടിയിൽ ഉള്ളവരുടെ സംഗതി വിശേഷിച്ച് പറയേണ്ടതില്ലല്ലൊ. പക്ഷെ അവളുടെ ഹൃദയത്തിൽതന്നെ ഏതെങ്കിലും ഒരു പ്രത്യേക മനുഷ്യനെപ്പററി ഗൂഢമായ താല്പര്യ്യമില്ലാതെയും ഇരുന്നിരിക്കയില്ല. എന്നാൽ അവളാകട്ടെ, അവളുടെ അച്ഛനാകട്ടെ സാധാരണരീതിയിൽ അവളുടെ പെൺകൊട നടത്താൻ വിചാരിക്കുന്നില്ല. ഈ അടിയന്തരം കുലീനക്ഷത്രിയക്ക് വിഹിതമായ പൂർവ്വാചാരമനുസരിച്ചുള്ള ഒരു രീതിയിൽ ആയിരിക്കണം. ഒരു കേമമായ സ്വയംവരാഘോഷംതന്നെ ആയിരിക്കണം. അതിൽ ഒരു പന്തയം നിശ്ചയിക്കണം. അതായത് ഈ സുന്ദരിയായ കന്യകയുടെ പാണിഗ്രഹണത്തിന്റെ മൂല്യമായി സാമർത്ഥ്യദ്യോതകമായ ഒരു ശസ്ത്രകൌശലം നിർദ്ദേശിച്ചിരിക്കണം. ഈ സംഗതിയിൽ അച്ഛന്റെയും മകളുടെയും മനസ്സ് പൂർണ്ണമായും ഒന്നുതന്നെയായിരുന്നു. വാസ്തവക്ഷത്രിയസ്വഭാവമുള്ളവരും ധീ

Digitized By Kerala Sahitya Akademi

രരും ശൂരവൃത്തികളുമായി ആ കുടുംബത്തിലുള്ള മററ സംബന്ധികളും ഈ നിശ്ചയത്തെ ഹൃദയപൂൎവ്വം പിൻതാങ്ങുകതന്നെചെയ്തു. അതുകൊണ്ടു് ഒരുക്കങ്ങൾ വളരെ കേമമായി; അതായതു് പ്രാചീന ഭാരതവൎഷത്തിലെ ഏററവും ശക്തിയേറിയ സൈന്യങ്ങളിൽ ഒന്നിന്റെ നായകന്റെ പ്രസിദ്ധിക്കും സ്ഥാനത്തിനും അനുരൂപമായവിധത്തിൽ സന്നദ്ധമായി. എല്ലാരാജാക്കന്മാൎക്കും, ശൂദ്രർ, അനാൎയ്യർ ഈ വൎഗ്ഗത്തിൽപെട്ട രാജാക്കന്മാൎക്കുകൂടിയും, പണ്ഡിതന്മാരായ ആചാൎയ്യന്മാൎക്കും, സമർത്ഥന്മാരായ ഭരണതന്ത്രജ്ഞന്മാൎക്കും, ഉയന്നതരം സൈനിക ഉദ്യോഗസ്ഥന്മാൎക്കും, വലിയ ധനികളായ കച്ചവടക്കാൎക്കും എല്ലാം നിമന്ത്രണങ്ങൾ അയച്ചിരുന്നു. അതിനും പുറമെ രാജ്യംമുഴുവൻ പ്രഭുകുമാരിയായ ഗംഗയെ നിർദ്ദിഷ്ടമായ ശസ്ത്രകൌശലത്തിൽ വിജയംനേടുന്ന ആൾക്കു് ജാതിയേയൊ സ്ഥാനവലിപ്പത്തെയൊ ഗണ്യമാക്കാതെ വിവാഹംചെയ്തു കൊടുക്കുന്നതാണെന്നുള്ള ഒരു പൊതുവിളംബരം മുരശടിച്ചു് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കലീനക്ഷത്രിയന്മാർ തങ്ങളുടെ പുത്രിമാരെ പരസ്യമായ സ്വയംവരത്തിൽ വച്ചു് ജാതിയിൽ ഏററവും താണപടിയിൽ ഉള്ള ഒരുവനുകൂടിയും വിവാഹം ചെയ്തുകൊടുപ്പാൻ സമ്മതിക്കത്തക്കവെണ്ണം അവരുടെ സ്ഥാനവലിപ്പത്തെ വിസ്മരിച്ചുകളയുന്നതിനെപ്പററി ജാതിബന്ധത്താൽ വലയുന്ന ഈ കാലത്തു് ആശ്ചൎയ്യം തോന്നും. എന്നാൽ പ്രാചീനകാലത്തെ ക്ഷത്രിയർ വിശാലഹൃദയരും സ്വതന്ത്രബുദ്ധികളും ഉൽപതിഷ്ണുക്കളും ആയിരുന്നു എന്നുള്ള വസ്തുതയ്ക്കു പുറമെ, നാം വായിച്ചറിയുന്ന സ്വയംവരത്തിൽ വേദാന്തപരമായി അഗാധമായ ഏതോ ഒരു താല്പൎയ്യംകൂടി അന്തർഭവിച്ചിരിക്കുന്നു എന്നു തോ

Digitized By Kerala Sahitya Akademi

ന്നു. പന്തയമായി നിശ്ചയിക്കപ്പെട്ടുവന്നതു് സാധാരണമായി വളരെ കഷ്ടസാദ്ധ്യമായ ഒരു കൃത്യമായിരിക്കും. അതുകൊണ്ടു് അതിനായി നിർദ്ദേശിക്കപ്പെടുന്ന ആയുധകൗശലം രാജ്യത്തിൽവച്ചു ഏററവും നല്ലവണ്ണം പരിശീലിക്കയും അതിൽ സാമത്ഥ്യം നേടുകയും ചെയ്തിട്ടുള്ള ആയുധാഭ്യാസികൾക്കു് മാത്രമെ സാദ്ധ്യമായിരിക്കൂ. അതുകൊണ്ടു് അങ്ങിനെയുള്ളവർ താഴ്ന്ന ജാതി ജനങ്ങളുടെ ഇടയിൽ കാണപ്പെടുന്നു എങ്കിൽ അവരും യോഗ്യതകൊണ്ടു് അതായതു്, 'ഗുണം'കൊണ്ടും 'കർമ്മം'കൊണ്ടും ക്ഷത്രിയർതന്നെ ആയിരിക്കണം. ആ കാരണത്താൽ ക്ഷത്രിയകന്യകകൾ അവരുടെ ഭാര്യമാരായി തീരുന്നതുകൊണ്ടു് അവക്കു ഒരിക്കലും പാതിത്യം ഉണ്ടാകുന്നതല്ല. സ്വയംവരം ആഘോഷിച്ചുവന്ന പണ്ടത്തെ പടയാളിവർഗ്ഗക്കാർ (ക്ഷത്രിയർ) ഇങ്ങനെതന്നെ വിചാരിച്ചിരുന്നു എന്നു തോന്നുന്നു. അങ്ങിനെതന്നെ യുദ്ധസാമർത്ഥ്യത്തേയും വീരത്വത്തേയും അപേക്ഷിച്ചു് ഒട്ടും കുറയാത്ത വിദ്യാഭ്യാസവും വിജ്ഞാനവുമുള്ള യജ്ഞദത്തനും വിചാരിച്ചു എന്നുള്ളതും സംഭാവ്യമത്രെ.

പ്രസ്തുത സ്വയംവരം നടത്താൻ വിചാരിച്ചിരുന്നതു് ഗംഗാതീരത്തിൽ ജനകപുരത്തിൽനിന്നു എട്ടു മൈൽ താഴേയുള്ള ഒരു ജനപദമന്ദിരത്തിൽവച്ചായിരുന്നു. ആ മന്ദിരത്തിനടുത്തു് ഒരു തുറന്ന സ്ഥലത്തായി അടിയന്തരത്തിനു് ഹാജരാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന മഹാജനസംഘത്തെ ഇരുത്തുന്നതിനു് മഹത്തായ ഒരു രംഗമണ്ഡപം നിമ്മിക്കപ്പെട്ടിരുന്നു. ലക്ഷ്യവേധം ചെയ്യുന്നതിനായി ഒരു നീണ്ട കഴ നാട്ടി അതിന്മേൽ മന്ദം മന്ദം തിരിഞ്ഞുകൊണ്ടിരുന്ന, മരംകൊണ്ടുള്ള ഒരു മയിലിൻെറ രൂപം ആസ

Digitized By Kerala Sahitya Akademi

നപ്പടികളുടെ (ഗ്യാലറി) ഒരററത്തായി ഘടിപ്പിച്ചിരുന്നു. ആ വിശാലമായ മണ്ഡപം മുഴവൻ അതിവിശേഷമായി ചിത്രങ്ങൾ എഴുതീട്ടുള്ള മേക്കെട്ടികൾ കൊണ്ടു് വിതാനിച്ചിരുന്നു. മണ്ഡപത്തിന്നു് നാലു വാതിലുകളാണു് ഉണ്ടായിരുന്നതു്. അവ ദ്വാരപാലകന്മാരാൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടിരുന്നു. ചെറുതും വലുതുമായി മണ്ഡപത്തിന്നു ചുററും അതിഥികളുടെ താമസത്തിന്നായി അനവധി കൂടാരങ്ങളും അടിക്കപ്പെട്ടിരുന്നു. അതുകൊണ്ടു് എല്ലാംകൂടി ആ സ്ഥലം കൂടാരങ്ങൾകൊണ്ടുള്ള ഒരു നഗരംപോലെയോ, യുദ്ധയാത്ര പുറപ്പെട്ടിരിക്കുന്ന ഒരു വലിയ സൈന്യത്തിന്റെ സേനാനിവേശംപോലെയോ കാണപ്പെട്ടു. അടിയന്തരം തുടങ്ങേണ്ടതു് പ്രത്യേകം നിശ്ചയിച്ചിരുന്ന ഒരു ദിവസത്തിൽ അതിരാവിലെ ആയിരുന്നു. എന്നാൽ അതിഥികൾ നിശ്ചിതദിവസത്തിന്നു വളരെ മുൻകൂട്ടിത്തന്നെ വന്നുതുടങ്ങുകയും അവരെയെല്ലാം ഓരോരുത്തൎക്കു നിർദ്ദേശിച്ചിരുന്ന കൂടാരങ്ങളിൽ സുഖമായി താമസിപ്പിക്കുകയും ചെയ്തു. ജനകപുരത്തിൽനിന്നു് അതിഥികൾ അടിയന്തരത്തിന്റെ തലേനാൾ ഉച്ചതിരിഞ്ഞാണു് ജനപദമന്ദിരത്തിലേയ്ക്കു് പുറപ്പെട്ടതു്. യുവാക്കന്മാൎക്കു് പ്രത്യേകശുഷ്കാന്തിയും ഔചിത്യത്തിന്നു് ഭംഗംകൂടാത്തവിധത്തിൽ കഴിയുന്നത്ര നേരത്തെ സ്ഥലത്തെത്താൻ ഉല്ക്കണ്ഠയും വർദ്ധിച്ചു. നേരത്തെ അവിടെ എത്തുന്നതിന്നു് മറെറാരു പ്രേരകംകൂടി ഉണ്ടായിരുന്നു. ആ സ്ഥലം പലപ്രകാരത്തിലുള്ള പക്ഷിമൃഗാദികളെക്കൊണ്ടു നിറഞ്ഞ ഒരു വനപ്രദേശമാകയാൽ അതിവിശിഷ്ടമായ ഒരു വേട്ടയ്ക്കുകൂടി ഏൎപ്പാടുചെയ്തിരുന്നു. അവിടെ കുന്നുകളുടെ അടിവാരങ്ങളിൽ അവിടവിടെയായി കാട്ടാളന്മാരു

Digitized By Kerala Sahitya Akademi

ടെ ചെറിയ കുടിപാൎപ്പുസ്ഥലങ്ങളും ഉണ്ടായിരുന്നു. ഇവരാണു് പൂൎവ്വനിവാസികൾ. പണ്ടത്തെക്കാലത്തു് ഇവർ അനേക യാഗങ്ങളെ വിഘ്നപ്പെടുത്തുകയും, അനേകം ആൎയ്യന്മാരെ കൊല്ലുകയും, പിടിച്ചുകൊണ്ടുപോകയും ചെയ്തിട്ടുണ്ടു്. നാം ഇപ്പോൾ വൎണ്ണിക്കുന്നവിധത്തിലുള്ള അനേകം യുവാക്കന്മാരുടെ ശരങ്ങൾക്കു് ഇവർ ഒന്നാംതരം ലാക്കുകളായും തീൎന്നിട്ടുണ്ടു്. ഈ കഥ നടന്നകാലത്തുകൂടിയും രാജ്യത്തിൽ പല സ്ഥലങ്ങളിലും ആൎയ്യന്മാരുടെ വസതികളിൽ ഈ കാട്ടാളന്മാർ കൊള്ളയിടുക പതിവായിരുന്നു. എന്നാൽ ഒരു വലിയ നഗരത്തിന്റെ സാമീപ്യവും വിശേഷിച്ചു് ഏററവും ശക്തിമാനായ ഒരു മഹാരാജാവെന്നു, ജനകനുണ്ടായിരുന്ന പ്രസിദ്ധിയും ഈ മലയന്മാരെ നിൎവ്വീൎയ്യരാക്കുകയും, ആൎയ്യന്മാരുടെ രക്തത്തിലും ധനത്തിലും ഉള്ള അവരുടെ രുചിയെ മിക്കവാറും വിസ്മരിപ്പിക്കയും ചെയ്തു. അവരുടെ ഈ പുറമേ കാണുന്ന ശാന്തതകണ്ടു് ജനകൻ തന്റെ രാജ്യത്തിൽ ആ കൂട്ടർ ഉള്ളേടത്തെല്ലാം അവരെ മലംകുടിലുകളിൽ താമസിച്ചു് പ്രാകൃതസ്ഥിതിയിൽ വേട്ടയാടിയും, മീൻപിടിച്ചും ശാന്തമായി കാലംകഴിച്ചുകൊള്ളുവാൻ വിട്ടിരുന്നു. അതിനാൽ യജ്ഞദത്തന്റെ മന്ദിരത്തിൽ ഇപ്പോൾ എത്തിച്ചേൎന്നിരിക്കുന്ന മൃഗയാപ്രിയന്മാരായ ചെറുപ്പക്കാൎക്കു് സ്വയംവരത്തിന്റെ തലേനാൾ സായാഹ്നത്തിലുള്ള വേട്ടയിൽ തങ്ങൾ എയ്തുകൊല്ലാൻ വിചാരിച്ച ജന്തുക്കളുടെ കൂട്ടത്തിൽ ഈ പരിഷയെക്കൂടി ഉൾപ്പെടുത്താൻ മനസ്സുണ്ടായിരുന്നില്ല.

എന്നാൽ ഈശ്വരഹിതം മറിച്ചായിരുന്നു എന്നുള്ളതും നമുക്കു വഴിയേ കാണാം. നഗരത്തിൽനിന്നു വന്നെത്തിയ ജനങ്ങൾ കൂട്ടംകൂട്ടമായി സ്വയംവരഭൂമി

Digitized By Kerala Sahitya Akademi

യുടെ ചുററും അടിയന്ത്രത്തിന്നായി ചെയ്തിരിക്കുന്ന ഓരോ ഒരുക്കങ്ങളേയും കൌതുകത്തോടെ നോക്കിക്കൊണ്ടും, ആ പടകുടീരനഗരത്തിന്റെ സമീപമുള്ള മനോഹരമായ വനഭംഗിയെ കണ്ടു് ആനന്ദിച്ചുകൊണ്ടും സഞ്ചരിക്കയായിരുന്നു. സുന്ദരിയായ ഗംഗയുടെ പാണിഗ്രഹണാർത്ഥികൾ ഉൾപ്പെടെയുള്ള തരുണന്മാരായ വില്ലാളികളുടെ ഒരു സംഘം അടുത്തുള്ള ഒരു കുന്നിന്നരികെ പക്ഷിവേട്ടയിൽ ഏർപ്പെട്ടിരുന്നു. അവർ പിറെറന്നാൾ രാവിലെ തങ്ങളുടെ കൈകളെ പരീക്ഷിച്ചുനോക്കേണ്ടതായ ആ ദുഷ്കരകൃത്യത്തിന്നായി പ്രത്യക്ഷത്തിൽ തന്നത്താൻ തയാറാകുകയായിരുന്നു. അങ്ങിനെ സന്നദ്ധരാകുന്നവരിൽ ഒരാളല്ലെങ്കിലും മൈത്രേയൻകൂടി ആ സംഘത്തിൽ ഉണ്ടായിരുന്നു. അയാളും വില്ലെടുത്തിരുന്നു. ഒന്നോ രണ്ടോ പക്ഷികളെ എയ്തുവീഴ്ത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രത്യക്ഷമായും അയാളുടെ മനസ്സ് ഈ വിനോദത്തിൽ ഒന്നുമല്ല. ക്രമേണ അയാൾ സംഘത്തിൽനിന്നു സ്വതേ വേർപെടുകയും, ഇന്നദിക്കിലേക്കെന്നില്ലാതെ നടന്നുകൊണ്ടിരിക്കയും ചെയ്തു. അയാൾ ഒരു സ്വയംവരത്തെപ്പററി ചിന്തിക്കയാണ്. പിറെറദിവസം നടക്കാൻ പോകുന്ന സ്വയംവരത്തെപ്പററി അല്ല. മറെറാന്നിനെപ്പററി. അയാൾക്കു് അതു സ്വതേ തോന്നി. എന്നെങ്കിലും ഒരുദിവസം അതു നടക്കുമായിരിക്കും. സരസ്വതിയുടെ അതായതു്, വിഷ്ണുമിത്രന്റെ സുന്ദരിയും മഹാവിദുഷിയുമായ പുത്രിയുടെ സ്വയംവരമാണതു്. ആ അടിയന്തിരം ഇപ്പോൾ ഒരു സംഭാവ്യതയിൽമാത്രം ഇരിക്കുന്നേ ഉള്ളു. എങ്കിലും അതിനെപ്പററിയ വിചാരം അയാളുടെ ഹൃദയസ്പന്ദനത്തെ ത്വരിപ്പിക്കയും, പാടലവർണ്ണമായ മുഖത്തിൽ

Digitized By Kerala Sahitya Akademi

നിന്നു രക്തത്തെ നിഷ്കാസിപ്പിക്കയും ചെയ്തു. അവളുടെ പാണിഗ്രഹണത്തിന്നു താൻ അർഹനാകുന്നതല്ലെന്നു് അയാൾ അറിഞ്ഞിരുന്നു. അയാൾ സമർത്ഥനായ ഒരു വില്ലാളിതന്നെ, സംശയമില്ല. എന്നാൽ വളരെ ശ്രദ്ധാപൂർവ്വം അഭ്യസിച്ചിട്ടുള്ള ധനുർവ്വേദാചാര്യരുടെ ശിഷ്യന്മാരോടു് ഏതെങ്കിലും പ്രകാരത്തിൽ താൻ തുല്യനാണെന്നു അയാൾക്കു വിചാരിച്ചുകൂടുന്നതല്ലല്ലൊ. വിശേഷിച്ചും സ്വയംവരത്തിൽ ജാതിയും സ്ഥിതിയും വിചാരിക്കാതെ ആൎക്കും ചേരുന്നതിന്നു വിരോധമില്ലെങ്കിലും ഒരു ക്ഷത്രിയകന്യകയുടെ പാണിഗ്രഹണത്തിന്നായി സാക്ഷാൽ വില്ലാളികളോടൊപ്പം ഒരു വേദാദ്ധ്യാപകൻ മത്സരിക്കുക എന്നുള്ള അഭിപ്രായംതന്നെ അത്ര ജനസമ്മതമായിരിക്കയില്ല. എന്നുതന്നെയല്ല, തന്റെ അച്ഛൻ ഒരു ക്ഷത്രിയയെ—വിശേഷിച്ചു അദ്ദേഹത്തിന്റെ പ്രിയസുഹൃത്തായ വിഷ്ണുമിത്രന്റെ പുത്രിയെ—സാധാരണരീതിയിൽ വിവാഹംകഴിച്ചു കൊടുത്താൽ വധുവായി സ്വീകരിക്കുന്നതിന്നു തടസ്സംപറകയില്ലെന്നിരുന്നാലും ഇങ്ങിനെ ഒരു മത്സരത്തിന്നു അനുവാദം നൽകുമെന്നു അയാൾക്കു പ്രതീക്ഷിപ്പാൻ പാടില്ലായിരുന്നു. ഈ വിചാരങ്ങൾ മൈത്രേയനെ അത്യന്തം വ്യസനാക്രാന്തനാക്കി. ഒടുവിൽ തന്റെ ഹൃദയപീഠത്തിൽ ഏററവും ഉയൎന്ന ഒരു സ്ഥാനത്തിൽ പ്രതിഷ്ഠിച്ചു വളരെക്കാലമായി ആരാധിച്ചുപോന്ന ആ ദേവതയെ പയ്യെ താഴത്തിറക്കുന്നതിന്നു വിവേകം അയാളെ തെരിപ്പിച്ചു. ഇങ്ങിനെയിരിക്കുമ്പോൾ പെട്ടെന്നു അയാൾ തന്റെ മുമ്പിൽ കാണുന്ന വ്യക്തി ഏതാണു്? അയാളുടെ ആരാധനയ്ക്കു വിഷയമായിരുന്ന ആ ആളല്ലാതെ മറെറാന്നും തന്നെ അല്ല. അയാളുടെ തീവ്രതൃഷ്ണയുടെ വശീകരണ

Digitized By Kerala Sahitya Akademi

വിദ്യയാൽ എന്നപോലെ അവൾ അവിടേക്ക് ആകർഷിക്കപ്പെട്ടു. സമാനവയസ്കകളായ മററനേകം പെൺകിടാങ്ങളോടൊന്നിച്ചു അവൾ അവിടെ ചുററുമുള്ള മനോഹരമായ വനഭംഗി കണ്ടു് സന്തോഷിച്ചുകൊണ്ടു് സഞ്ചരിക്കയായിരുന്നു. അവൾ മൈത്രേയനെ കണ്ടെന്നും കണ്ടില്ലെന്നും വരാം. എന്നാൽ അടിക്കടി പൂക്കളാൽ ആവൃതമായ ഓരോ കാട്ടുചെടികൾ അവളുടെ ദൃഷ്ടിയെ ആകർഷിക്കയും, അവൾ സഹചാരിണികളുടെ സംഘം വിട്ടു് അകലെയാകയുംചെയ്തു. പൂക്കളുറക്കുന്നതിലുള്ള കൌതുകം അവളെ സഖികളിൽനിന്നു ക്രമേണ അധികമധികം ദൂരത്തേയ്ക്കു ആകർഷിച്ചു. ഒടുവിൽ ഒരു ചെറിയ കുന്നു അവരുടെ ദൃഷ്ടിയിൽനിന്നു അവളെ തീരെ മറയ്ക്കുകയുംചെയ്തു. മൈത്രേയനാകട്ടെ, പയ്യപ്പയ്യേ നടന്നു പക്ഷിവേട്ടക്കാരിൽനിന്നു അധികമധികം ദൂരത്തേക്കുള്ള ഗതി തുടർന്നുകൊണ്ടും, തൻെറ ഹൃദയപ്രിയയായ മാന്യസ്ത്രീയോട്ട് ഉപചാരം കാണിക്കുന്നതിനോ സാസാരിക്കുന്നതിനൊ മനസ്സുണ്ടായില്ല എങ്കിലും അവളോട്ട് അധികമധികം സമീപിച്ചുകൊണ്ടും ഇരുന്നു. പെട്ടെന്നു ആ കന്യക ദുരശ്രവമായ ഒരു വിളി വിളിച്ചു; അതു് ആപൽസൂചകമായ ഒരു വിളി ആയിരുന്നു. മൈത്രേയൻ മേല്പോട്ടു നോക്കിയപ്പോൾ (അവളുടെ നേരേ സൂക്ഷിച്ചുനോക്കുന്നതിനു എപ്പോഴും ലജ്ജയാൽ അയാൾ അശക്തനാണ്.) തടിച്ചു് ഭയങ്കരരൂപനായ ഒരു മലയൻ അവളെ പിടികൂടി ദൂരത്തിൽ കാണുന്ന പവ്വതനിരകളിലേക്കു എടുത്തുകൊണ്ടുപോകുന്നതായികണ്ടു. അയാൾ ഉടനെതന്നെ കോപത്തോടെ അട്ടഹസിച്ചുകൊണ്ടും സാധിച്ചില്ലെങ്കിലും ശരം പ്രയോഗിപ്പാൻ കോപ്പുകൂട്ടിച്ചുകൊണ്ടും, ആ രാക്ഷസൻെറ അടുക്കലേക്കു

Digitized By Kerala Sahitya Akademi

പാഞ്ഞുചെന്നു. അവനെ എയ്തു താഴത്തിട്ട് അവന്റെ ഓട്ടം തടുക്കാൻ ഉദ്ദേശിച്ച ശരം അവന്ന് ഇരയായിത്തീന്നിരിക്കുന്ന ആളെ മുറിവേല്പിക്കുകയോ പ്രാണഹാനിവരുത്തുകതന്നെയോ ചെയ്യേക്കാമല്ലൊ. പിന്നെ അവനെ അനുധാവനംചെയ്യുന്ന ആൾക്കുണ്ടാകാവുന്ന ഒററ ഉപായം അധികതരമായ വേഗത്തിൽ ഓടി അവനോടു അടുത്തുകൂടുക മാത്രമായിരുന്നു. അതുകൊണ്ടു മൈത്രേയൻ കഴിയുന്നത്ര ശ്രമിച്ച് അങ്ങിനെ ചെയ്യാൻനോക്കി. പെട്ടെന്നു കാട്ടാളൻ ആ സാധുസ്ത്രീയെ തോളിലേക്കു പൊക്കി തന്റെ കഴുത്തിൽ ചുററിക്കെട്ടുന്നപോലെ ചെയ്തിട്ട് പ്രത്യക്ഷത്തിൽ, അവളുടെ ക്ലേശങ്ങൾക്ക് അറുതിവരുത്തി കഥകഴിപ്പാനായി കരചരണങ്ങളെ രണ്ടുകൈകളാലും കൂട്ടി ബലമായി പിടിക്കുന്നതു് അയാൾ കണ്ടു. മൈത്രേയന്ന് ശത്രുവിന്റെ ഈ ആരംഭംകണ്ടു് പെട്ടെന്നു ധൈര്യംതോന്നി അവന്റെ അപരകായത്തെ ലക്ഷ്യമാക്കി ഒരമ്പയച്ചു. ആ അമ്പു് അവനെ പഴങ്ങൾ നിറഞ്ഞ കരിമ്പനപോലെ മറിച്ചു താഴത്തിട്ടു. ആ സുന്ദരി അവന്റെ ശിഥിലമായ പിടിത്തത്തിൽനിന്നും തെററി അവളുടെ രക്ഷിതാവിന്റെ അടുക്കലേക്കു ഓടിച്ചെന്നു. അദ്ദേഹത്തിന്റെ നീട്ടിപ്പിടിച്ചിരിക്കുന്ന കൈകളുടെ ഉള്ളിൽ അവൾ വീണു് കാട്ടാളന്റെ അമ്പേററുവീണ മാടപ്രാവുപോലെ തുടിച്ചു. എന്നാൽ ഏതു കാമുകന്റെ ഹൃദയസ്വത്തെ അവൾ (താൻ അവനാൽ കാമിക്കപ്പെട്ടു് അത്രതന്നെ ഉൽക്കണ്ഠയോടുകൂടി) കാമിച്ചിരുന്നുവോ അതു അവളെ ഒരു ലേപനംപോലെ തണുപ്പിക്കയും, വേഗത്തിൽ സുഖപ്പെടുത്തുകയും ചെയ്തു. ഇതിനിടയിൽ മൈത്രേയന്റെ പക്ഷിവേട്ടക്കാരായ സ്നേഹിതന്മാർ ആ മാന്യസ്ത്രീയുടെ നിലവി

Digitized By Kerala Sahitya Akademi

ളിയും അവളുടെ രക്ഷിതാവായ അയാളുടെ അട്ടഹാസവുംകേട്ട് ബദ്ധപ്പെട്ടു അവിടേക്കു വന്നെത്തി. അവരുടെ പിന്നാലെ സരസ്വതിയുടെ സഖിമാർ നിലവിളിക്കുന്നതുകേട്ട് കൂടാരസ്ഥലത്തുനിന്നും ഒട്ടധികം ആളുകൾ വന്നുചേൎന്നു. കാട്ടാളനുമായി ഇടഞ്ഞ കഥയെപ്പററി മൈത്രേയൻ പറയുന്നതിന്നു മുമ്പുതന്നെ സംഗതി ഒരു നോട്ടത്തിൽ എല്ലാവൎക്കും മനസ്സിലായി. കാട്ടാളൻ ജനങ്ങൾ വന്നുകൂടിയിരിക്കുന്ന സ്ഥലത്തിന്ന് അല്പം അകലെയായി കിടന്നു രക്തപ്രവാഹത്തിൽ ഉരുളുകയായിരുന്നു. അവനെ കണ്ടമാത്രയിൽതന്നെ ആയുധപാണികളായ കുറെ യുവാക്കന്മാർ അവന്റെ നേരേ ഓടിച്ചെന്നു, അവരിൽ ഒന്നാമൻ വാളുരി ഒരു വെട്ടുകൊണ്ടു് അവനെ കൊല്ലുകയുംചെയ്തു. അന്നു കൊല്ലപ്പെട്ടതു് ഈ ഒരു അസുരൻമാത്രമല്ലായിരുന്നു. ആ ഭാഗ്യഹീനമായ വൎഗ്ഗത്തിൽപ്പെട്ട ജനങ്ങളുടെ ഒരു വലിയ പംക്തി മുൻവശത്തുള്ള മലയുടെ മുകളിൽ കാണപ്പെട്ടു. അവർ ചേഷ്ടകളാൽ തങ്ങളുടെ ഉദ്ദേശം മിത്രഭാവത്തിൽനിന്നു വളരെ ഭേദിച്ചിട്ടാണെന്നു വെളിപ്പെടുത്തുകയും അവിടെ കൂടിയിരുന്ന കുപിതന്മാരായ ക്ഷത്രിയന്മാരെക്കൊണ്ട് തങ്ങളുടെ നേൎക്കു ശരമാരി പെയ്യിപ്പിക്കയും ചെയ്തു. ശരങ്ങൾ അവയുടെ പ്രവൃത്തികളെ നല്ലവണ്ണം നടത്തി. എന്തുകൊണ്ടെന്നാൽ ആ കറുത്ത രൂപങ്ങളുടെ വലിയ അണിയിൽ ആദ്യത്തെ ശരവൎഷത്തിന്നുശേഷം രണ്ടോ മൂന്നോ പേർമാത്രമെ ശേഷിച്ചുകാണുമാറായിരുന്നുള്ളു. ശാഠ്യക്കാരായ ആ യുവാക്കന്മാരുടെ കോപത്തിന്ന് ഇതുകൊണ്ടൊന്നും ശമനമുണ്ടായില്ല. അവർ മുമ്പിൽ ദൂരത്തുള്ള പൎവ്വതനിരകളിന്മേൽ വെളുത്ത മേഘശകലങ്ങൾപോലെ കാണപ്പെട്ടിരുന്ന കുടിലുകൾ ദ്രോഹ

Digitized By Kerala Sahitya Akademi

ത്തിൻെറയും ഗൂഢാലോചനയുടേയും സങ്കേതങ്ങളാണെന്നു സംശയിച്ചിട്ട് അവയെ തകൎത്തുകളവാൻ തീൎച്ചയാക്കിക്കൊണ്ടു് പാഞ്ഞുചെന്നു. എന്നാൽ അവർ ഏതാനും അടികളെക്കാറും അധികം ദൂരത്തെത്തുന്നതിന്നുമുമ്പ് "നില്ക്കണേ, നില്ക്കണേ" എന്ന ഒരു ശബ്ദം അവരുടെ ഗതിയെ നിരോധിച്ചു. സാക്ഷാൽ സേനാപതിതന്നെ ശക്തിയുള്ള ഒരു സൈനികസംഘത്തോടുകൂടി അവിടെ വന്നുചേൎന്നു. അദ്ദേഹം ക്ഷത്രിയയുവാക്കന്മാരോട് ഇങ്ങിനെ പറഞ്ഞു. "ചെറുപ്പക്കാരായ സ്നേഹിതന്മാരേ, ഞാൻ ഒന്നപേക്ഷിക്കുന്നു; എനിക്കുവേണ്ടി നിങ്ങൾ നില്ക്കണേ. ക്ഷത്രിയരായ നാം വാസ്തവമായും ആവശ്യമുള്ളടിക്കിലെല്ലാം രക്തം ചൊരിയുന്നതിൽനിന്നു പിന്മാറരുതുതന്നെ. എന്നാൽ അകലെയുള്ള ആ ഗ്രാമത്തിൽനിന്നു നമുക്ക് ഒരു ഉപദ്രവവും ഉണ്ടായിട്ടില്ലല്ലൊ. ഒരു പാവപ്പെട്ട പോക്കിരി തൻെറ ജീവനാശത്തിനായി കാണിച്ച അക്രമം അവൻെറ സ്വന്തം വിഡ്ഢിത്തത്തിൻെറ ഫലമായിത്തന്നെ ഇരുന്നേക്കാം. അവനോടനുകമ്പ കാണിച്ച മററുചിലർ കൊല്ലപ്പെട്ടതും ഏറെക്കുറെ ഉചിതംതന്നെ. ഒരു മംഗളസന്ദർഭത്തിൽ ഇതിലധികം രക്തംചൊരിച്ചിൽ നാം ഉണ്ടാക്കരുതു്. ഈ ബലവത്തായ സൈനികസംഘത്തെ രക്ഷയ്ക്കായി ഞാൻ ഇവിടെ നിൎത്തുന്നു. ഇവർ ഇന്നു രാത്രി മുഴുവനും, നാളെപ്പകലും ഇവിടെത്തന്നെ നില്ക്കുകയും സ്വയംവരഭൂമിയിൽ ദുർവൃത്തന്മാരാരും അടുത്തുവരാതെ നോക്കിക്കൊള്ളുകയും ചെയ്യും. ഈ മുൻകരുതൽതന്നെ ധാരാളം മതിയാകുമെന്നു തോന്നുന്നു. സംഭവിച്ചുപോയതിനെപ്പററി നാം ഇനി വ്യസനിച്ചിട്ടും ആവശ്യമില്ല. എന്നാൽ ഒരു സ്വയംവരത്തെ ഉടനേതന്നെ

Digitized By Kerala Sahitya Akademi

മററൊന്ന പിൻതുടരുമാറായതു് ഒരുവിധം ശുഭസൂച കമാണെന്ന ഞാൻ വിചാരിക്കുന്നു." ഈ വാക്കുകൾ ഉച്ചരിക്കുന്നതിന്നിടക്കു് സേനാപതി മന്ദസ്മിതത്തോടുകൂടി മൈത്രേയനേയും, അയാളുടെ ചുററും നിന്നിരുന്ന യുവാക്കന്മാരേയും നോക്കി. അവരും അദ്ദേഹത്തേയും, അവരിൽ ഓരോരുത്തരേയും അന്യോന്യം നോക്കി മന്ദസ്മിതം ചെയ്തു. സേനാപതി വൃദ്ധനാണെങ്കിലും അദ്ദേഹത്തിൻെറ ഹൃദയം ഇപ്പോഴും യൗവനയുക്തമാണെന്നും, അവരുടെ ഹൃദയങ്ങളെ ഉള്ളവണ്ണം അറിയുന്ന എന്നും അവക്കു തോന്നി. അദ്ദേഹം പറഞ്ഞതു ശരിയായും എല്ലാവരുടേയും ഹൃദയത്തിൽ തോന്നിയതുതന്നെ ആയിരുന്നു. പ്രഭുകുമാരിയായ സരസ്വതി തൻെറ സ്വയംവരത്തെപ്പററി മുമ്പേതന്നെ വിചാരിച്ചിരുന്നു. എന്നാൽ ഇതിന്നശേഷം ആരും അവൾക്കു സാക്ഷാൽ നടന്ന മേല്പറഞ്ഞതിനേക്കാൾ അന്യമായ ഒരു സ്വയംവരത്തെപ്പററി ചിന്തിച്ചില്ലതന്നെ. ഇപ്പോൾ ഇവിടെ വണ്ണിപ്പാൻ പോകുന്നതു് ഗംഗയുടെ സ്വയംവരം മാത്രമാണു്.

---

Digitized By Kerala Sahitya Akademi

# മൈത്രേയി

## അധ്യായം 7

### സ്വയംവരം

പിറേറ ദിവസം അതായതു സ്വയംവരത്തിനു നിശ്ചയിച്ചിരുന്ന ദിവസം ഉദിച്ചതു കാഹളങ്ങൾ, മുരശുകൾ മുതലായ വാദ്യങ്ങളുടെ ഉന്മേഷജനകമായ നാദത്തോടുകൂടി ആയിരുന്നു. രസവും, ക്ഷോഭവും നിറഞ്ഞ ഒരു കാഴ്ച, കാണ്മാനുള്ള പ്രതീക്ഷയാൽ ക്ഷത്രിയരുടെ ഹൃദയം എല്ലാം ആഹ്ലാദംകൊണ്ടു തുള്ളിച്ചാടി. തലേനാൾ രാത്രി കൂടാരങ്ങളിൽ ശാന്തതയും ഉറക്കവും ചുരുക്കമായിരുന്നു. നേരം വെളുപ്പാകുന്നതിനു വളരെ മുമ്പുതന്നെ നഗരത്തിൽനിന്നും—തലേനാൾ വന്നുചേരാൻ കഴിയാത്ത—ജനങ്ങളുടെ പ്രവാഹങ്ങൾ വന്നു നിറയുകയും ചെയ്തു. ഉദിച്ചു ഒരു മുഹൂർത്തമാകുന്നതിനു മുമ്പു രംഗമണ്ഡപം മുഴുവൻ അതിൽ ഒതുങ്ങാവുന്നിടത്തോളം ജനങ്ങളെക്കൊണ്ടു നിറഞ്ഞു. കാഴ്ച എല്ലാം കൂടി ജനങ്ങൾ മുമ്പു കണ്ടിട്ടുള്ളതിനെ ഒക്കെക്കാൾ മോടിപിടിച്ചതും അതിവിചിത്രവുമായിരുന്നു. ആസനപ്പടികളാൽ ചുററും ആവൃതമായിരുന്ന വിശാലമായ തറയുടെ ഒരററത്തു പുത്തനായി നിമ്മിക്കപ്പെട്ട ഒരു സിംഹാസനം സ്ഥാപിച്ചിരുന്നു. അതിന്മേൽ തൻെറ മന്ത്രിമാരാലും കാര്യാലോചകന്മാരാലും പരിവൃതനായി വിദേഹന്മാരുടെ അധിപതിയായ ജനകമഹാരാജാവു് എഴുന്നുള്ളിയിരുന്നു. അദ്ദേററ

Digitized By Kerala Sahitya Akademi

ത്തിന്നു അഭിമുഖമായി ആ തുറന്ന സ്ഥലത്തിന്റെ മറേറ അററത്തായിരുന്നു ലക്ഷ്യവേധത്തിൽ മത്സരി പ്പാൻ കൂടിയവരുടെ രംഗം തീൎത്തിരുന്നതു്. അതി ന്നടുത്തു ലക്ഷ്യമായ കൃത്രിമമയിൽ ഒരു വലിയ കഴ യിന്മേൽ ഒരു കേവലമായ യന്ത്രത്തിന്റെ സഹായ ത്താൽ മെല്ലെമെല്ലെ തിരിഞ്ഞുകൊണ്ടുനിന്നു. മുറി ക്കേണ്ട ലക്ഷ്യം ആ കൃത്രിമപ്പക്ഷിയുടെ ഒരു കണ്ണായി രുന്നു. ആസനപ്പടിയുടെ മുകളിലത്തെ ഒന്നുപകുതി ഭാഗം മുഴുവൻ മത്സരക്കാരും കാഴ്ച്ചക്കാരും ആയി സേ നാപതിയുടെ നിമന്ത്രണം അനുസരിച്ചുവന്ന വിദേ ശീയരായ പ്രഭുക്കന്മാരാലും രാജാക്കന്മാരാലും നിറയ പ്പെട്ടിരുന്നു. മറേറപ്പകുതി മാന്യസ്ത്രീകളെക്കൊണ്ടു നിറഞ്ഞിരുന്നു. അവരുടെ ഇടയിൽ അന്നു അനേക ഹൃദയങ്ങളുടെ പ്രത്യാശകൾക്കു് ഏകവിഷയമായി സുന്ദരിയായ ആ കന്യക നക്ഷത്രങ്ങളുടെ ഇടയിൽ ചന്ദ്രനെപ്പോലെ തിളങ്ങിക്കൊണ്ടിരുന്നു. മാന്യസ്ത്രീ കളുടേയും, പ്രഭുക്കന്മാരുടേയും, ആഡംബരയുക്തവും നാനാവൎണ്ണവിചിത്രവുമായ വസ്ത്രാലങ്കാരങ്ങളും, ഒടു വിൽ പറഞ്ഞവരുടെ ഉജ്ജ്വലങ്ങളായ ആയുധങ്ങളും കാന്തികൊണ്ടു പ്രഭാതസൂൎയ്യന്റെ പ്രകാശത്തോടു എതി ൎക്കയാണോ എന്നു തോന്നി. രംഗമണ്ഡപത്തിന്റെ മററുഭാഗങ്ങൾ എല്ലാം വിദേഹരാജ്യത്തിലെ എല്ലാ ഭാഗങ്ങളിലും, പുറത്തും, അടുത്തും ദൂരെയുമുള്ള മററു രാജ്യങ്ങളിലുംനിന്നു വന്നുചേൎന്ന നാനാജാതിക്കാരും, നാനാവൎഗ്ഗക്കാരുമായ എല്ലാ ആളുകളുടേയും വലിയ പുരുഷാരങ്ങളാൽ നിറയപ്പെട്ടിരുന്നു. കാഹളങ്ങളു ടേയും, ഭേരികളുടേയും ഘോഷം, അടിയന്തിരത്തി ന്റെ ആരംഭമുഹൂൎത്തത്തെ വിളിച്ചറിയിച്ചു. ആ സൈനികവാദ്യങ്ങൾ നിന്നു. ഉടനെ അതിനേക്കാൾ

Digitized By Kerala Sahitya Akademi

മുഖ്യവും മംഗളപ്രദവുമായ ഹോതാക്കൾ, അദ്ധ്വര്യുക്കൾ, ഉദ്ഗാതാക്കൾ ഇവരുടെ ഋഗ്യജുസ്സാമവേദഗാനങ്ങൾ പിന്തുടൎന്നു. അനന്തരം, രാജാവിന്റെ കല്പന പ്രകാരം കന്യകയുടെ അച്ഛനുവേണ്ടി ഘോഷകൻ എഴുനേററുനിന്നു സ്വയംവരത്തിന്റെ ഉദ്ദേശത്തെയും സ്വഭാവത്തെയും, പ്രസ്താവിക്കയും പ്രഭുകുമാരിയായ ഗംഗ, തിരിഞ്ഞുകൊണ്ടുനില്ക്കുന്ന കൃത്രിമ മയൂരത്തിന്റെ ദൃഷ്ടികളിൽ ഒന്നായ ലക്ഷ്യത്തെ് മുറിക്കുന്ന പുരുഷനെ, അയാൾ ബ്രാഹ്മണനൊ, ക്ഷത്രിയനൊ, വൈശ്യനൊ, ശൂദ്രനൊ ആരായാലും വരനായി സ്വീകരിക്കുന്നതാണെന്നു വിളിച്ചറിയിക്കയും ചെയ്തു. ആ വിളംബരത്തെ ഒരു നിശ്ശബ്ദത പിന്തുടൎന്നു. പന്തയം അതികഠിനമായി കാണപ്പെട്ടു. ഏററവും സമൎത്ഥനായ വില്ലാളികൾപോലും അറച്ചുതോന്നി. ഈ നിശ്ശബ്ദത ആസനപ്പടികളുടെ ഏററവും ഉയൎന്ന സ്ഥാനത്തിൽനിന്നു മന്ദമായും ഉദാരമായും പാദങ്ങൾ വച്ചു താഴെ ഇറങ്ങിവന്ന ഒരു രാജാവിന്റെ ആയുധങ്ങളുടെ രണനത്താൽ ഭേദിക്കപ്പെട്ടു. എല്ലാ കണ്ണുകളും അദ്ദേഹത്തിന്റെ മേൽ പതിഞ്ഞു. ജിജ്ഞാസകൊണ്ടുള്ള ഒരു നിയന്ത്രിതമായ ഗൂഢഭാഷണവും, പ്രതീക്ഷയും സഭ മുഴുവൻ പരന്നു. ഈ സ്വയംവരാൎത്ഥിയുടെ പേരും സ്ഥാനവും പ്രസ്താവിക്കപ്പെട്ടില്ല; അദ്ദേഹത്തിന്റെ മകുടാലംകൃതമായ ശിരസ്സു താൻ ഒരു നാടുവാഴിയായ രാജാവാണെന്നു സൂചിപ്പിച്ചു. ഒരു പന്തയം വച്ചിരിക്കുമ്പോൾ സ്വയംവരാൎത്ഥികളെ വധുവിനോ സദസ്യൎക്കോ പരിചയപ്പെടുത്തേണ്ട ആവശ്യകതയില്ല. പന്തയം ഇല്ലാത്ത സ്വയംവരങ്ങളിലാണ് അങ്ങിനെ പരിചയപ്പെടുത്താറുള്ളതു്. അതുകൊണ്ടു് ഘോഷകൻതന്നെ ചെയ്യാതെ വിട്ടിരിക്കുന്ന

Digitized By Kerala Sahitya Akademi

സംഗതിയെ ഞാൻ ചെയ്യുന്നതല്ല. അവസാനത്തേ യും വിജയിയുമായ ആറുക്ഷ മുമ്പുള്ള സ്വയംവരാർത്ഥികഠം എല്ലാം അജ്ഞാതരായിത്തന്നെ പൊയ്ക്കൊള്ളട്ടെ. മത്സരത്തിന്ന് ആദ്യം ഇറങ്ങിയ ആ രാജാവിന്ന് ലക്ഷ്യം മുറിക്കാൻ കഴിഞ്ഞില്ലെന്നു പറയേണ്ടതില്ലല്ലൊ. അദ്ദേഹത്തെ തുടൎന്ന പിന്നെയും പത്തൊമ്പതു വീരന്മാർ ശ്രമിച്ചു. എല്ലാവരും മടങ്ങി. അവരുടെ ഇടയിൽ പല രാജാക്കന്മാരും, രാജകുമാരന്മാരും, സൈനിക ഉദ്യോഗസ്ഥന്മാരും, സ്വതന്ത്രയോദ്ധാക്കളും, ബ്രാഹ്മണരും, ക്ഷത്രിയരുമായ ധനുൎവ്വിദ്യാഗുരുക്കന്മാരും, ചുരുക്കം ചില ശൂദ്രപ്രഭുക്കന്മാരും യോദ്ധാക്കളും ഉഠപ്പെട്ടിരുന്നു. ആദ്യത്തെ ഇരുപതുപേർ പരാജിതരായ ഉടൻ പിന്നേയും സ്വല്പസമയത്തേക്ക് ഒരു നിശ്ശബ്ദത ഉണ്ടായി. ഉടൻ ജനകപുരത്തെ ധനുർവ്വേദാചാൎയ്യനായ വിഷ്ണുമിത്രൻ എഴുന്നേററു, ലക്ഷ്യവേധത്തിൽ മത്സരിച്ചു ഫലം നേടാനല്ല. തന്റെ ശിഷ്യന്മാരെ അതിലേക്കു നയിക്കാനും, ഉപദേശിക്കാനുമാണ്. അവർ പത്തുപേരുണ്ടായിരുന്നു. എല്ലാവരും അദ്ദേഹത്തിന്റെ പാദസന്നിധിയിൽ ഇരിക്കയും, തങ്ങളുടെ മുമ്പാകെ ഇരിക്കുന്ന ദുഷ്കരകൃത്യത്തെ അവർ നിൎവ്വഹിപ്പാൻ ഉദ്യുക്തരായി പുറപ്പെടുമ്പോഠം അടുത്തുനിന്ന് പ്രോത്സാഹിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യണമെന്ന് അദ്ദേഹത്തെ നിൎബ്ബന്ധിക്കയും ചെയ്തു. കൃത്യവും രസവും (രണ്ടും) അദ്ദേഹത്തെ അങ്ങിനെ സമ്മതിപ്പാൻ പ്രേരിപ്പിച്ചു. തന്റെ ശിഷ്യരിൽ ഒരാഠം ജയിക്കയാണെങ്കിൽ ആയാളിന്റെ യശസ്സിൽ ഒരു ഭാഗം അദ്ദേഹത്തിന്നാണല്ലൊ. അതു കൊണ്ടു് ആ യുവാക്കന്മാർ ഓരോരുത്തരായി അദ്ദേഹത്തിന്റെ അടുക്കൽ എഴുന്നേററുനിന്നു അമ്പുകഠം വിട്ട

Digitized By Kerala Sahitya Akademi

ന്നതിന്നുമുമ്പ് അദ്ദേഹം ഉപദേശിക്കുന്ന ക്രമത്തെ ശ്രദ്ധയോടെ കേട്ടു. അതു ചുരുക്കിൽ താഴെ പറയും വണ്ണമായിരുന്നു. "കണ്ണുകൾ പക്ഷിയുടെ മേൽ വയ്ക്കുക; അതൊഴിച്ചുള്ള കാഴ്ചകൾ എല്ലാം മറഞ്ഞുപോകട്ടെ; പക്ഷിയുടെ കണ്ണു തിരിഞ്ഞു നേരേ വരുന്നതിനു വേണ്ട സമയം എന്താണെന്നു കണക്കാക്കികൊള്ളുക; അമ്പു അതിൽ എത്തുന്നതിനു വേണ്ട സമയത്തേയും കണക്കാക്കുക; അമ്പു പാഞ്ഞുചെല്ലേണ്ട ദൂരത്തേയും, പക്ഷിയുടെ കണ്ണു അഭിമുഖമായി വരാൻവേണ്ട സമയത്തേയും മനസ്സുകൊണ്ടു നിർണ്ണയിച്ച് ലക്ഷ്യമായ പക്ഷിയുടെ ദൃഷ്ടി കണ്ണിൽപ്പെടുന്നതിന്നുമുമ്പ് അമ്പ് അയച്ചേക്കുക; എപ്പോൾ അയയ്ക്കേണമെന്നു ഞാൻ പറകയില്ല. അതു ന്യായമല്ല; ശരിയായും എയ്യേണ്ട നിമിഷം ഏതാണെന്നു തന്നത്താൻ അറിയേണ്ടതാണ്." ഇത്ര കൃത്യമായ ഉപദേശം ലഭിച്ചിട്ടും, ഒടുവിൽ വന്ന സംഘത്തിൽ ഒമ്പതുപേരും ലക്ഷ്യവേധത്തിൽ തോററു. അവരിൽ ഒരു ബ്രാഹ്മണനും ഏഴു ക്ഷത്രിയന്മാരും, ഒരു വൈശ്യനും ഉണ്ടായിരുന്നു. ഇവരിൽ ചിലരുടെ അമ്പുകൾ വളരെ സമീപിച്ചിരുന്നു. പക്ഷിയുടെ ഒരു കണ്ണിൽ അമ്പുകൾ തൊടുകയും അതിനെ ഉരസിക്കൊണ്ടു പോകയുംചെയ്തു. പിന്നെ അവസാനത്തെ ആൾ അതായതു് വിജയിയായ ആൾ എഴുന്നേററു. അയാൾ നമ്മുടെ സ്നേഹിതൻ ബ്രഹ്മഗുപ്തനല്ലാതെ മററാരുമല്ലായിരുന്നു. അദ്ദേഹം സ്വദേശമായ കാശിയിൽനിന്നു ജനകപുരത്തേക്ക് ഇപ്പോൾ വരാനുള്ള കാരണം ഈ സ്വയംവരത്തെ സംബന്ധിച്ചുള്ള വിളംബരമാണെന്നു വായനക്കാർ പറയാതെ തന്നെ ഊഹിച്ചുകൊള്ളുമല്ലൊ. വിദേഹരാജ്യരാജധാനിയിൽ അദ്ദേഹം ആർക്കും നല്ല പരിചിതനായ

Digitized By Kerala Sahitya Akademi

ഒരു ദേഹമാണ്. ധനുർവ്വിദ്യയിൽ അദ്ദേഹത്തിനുള്ള വലിയ സാമർത്ഥ്യത്തെപ്പററിയും എല്ലാവക്കും അറിയാമായിരുന്നു. വിദ്യാർത്ഥിയായിരുന്നകാലത്തുതന്നെ അദ്ദേഹം പല മത്സരങ്ങളിലും ഏർപ്പെട്ടു വിജയം നേടുകയും, ഒട്ടധികം സമ്മാനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. അച്ഛന്റെ തൊഴിൽ താൻ കയ്യേററടുത്തശേഷം അദ്ദേഹത്തിനുള്ള വലിയ സ്വത്തിനേയും ഔദാര്യത്തേയും പററിയും പരക്കെ ബോദ്ധ്യമായിരുന്നു. ജനകപുരത്തിൽ അദ്ദേഹത്തെ അറിയുന്നവക്കെല്ലാം അദ്ദേഹത്തിന്റെ നേരെ വളരെ ബഹുമാനവും ആയിരുന്നു. അതുകൊണ്ട് അദ്ദേഹം വില്ലു കയ്യിലെടുത്തു ലക്ഷ്യത്തിന്റെ നേരെ എഴുന്നേററു നിന്നപ്പോൾ കാണികളുടെ ദൃഷ്ടികൾ എല്ലാം അദ്ദേഹത്തിന്റെ മേൽ പതിഞ്ഞു. പലരുടെ ഹൃദയത്തിലും അദ്ദേഹം ജയിക്കുമെന്നുള്ളതിൽ സന്ദേഹമില്ലാതിരുന്നതിനാൽ ആശംസ ദൃഢമായിത്തീരുകയുംചെയ്തു. ആചാര്യർ അദ്ദേഹത്തോട് പറയുന്നു. "കുഞ്ഞേ! നീ ലക്ഷ്യത്തിന്മേൽ നിന്റെ മനസ്സിനെ പൂണ്ണമായും ഏകാഗ്രപ്പെടുത്തുന്നതിനു മുമ്പ് ശരം അയയ്ക്കരുത്." ഏതാനും ക്ഷണങ്ങൾ കഴിഞ്ഞു എല്ലാവരും നിശ്ശബ്ദമായിരിക്കുമ്പോൾ ആചാര്യർ ചോദിച്ചു "ഇപ്പോൾ നീ എന്തുകാണുന്നു എന്നു പറയുക" ബ്രഹ്മഗുപ്തൻ പറഞ്ഞു "ഞാൻ പക്ഷിയെ മാത്രമെ കാണുന്നുള്ളു, കാഴ്ചക്കാർ എല്ലാം എന്റെ കണ്ണിൽനിന്നു മറഞ്ഞുപോയിരിക്കുന്നു." "നന്നായി, എന്നാൽ ഇനിയും എയ്യാറായിട്ടില്ല. സ്വല്പംകൂടി നില്ക്കുക" എന്നു ആചാര്യർ പറഞ്ഞു. വേറൊരു നിശ്ശബ്ദതകൂടി കഴിഞ്ഞശേഷം ആചാര്യർ വീണ്ടും ചോദിച്ചു. "ഇപ്പോൾ നീ എന്തു കാണുന്നു." "പക്ഷിയുടെ കണ്ണു എനിക്കു അഭിമുഖമാ

Digitized By Kerala Sahitya Akademi

യി വരികയും തിരിഞ്ഞുപോകയും ചെയ്യുന്നതുമാത്രമേ ഞാൻ കാണുന്നുള്ളു." എന്നു ബ്രഹ്മഗുപ്തൻ മറുപടി പറഞ്ഞു. ആചാൎയ്യർ "ശരി, കണക്കുകൂട്ടി ശരിയായ നിമിഷത്തിൽ എയ്തുകൊള്ളുക" എന്നു പറഞ്ഞു. ഏതാനും നിമിഷങ്ങൾകൂടി കഴിഞ്ഞു. ആ യുവാവ് ശരം അയച്ചു. അതു മയിലിന്റെ ഇടത്തെക്കണ്ണിൽ കൊണ്ടു വലത്തെക്കണ്ണിൽകൂടി കടന്നുപോയി. ഓരോ ത്തരും പക്ഷി കണ്ണിൽ അമ്പേറ്റുകൊണ്ടു കറങ്ങുന്നതു കണ്ടു്, ആ മഹാസദസ്സിൽനിന്നു അഭിനന്ദനാർത്ഥമായി ഒരു ആൎപ്പുവിളി പൊങ്ങുകയും, കാഹളങ്ങൾ, ഭേരികൾ മുതലായ വാദ്യങ്ങളുടെ നാദംകൊണ്ടു നഭോമണ്ഡലം പൂരിക്കയും ചെയ്തു. ഈ ഘോഷങ്ങൾ അവസാനിക്കുന്നതിനുമുമ്പ് സുന്ദരിയായ ഗംഗ, സഖികളാൽ അനുഗതയായി ആസനപ്പടികളിൽനിന്നു ഇറങ്ങി വിജയിയായ യുവാവിന്റെ കഴുത്തിൽ അതിമനോഹരങ്ങളായ പുഷ്പങ്ങളെക്കൊണ്ടു രചിച്ചിരുന്ന ഒരു മാല സമൎപ്പിക്കയും അയാളെ താൻ സ്വയം വരിച്ച ഭൎത്താവായി അഭിവാദ്യംചെയ്കയും ചെയ്തു. ജനങ്ങളുടെ ആഹ്ലാദത്തിന്നു അതിരുണ്ടായിരുന്നില്ല. ജയശബ്ദങ്ങളും അഭിനന്ദനങ്ങളും അവസാനിച്ചു-രംഗമണ്ഡപം ഒഴിഞ്ഞപ്പോഴേയ്ക്കു് നേരം ഉച്ചതിരിഞ്ഞു.

ഗംഗയുടെ വിവാഹം ഉടനേതന്നെ കഴിഞ്ഞു. ഉത്സവങ്ങളെല്ലാം അവസാനിച്ചശേഷം സേനാപതി തന്റെ മന്ദിരവും, തൽക്കാലത്തേക്കായി നിൎമ്മിക്കപ്പെട്ടിരുന്ന പടകുടീരങ്ങളും എല്ലാം സ്നേഹിതനായ ധനുൎവ്വേദാചാൎയ്യൎക്കു് അദ്ദേഹത്തിന്റെ പുത്രിയായ സരസ്വതിയുടെ വിവാഹത്തിന്നു ഉപയോഗിപ്പാനായി വിട്ടു

Digitized By Kerala Sahitya Akademi

കൊടുത്തു. ഈ രണ്ടു അടിയന്തിരങ്ങളിലും ജനങ്ങൾ ഏതണ്ടായ ആനന്ദത്തെ ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ല. ഉടനെ ജീവിതയാത്ര ആരംഭിച്ച ആ യുവദമ്പതിമാരുടെ ചരിത്രങ്ങളെ നാം അനുഗമിക്കേണ്ടിയുമില്ല. വായനക്കാരിൽ പൂൎണ്ണവിവരം ഇല്ലാത്തവരുടെ അറിവിനായി ഒന്നുമാത്രം പറഞ്ഞേക്കാം. അതായതു് മൈത്രേയൻ ഒരു ക്ഷത്രിയസ്ത്രീയെ വിവാഹം ചെയ്തുകൊണ്ടു് അയാളുടെ ബ്രാഹ്മണ്യത്തിന്നു ലേശം പോലും കുറവു സംഭവിച്ചില്ല. യജ്ഞദത്തന്റെ പുത്രിയെ വിവാഹം ചെയ്തുകൊണ്ടു് ബ്രഹ്മഗുപ്തനും ഉയരുകയൊ താഴുകയൊ ഒന്നും ചെയ്തില്ല. അയാൾ മുമ്പേ ഇരുന്നതുപോലെ ഒരു മാന്യനായ വൈശ്യനും വ്യാപാരിയും ആയിത്തന്നെ ഇരുന്നു. ഈ വിവാഹങ്ങളിൽനിന്നുണ്ടായ സന്താനങ്ങളും ബ്രാഹ്മണരും വൈശ്യരും അല്ലാതെ മററാരും ആയില്ല. ആ കാലത്തു ജാതിവ്യത്യാസങ്ങൾ ഇപ്പോൾ ഉള്ളതുപോലെ അല്ലായിരുന്നു.

ഈ കഥ ആരുടെ പേരിൽ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നുവോ ആ മൈത്രേയിയെപ്പററി രണ്ടുവാക്കു പറഞ്ഞു് ഇവിടെ അവസാനിപ്പിച്ചേക്കാം. മൈത്രേയി യാജ്ഞവല്ക്യരോടും കാത്യായനിയോടും ഒന്നായി മേൽപറഞ്ഞ ഉത്സവങ്ങളിൽ സംബന്ധിച്ചിരുന്നു എന്നു മാത്രമല്ല അവയിൽ ഏററവും ഹൃദയപൂൎവ്വമായ മമതയോടെ വൎത്തിക്കുകയും ചെയ്തിരുന്നു എന്നുള്ളതു പറയേണ്ടതില്ലല്ലൊ. ആ സ്ത്രീരത്നം തന്റെ ഭൎത്താവു വാൎദ്ധക്യത്തിൽ മുമ്പു പ്രസ്താവിച്ചതുപോലെ വാനപ്രസ്ഥം സ്വീകരിക്കുന്നതുവരെ അദ്ദേഹവുമായി തത്വജ്ഞാനവിഷയമായ ചൎച്ചകൾ അനുവൎത്തിച്ചുകൊണ്ടു

Digitized By Kerala Sahitya Akademi

തന്നെ ഇരുന്നു. മഹർഷി തൻെറ മൂത്തപുത്രനു പ്രായമായി വിവാഹം കഴിഞ്ഞ ഉടനെ ഗൃഹഭാരം അയാളിൽ സമർപ്പിച്ച് എല്ലാം വിട്ടൊഴിഞ്ഞു. മൈത്രേയി തൻെറ സപത്നിയുടേയും അവളുടെ കുട്ടികളുടേയും എപ്പോഴുമുള്ള സ്നേഹബഹുമാനങ്ങൾക്കു പാത്രമായിക്കൊണ്ടും, ഭർത്താവിൽനിന്നു താൻ ഗ്രഹിച്ചിട്ടുള്ള ജ്ഞാനത്തെ അവരുടെ പാത്രതയ്ക്കുതക്കവണ്ണം അവക്കു ഗ്രഹിപ്പിച്ചുകൊണ്ടും സുഖമായി കഴിഞ്ഞു. അവൾക്കു കുട്ടികൾ ഉണ്ടായിരുന്നില്ല. മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ ഭർത്താവ് വാനപ്രസ്ഥം സ്വീകരിച്ചപ്പോൾ വിഭജിച്ച സ്വത്തുക്കളിൽ യാതൊരു അംശവും അവൾ സ്വീകരിച്ചുമില്ല. അതുകൊണ്ട് അവൾ ധ്യാനങ്ങളേയും നിഷ്ഠകളേയും മററു ചിന്തകളാൽ വിഘ്നം നേരിടാതെ അനുവർത്തിക്കുന്നതിനു ശക്തയാകയും അങ്ങിനെ അവളുടെ ഇളയമ്മയായ ഗാർഗ്ഗിയോടു—ഒരു നിത്യബ്രഹ്മചാരിണിയോട്—വിവാഹം കഴിഞ്ഞ സ്ത്രീക്ക് പാടുള്ളയത്ര തുല്യയാകയും ചെയ്തു.

ശുഭം.

Digitized By Kerala Sahitya Akademi